

# ക്വിറ്റിന്ത്യാസമര സുവർണ്ണ ജൂബിലി
# സ്മരണിക

# THE PAYYANUR
# SERVICE CO-OP: BANK LTD; No. F. 1401

**Post Box No. 27, PAYYANUR.**

Head Office Phone: 2080

Branches

| | | | | |
|---|---|---|---|---|
| 1. | Head Office Branch, Payyanur. | Phone | : | 3080 |
| 2. | Evening Branch, Payyanur | ,, | : | 3070 |
| 3. | Annur Branch, Annur | ,, | : | 3060 |
| 4. | Kotty Branch, Kotty | ,, | : | 3050 |
| 5. | Perumba Branch, Perumba, Payyanur | ,, | : | — |

A Leading Service Co-operative Bank in Kannur District.

Several years sincere Service in Credit and other activities.

Safe Deposit Lockers are available in our Head Office Branch.

Deposit in our **amulya certificate** for doubling your Deposit in 57 months.

– Chief Executive.

# ക്വിററിന്ത്യാ സമര സുവർണ്ണ ജൂബിലി

# സ്മരണിക

—പ്രസാധനം:—

പ്രസിദ്ധീകരണസമിതി,

ക്വിററിന്ത്യാ സമര സുവർണ്ണജൂബിലി ആഘോഷകമ്മിററി, പയ്യന്നൂർ.

''എനിക്ക് സ്വാതന്ത്ര്യം വേണം. അത് ഉടനെവേണം. അടുത്ത സൂര്യോദയത്തിനുമുമ്പു ലഭിക്കുമെങ്കിൽ അത്രയുംവേഗം - സഹകരണഹസ്തം വളരെയധികം നീട്ടി മൂന്നുവർഷം കാത്തിരുന്ന ശേഷമാണ് നാം സമരകാഹളംമുഴക്കിയത്''.

''പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക''.

— ഗാന്ധിജി,

''ഈ പ്രമേയം ഒരു ഭീഷണിയല്ല. ഇതു ഒരു ക്ഷണം മാത്രമാണ്. നാം എന്താഗ്രഹിക്കുന്നുവെന്ന് ഇതിൽ പറഞ്ഞിരിക്കുന്നു. സഹകരണ ഹസ്തം നീട്ടിയിരിക്കുന്നു. കാര്യം നടന്നില്ലെങ്കിൽ അതിൻെറ ഫലം എന്തായിരിക്കുമെന്നു ഇതിൻെറ പിന്നിൽ വ്യക്തമായ സൂചനയുണ്ട്. ഇതു സ്വതന്ത്രഭാരതത്തിൻെറ ക്ഷണക്കത്താണ്. വേറൊരു നിബന്ധനയിലും നമ്മുടെ സഹകരണം ലഭിക്കയില്ല. അതിനു തയ്യാറായില്ലെങ്കിൽ സമരത്തിൻെറയും സംഘർഷത്തിൻെറയും വാഗ്ദാനമാണ് നമുക്കു നൽകാനുള്ളത്.'' [ക്വിററിന്ത്യാ പ്രമേയം അവതരിപ്പിച്ചുകൊണ്ടു പണ്ഡിററ് ജവഹർലാൽ നെഹ്റു.]

## ക്വിററിന്ത്യാ സമരചരിത്രത്തിലൂടെ

ക്വിററിന്ത്യാപ്രമേയം — പൂർണ്ണരൂപം ○ ആഗസ്റ്റ് വിപ്ലവം – ഒരു നഖചിത്രം. □ നോവിൻ പൂവിൻ കുടന്ന. □ ക്വിററിന്ത്യാസമരവും പയ്യന്നൂരും. ○ സത്യാഗ്രഹവേദിയായ പയ്യന്നൂർ. ○ മൂവർണ്ണക്കൊടിയേന്തിയ കുഞ്ഞിക്കൈകൾ. ○ എന്റെ ജയിൽ ജീവിതം. ○ "കരോ യാ മാരേ" ○ പയ്യന്നൂരിലെ ആദ്യത്തെ രക്തസാക്ഷി. □ ○ വെടിയുണ്ടയുടെ മേലേനിന്നു കൊടിയുയർത്തിയവർ. □ പയ്യന്നൂരിലെ കലാകാരന്മാരായ മൂന്നു പോരാളികൾ. □ ധീരനായ ധാരിയ. □ രാജനീതിക്കും മേഘഗർജ്ജനത്തിനും.... □ ഡോ: കെ. ബി മേനോൻ.

കയ്യൂർ സമര സുവർണ്ണ ജൂബിലി
സ്മരണിക-1992

പ്രസാധനം:
പ്രസിദ്ധീകരണസമിതി
കയ്യൂർ സമര സുവർണ്ണ ജൂബിലി
ആഘോഷകമ്മിറ്റി, പയ്യന്നൂർ.

അച്ചടി:
വർണ്ണമുദ്ര പ്രിന്റേഴ്സ് & പബ്ലിഷേഴ്സ്,
പയ്യന്നൂർ.

കവർചിത്രം: ബോബി.

---

1992 ആഗസ്ത് 9

# സ്മരണികയെപ്പററി.......

ആസേതുഹിമാചലം നാൽപതു കോടി ജനത നടത്തിയ ഒരു മഹാസംഭവമായിരുന്നു അത്. ലോകത്തിലെ മുഴുവൻ മർദ്ദിത വർഗത്തിനും ആവേശവും പ്രചോദനവുമുളവാക്കിയ ചരിത്രസംഭവം!
''ക്വിററിന്ത്യാ''
''പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക''
അടിമത്വത്തിന്നെതിരായി നടന്ന ഒരു ജനകീയ വിപ്ളവത്തെക്കുറിച്ചുള്ള ചരിത്രം ഒരു പുസ്തകത്തിൻെറ ഏതാനും താളുകളിൽ ഒതുങ്ങുന്നതല്ല. അതു പയ്യന്നൂരിൽ സൃഷ്ടിച്ച പ്രതികരണം മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് ഞങ്ങൾ ചെറിയൊരു പ്രസിദ്ധീകരണകർമ്മം നിർവ്വഹിക്കുന്നു. ഈ സമരത്തിൽ പങ്കെടുത്തവരുടേയും അനുഭവസ്ഥരുടെയും വിലപ്പെട്ട ഏതാനും കുറിപ്പുകൾ ഇതിലുണ്ട്.

ഞങ്ങളുടെ പരിമിതികളും പ്രയാസങ്ങളും പലതാണ്. ചുരുങ്ങിയ ദിവസത്തെ പ്രവർത്തനം കൊണ്ടാണ് ഇത് നിർവ്വഹിക്കപ്പെടുന്നത്. ക്വിററിന്ത്യാ സമര സുവർണ്ണ ജൂബിലി ആഘോഷപരിപാടികളുടെ ഭാഗമായി പുതിയതലമുറക്ക് പഴയകാര്യങ്ങൾ പരിചയപ്പെടുത്തണമെന്ന വ്യഗ്രത മുൻനിർത്തി തയ്യാറാക്കിയ ഈ സ്മരണികയിൽ അപൂർണ്ണതകളും അപാകതകളും ഉണ്ടാകാം. ആഗസ്ത് വിപ്ളവത്തിൻെറ ന്യായാന്യായതയെപ്പററി വിവാദങ്ങളും തെററായ പ്രചരണങ്ങളും ഇന്നും നടന്നുവരുന്ന സാഹചര്യത്തിൽ ചെറുതെങ്കിലും വസ്തുനിഷ്ഠമായി ഇങ്ങിനെയൊരു കൃത്യം സാധിച്ചതിൽ കൃതാർത്ഥതയുണ്ട്. ഉദ്ദേശശുദ്ധിയോർത്തു തെററുകൾ പൊറുക്കണമെന്നേ പറയാനുള്ളൂ.

ലേഖനങ്ങളും പരസ്യങ്ങളും നൽകി സഹായിച്ചവർ, ഇതിൻെറ അച്ചടി ഇത്രയും വേഗം നന്നായി നടത്തിത്തന്ന ''വർണ്ണമുദ്ര പ്രവർത്തകർ'' ഇവരോടെല്ലാം നന്ദിയുണ്ട്. സഹായിച്ചവർക്കെല്ലാം നന്ദി!

അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ എല്ലാ സ്വാതന്ത്ര്യ സമര ഭടൻമാരുടെയും ധീരസ്മരണക്കു മുമ്പിൽ ഈ 'സ്മരണിക' സമർപ്പിക്കുന്നു.

ആദരപൂർവ്വം,
പ്രസിദ്ധീകരണസമിതി.

# അച്ച്യുത് പട്വർദ്ധൻ

ആഗസ്ത് വിപ്ളവത്തിന്റെ പ്രമുഖ സാരഥി
ദേശീയപ്രസ്ഥാനത്തിലൂടെ സോഷ്യലിസ്ററാശയങ്ങൾക്കു
രൂപഭാവങ്ങൾ നൽകിയ വീരചരിതൻ! 87-ാം വയസിൽ
-1992 ആഗസ്ത് 5ന്- ആ അഗ്നിപർവ്വതം എരിഞ്ഞടങ്ങി.

അച്ച്യുത് പട്വർദ്ധൻ ഒരു കാലത്ത് യുവാക്കളുടെ
ഹരമായിരുന്നു. സ്വാതന്ത്ര്യമോഹികളുടെ സ്വർണ്ണ ഖനിയാ
യിരുന്നു. പുരോഗമന ചിന്തയുടെ പ്രതീകമായിരുന്നു.
ക്വിററിന്ത്യാസമരത്തിനു ഒളിവിലിരുന്നു നേതൃത്വം
നൽകിയ ആ വിപ്ളവകാരി ബോംബേയിലെ ചില
ഗ്രാമങ്ങളിൽ സമാന്തര ഗവർമ്മെൻറുണ്ടാക്കി ബ്രിട്ടീഷു
ഭരണത്തെ ഞെട്ടിച്ചതു നമ്മുടെ ചരിത്രത്തിലെ
ഉജ്ജ്വല അദ്ധ്യായങ്ങളാണ്.

ബനാറസ് സർവ്വകലാശാലയിൽ ഉന്നതബിരുദം നേടി
അവിടെത്തന്നെ ലക്ചററായിരിക്കെ എല്ലാം വിട്ടെറിഞ്ഞു
സമരാങ്കണത്തിലേക്കുകുതിച്ച ആ ഹൃദയാലു
ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബാ
ക്രമണം മൂലം നടന്ന മനുഷ്യക്കുരുതിയിൽ ഹതാശനായി
രാഷ്ട്രീയ രംഗത്ത് നിന്നുതന്നെ വിരമിച്ചു.
സാമൂഹ്യരംഗത്ത് നിശബ്ദപ്രവർത്തകനായി സേവനം
അനുഷ്ഠിക്കുകയായിരുന്നു. പൊതുരംഗത്ത്
സത്യസന്ധതയും സമർപ്പണബോധവും സമചിത്തതയും
കൈവിടാതെ ഇന്ത്യയുടെ യശോധനൻമാരിലൊരാളായി
ജീവിച്ച അദ്ദേഹം ജയപ്രകാശ് നാരായണൻ,
ആചാര്യ നരേന്ദ്രദേവ് എന്നിവരോടൊപ്പം
ദേശീയ റംഗത്ത് പ്രശസ്തിനേടി.
സമത്വം, സ്വാതന്ത്ര്യം, സമാധാനം എന്നീ മഹനീയ
ലക്ഷ്യങ്ങൾ ഉയർത്തിപ്പിടിച്ച ആ അഗസ്ത്വിപ്ളവ
സേനാനിയുടെ സ്മരണക്കു മുമ്പിൽ
ഞങ്ങൾ ആദരാഞ്ജലികളർപ്പിക്കുന്നു.

1942 ആഗസ്റ്റ് 8ന് അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മററിയുടെ ബോംബേയിൽ ചേർന്ന യോഗം പാസ്സാക്കിയ ചരിത്രപ്രസിദ്ധമായ 'ക്വിററിന്ത്യാ'പ്രമേയത്തിൻെറ പൂർണ്ണരൂപം:

# 'ക്വിററ്ഇന്ത്യാ' പ്രമേയം - പൂർണ്ണരൂപം

പ്രവർത്തക സമിതിയുടെ 1942 ജൂലായ് 14-ാം തിയ്യതി നടന്ന പ്രമേയം മുഖേന എ. ഐ. സി. സി.യുടെ പരിഗണനയ്ക്കായി വെച്ച നിർദ്ദേശങ്ങൾ, അതിനുശേഷമുണ്ടായ യുദ്ധത്തിൻെറ ഗതി, ബ്രിട്ടീഷ്ഗവർമ്മെൻറിൻെറ ഉത്തരവാദപ്പെട്ട വക്താക്കളുടെ പ്രസ്താവനകൾ, അവയെക്കുറിച്ച് ഇന്ത്യയ്ക്കകത്തും പുറത്തും നടന്ന വ്യാഖ്യാനങ്ങൾ, വിമർശനങ്ങൾ എന്നിവ അഖിലേന്ത്യാകോൺഗ്രസ്സ് കമ്മിററി അതിസൂക്ഷ്മമായ പരിഗ്ണനയ്ക്ക വിധേയമാക്കുകയുണ്ടായി. കമ്മിററി ആ പ്രമേയത്തെ അംഗീകരിക്കുകയും പ്രമാണീകരിക്കുകയും ചെയ്യുന്നു. കമ്മിററിയുടെ അഭിപ്രായത്തിൽ അനന്തര സംഭവങ്ങൾ അതിന്ന് കൂടുതൽ ന്യായീകരണം നൽകിയിരിക്കയാണ്, മാത്രമല്ല, ഇന്ത്യയുടെ നന്മക്കും സഖ്യരാഷ്ട്രങ്ങൾ ഉയർത്തിപ്പിടിക്കുന്ന ലക്ഷ്യത്തിൻെറ വിജയത്തിന്നും വേണ്ടി ഇന്ത്യയിലെ ബ്രിട്ടീഷ്വാഴ്ച ഉടൻ അവസാനിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന കാര്യം വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. ഈ ഭരണം നീണ്ടുപോകുന്നത് നാട്ടിന്ന് അപമാനകരവും, ബലക്ഷയം വരുത്തുന്നതുമാണെ്, സ്വരക്ഷയ്ക്കുവേണ്ടി പൊരുതാനും ലോക സ്വാതന്ത്ര്യമെന്ന ലക്ഷ്യത്തിലേക്ക് സംഭാവനചെയ്യാനുള്ള ഇന്ത്യയുടെ കഴിവ് കെടുത്തുന്നതുമാണ് ഇത്.

റഷ്യയിലേയും ചൈനയിലേയും യുദ്ധമുന്നണികളിലെ സ്ഥിതി കൂടുതൽ വഷളായിക്കൊണ്ടിരിക്കുന്നത് ആശങ്കയോടെയാണ് കമ്മിറ്റി വീക്ഷിക്കുന്നത്. റഷ്യയിലേയും ചൈനയിലേയും ജനത തങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിൽ പ്രദർശിപ്പിച്ച ധീരോദാത്തതയെ കമ്മിററി മുക്തകണ്ഠം പ്രശംസിക്കുന്നു. സഖ്യരാഷ്ട്രങ്ങൾ നാളിതുവരെ തുടർന്നുവന്നനയം അടിക്കടി നേരിട്ട ആപൽക്കരങ്ങളായ പരാജയങ്ങളിൽ കലാശിച്ചിരിക്കയാണ്. ഈ വർദ്ധിച്ചുവരുന്ന ആപത്തുകളുടെ വെളിച്ചത്തിൽ, ഈ നയത്തിൻെറ അടിസ്ഥാനം പരിശോധനയ്ക്കു വിധേയമാക്കേണ്ടത്, സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുകയും അക്രമങ്ങൾക്കിരയായവരോട് സഹാനുഭൂതി ഉൾക്കൊള്ളുകയും ചെയ്യുന്ന എല്ലാവരുടേയും കടമയാണ്. പരാജയത്തെ വിജയമാക്കിമാറേറണ്ടത് ഇത്തരം നയങ്ങളും ലക്ഷ്യങ്ങളും സമ്പ്രദായങ്ങളും പിൻതുടർന്നുകൊണ്ടല്ല. അവയിൽ സ്വതഃസിദ്ധമായിത്തന്നെ വൈകല്യങ്ങളുണ്ടെന്നു കഴിഞ്ഞകാലത്തെ അനുഭവം തെളിയിച്ചിട്ടുണ്ട്. ഈ നയങ്ങൾ സ്വാതന്ത്ര്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ളവയല്ല; നേരെ മറിച്ച് കീഴടക്കപ്പെട്ട കോളനി രാജ്യങ്ങളുടെ മേൽ ആധിപത്യം ഉറപ്പിക്കുവാനും സാമ്രാജ്യത്വപാരമ്പര്യം തുടർന്നു പോകുവാനുള്ളവയാണ്. സാമ്രാജ്യം നിലനിർത്തുകയെന്നത് ഭരിക്കുന്നവർക്ക് ശക്തിനല്കുന്നതിന്നു പകരം, ഭാരവും ശാപവുമായിത്തീന്നിരിക്കയാണ്. ആധുനീക സാമ്രാജ്യത്വത്തിൻെറ ഉത്തമോദാഹരണമായ ഇന്ത്യാരാജ്യം ഇപ്പോൾ ഈ പ്രശ്നത്തിൻെറ കേന്ദ്രബിന്ദുവായിരിക്കയാണ്. കാരണം ബ്രിട്ടനേയും സഖ്യരാഷ്ട്രങ്ങളേയും കുറിച്ച് വിധികല്പിക്കുന്നതും ഏഷ്യയിലേയും ആഫ്രിക്കയിലേയും ജനഹൃദയങ്ങളിൽ പ്രതീക്ഷയും ഉത്സാഹവും നിറയുന്നതും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിലൂടെയാണ്.

അങ്ങിനെ ബ്രിട്ടീഷ് ഭരണം ഈ രാജ്യത്ത് അവസാനിപ്പിക്കേണ്ടത് അതിപ്രധാനമായ ഒരടിയന്തിരപ്രശ്നമാണ്. യുദ്ധത്തിൻെറ ഭാവിയും സ്വാതന്ത്ര്യത്തിൻെറയും ജനാധിപത്യത്തിൻെറയും വിജയവും അതിനെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. സ്വതന്ത്രയായ ഇന്ത്യ സ്വാതന്ത്ര്യത്തിനനുകൂലമായും, നാസിസം, ഫാസിസം, സാമ്രാജ്യത്വം എന്നീ ശക്തികളുടെ ആക്രമണത്തിന്നെതിരായും അതിൻെറ മഹത്തായ എല്ലാ കഴിവുകളും പ്രയോഗിച്ചു ഇന്ത്യ വിജയം ഉറപ്പുവവരുത്തുക തന്നെ ചെയ്യും. ഇത് ഭൗതീകമായി യുദ്ധത്തിന്റെ വിജയത്തെ ഉറപ്പിക്കുക മാത്രമല്ല, അടിമകളും മർദ്ദിതരുമായ എല്ലാ

ജനവിഭാഗങ്ങളേയും സഖ്യരാഷ്ട്രങ്ങളുടെ ഭാഗത്തേക്കുകൊണ്ടുവരികയും ചെയ്യും. മാത്രമല്ല ഇന്ത്യയുടെ ഈ സുഹൃദ്‌രാഷ്ട്രങ്ങൾക്കു ലോകത്തിന്റെ ധാർമ്മികവും ആദ്ധ്യാത്മികവുമായ നേതൃത്വം നൽകുകയും ചെയ്യും. അടിമത്തത്തിൽ കഴിയുന്ന ഇന്ത്യ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൻെറ പ്രതീകമായിത്തന്നെ തുടരുകയും ആ സാമ്രാജ്യത്വത്തിൻെറ കറ എല്ലാസഖ്യരാഷ്ട്രങ്ങളെയും കളങ്കമേൽപ്പിക്കുകയും ചെയ്യും.

അതുകൊണ്ട് ഇന്നത്തെ ആപത്തിനെ തരണം ചെയ്യുവാൻ ഇന്ത്യ സ്വതന്ത്രയാവുകയും ബ്രിട്ടീഷ് ആധിപത്യം അവസാനിപ്പിക്കുകയും വേണം. ഭാവിയിൽ നടപ്പാക്കാനുള്ള വാഗ്ദാനങ്ങൾക്കോ ഉറപ്പുകൾക്കോ ഇന്നത്തെ സ്ഥിതി മാററാനോ ആപത്തിനെ നേരിടാനോ സാധ്യമാവില്ല. യുദ്ധത്തിൻെറ സ്വഭാവത്തെ ഉടനടിമാററുവാൻ പര്യാപ്തമാവും വിധം ജനങ്ങളുടെ വീര്യവും ഉത്സാഹവും ഉത്തേജിപ്പിക്കുവാൻ സ്വാതന്ത്ര്യത്തിൻെറ പ്രകാശപ്പൊലിമയ്ക്കു മാത്രമേ ഇപ്പോൾ സാധ്യമാവുകയുള്ളൂ.

അതുകൊണ്ട് ഇന്ത്യയിൽ നിന്ന് ബ്രിട്ടീഷ് അധികാരം പിൻവലിക്കണമെന്ന ആവശ്യത്തെ എ. ഐ. സി. സി. ശക്തിപൂർവ്വം ആവർത്തിക്കുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തെ തുടർന്നു ഒരു താൽക്കാലിക ഗവർമ്മെണ്ട് രൂപീകരിക്കപ്പെടും. സ്വതന്ത്രഭാരതം സഖ്യരാഷ്ട്രങ്ങളുടെ കൂട്ടാളിയായിരിക്കും, സ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള അവരുടെ സംയുക്തമായ പോരാട്ടത്തിൽ അവർക്ക് ഏല്ക്കേണ്ടിവരുന്ന പരീക്ഷണങ്ങളിലും ക്ലേശങ്ങളിലും പങ്കാളിയുമായിരിക്കും. ഇന്ത്യയിലെ പ്രധാനപാർട്ടികളുടേയും ഗ്രൂപ്പുകളുടേയും സഹകരണത്തോടുകൂടി മാത്രമേ താൽക്കാലിക ഗവർമെൻറ് രൂപീകരിക്കാനാവുകയുള്ളൂ. അതു ഇന്ത്യയിലെ എല്ലാ പ്രധാന ജനവിഭാഗങ്ങളുടെയും പ്രാതിനിധ്യം വഹിക്കുന്ന ഒരു സംങ്കലിത ഭരണമായിരിക്കും. അതിൻെറ പ്രധാന കർത്തവ്യം സഖ്യശക്തികളോടൊത്തു ചേർന്ന് ഇന്ത്യയെ രക്ഷിക്കുകയും, സമാഹരിക്കാൻ കഴിയുന്ന എല്ലാ ആയുധശക്തിയും അക്രമരാഹിത്യശക്തിയും ഉപയോഗിച്ചുകൊണ്ട് പുറമെ നിന്നുള്ള അക്രമണത്തെ ചെറുക്കുകയും, അതോടൊപ്പം പാടങ്ങളിലും ഫാക്ടറികളിലും പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമവും പുരോഗതിയും കൈവരുത്തുകയുമായിരിക്കും. എല്ലാ അധികാരവും ആജ്ഞാശക്തിയും മുഖ്യമായും തൊഴിലാളികളുടെതായിരിക്കണം. ഇന്ത്യയിലെ എല്ലാ ജനവിഭാ

ഗങ്ങൾക്കും സ്വീകാര്യമായ ഒരു ഭരണഘടന തയ്യാറാക്കുവാൻ ഒരു ഭരണഘടനാനിർമ്മാണസഭ രൂപീകരിക്കുവാനുള്ള പദ്ധതി താൽക്കാലിക ഗവൺമെൻറ് തയ്യാറാക്കും. ഘടക സംസ്ഥാനങ്ങൾക്ക് വിപുലമായ സ്വയം ഭരണാവകാശം നൽകുന്ന ഫെഡറൽ സ്വഭാവമുള്ളതായിരിക്കണം പുതിയ ഭരണഘടന. ഇതൊക്കെയാണ് കോൺഗ്രസ്സിൻെറ അഭിപ്രായം. ഭരണഘടനായിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടില്ലാത്ത അവശേഷിക്കുന്ന അധികാരങ്ങൾ ഘടക സംസ്ഥാനങ്ങൾക്കായിരിക്കണം. ഇന്ത്യയും സഖ്യരാഷ്ട്രങ്ങളും തമ്മിലുള്ള ഭാവി ബന്ധങ്ങൾ, ഈ എല്ലാസ്വതന്ത്ര്യരാഷ്ട്രങ്ങളും ഒന്നിച്ചുകൂടിയാലോചിച്ചും, അന്യോന്യം പ്രയോജനപ്രദമാവും വിധവും ആയിരിക്കും ആക്രമണത്തെ ചെറുക്കുക എന്ന പൊതുലക്ഷ്യത്തെ മുൻനിർത്തിയുള്ള സഹകരണം ശക്തിപ്പെടും വിധം ക്രമപ്പെടുത്താവുന്നതാണ്. ജനങ്ങളുടെ സംഘടിതമായ ഇച്ഛാശക്തിയുടെയും ബലത്തിൻെറയും പിൻതുണയോടെ ആക്രമണത്തെ ഫലപ്രദമായി ചെറുക്കുവാൻ സ്വാതന്ത്ര്യഇന്ത്യക്കു കഴിവുനൽകും!

ഇന്ത്യയുടെ സ്വാതന്ത്ര്യം വിദേശാധിപത്യത്തിൽ കഴിയുന്ന മറ്റു ഏഷ്യൻ രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിൻെറ പ്രതീകവും മുന്നോടിയുമായിരിക്കണം. ബർമ്മ, മലയ, ഇൻഡോചൈന, ഡച്ച് ഇന്ത്യാദ്വീപുകൾ, ഇറാൻ, ഇറാക്ക് എന്നീരാജ്യങ്ങളും പൂർണ്ണസ്വാതന്ത്ര്യം നേടേണ്ടതാണ്. ഇപ്പോൾ ജപ്പാൻെറ അധീനതയിലാക്കപ്പെട്ട രാജ്യങ്ങൾ ഭാവിയിൽ മറേറതെങ്കിലും കൊളോണിയൽ ശക്തികളുടെ ഭരണത്തിലോ നിയന്ത്രണത്തിലോ ആകാൻ പാടില്ലെന്നത് വ്യക്തമായി ധരിക്കേണ്ടതാണ്.

ഈ ആപൽഘട്ടത്തിൽ എ. ഐ. സി. സി യുടെ മുഖ്യമായ ശ്രദ്ധ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിലും രക്ഷയിലുമാണ് പതിയേണ്ടത്. ലോകത്തിൻെറ ഭാവിസമാധാനവും സുരക്ഷിതത്വവും ക്രമാനുഗതമായ പുരോഗതിയും നേടുന്നതിന്നു സ്വതന്ത്രരാഷ്ട്രങ്ങളുടെ ഒരു ലോകഫെഡറേഷൻ ആവശ്യമാണെന്നും, മറെറാരടിസ്ഥാനത്തിലും ആധുനീക ലോകത്തിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണാനാവുകയില്ലെന്നുമാണ് കമ്മിററിയുടെ അഭിപ്രായം. ഘടക രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യം, അവതമ്മിലുള്ള അനാക്രമണസ്ഥിതി, ചൂഷണരാഹിത്യം, ദേശീയ ന്യൂനപക്ഷങ്ങളുടെ രക്ഷ, എല്ലാപിന്നോക്ക പ്രദേശങ്ങളുടെയും പുരോഗതി, ലോകത്തിലെ എല്ലാവിഭവങ്ങളുടെയും പൊതുനന്മക്കു വേണ്ടിയുള്ള സംഭരണം എന്നിവ ഉറപ്പുവരുത്തേണ്ടത്

അത്തരത്തിലുള്ള ഒരു ലോകഫെഡറേഷന്റെ കടമയായിരിക്കും. ഒരു ലോക ഫെഡറേഷൻ സ്ഥാപിച്ചുകഴിഞ്ഞാൽ എല്ലാരാഷ്ട്രങ്ങളിലും നിരായുധീകരണം സാധ്യമാകും. ദേശീയ കരസേനകളും, വ്യോമസേനകളും, നാവീക സേനകളും ആവശ്യമായി വരികയില്ല. ഒരു ലോകഫെഡറൽ രക്ഷാസൈന്യം ലോകസമാധാനം കൈവരുത്തുകയും ആക്രമണം തടയുകയും ചെയ്യും.

സ്വതന്ത്രഭാരതം അങ്ങിനെയുള്ള ഒരു ലോകഫെഡറേഷനിൽ സസന്തോഷം ചേരുകയും രാഷ്ട്രാന്തരീയ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിൽ മററുരാജ്യങ്ങളുമായി തുല്യതയുടെ അടിസ്ഥാനത്തിൽ സഹകരിക്കുകയും ചെയ്യും.

അത്തരം ഒരു ഫെഡറേഷനിൽ അതിന്റെ അടിസ്ഥാനതത്വങ്ങളിൽ വിശ്വസിക്കുന്ന എല്ലാരാഷ്ട്രങ്ങൾക്കും ചേരാവുന്നതാണ്. എന്നിരിക്കിലും യുദ്ധം നിലവിലുള്ളതിനാൽ തുടക്കത്തിൽ അതിലെ അംഗത്വം സഖ്യരാഷ്ട്രങ്ങൾക്കു മാത്രമായിരിക്കും. ഇപ്പോൾ സ്വീകരിക്കുന്ന അത്തരത്തിലുള്ള ഒരു നടപടിക്ക് യുദ്ധത്തിലും, സഖ്യരാഷ്ട്രങ്ങളിലെ ജനതയുടെ മനോഭാവവത്തിലും, വരാനിരിക്കുന്ന സമാധാനത്തിലും ശക്തമായ അനുകൂല ഫലങ്ങൾ ഉളവാക്കുവാൻ സാധിക്കും.

എങ്കിലും യുദ്ധത്തിന്റെ അതിദാരുണവും നടുക്കമുണ്ടാക്കുന്നതുമായ പാഠങ്ങളും ലോകത്തിന്റെ മുകളിൽ തൂങ്ങിനിൽക്കുന്ന അത്യാപത്തുകളും മനസ്സിലാക്കിയിട്ടുകൂടി ചിലരാജ്യങ്ങളിലെ ഗവമ്മെന്റുകൾ ലോകഫെഡറേഷൻ രൂപീകരിക്കാനുള്ള ആ അനുപേക്ഷണീയമായ നടപടി സ്വീകരിക്കുവാൻ തയ്യാറല്ലെന്ന വസ്തുത കമ്മിററി വ്യസനസമേതം മനസ്സിലാക്കുന്നു. ഇന്നത്തെ ആപത്തിനെ നേരിടുവാനും, ഇന്ത്യയ്ക്കു സ്വരക്ഷയ്ക്കുള്ള കഴിവുനേടുവാനും, റഷ്യയേയും ചൈനയേയും അത്യാവശ്യസന്ദർഭത്തിൽ സഹായിക്കുവാനുംവേണ്ടി ഉദ്ദേശിക്കപ്പെട്ടുകൊണ്ടുള്ള ഇന്ത്യയുടെ സ്വാതന്ത്ര്യം നിരസിക്കപ്പെടുകയാണെന്നാണ് ബ്രിട്ടീഷുഗവർമ്മെണ്ടിന്റെ പ്രതികരണവും വിദേശപത്രങ്ങളുടെ ദുരുദ്ദേശപരങ്ങളായ വിമർശനങ്ങളും വ്യക്തമാക്കുന്നത്. ചൈനയുടെയോ റഷ്യയുടെയോ രാജ്യരക്ഷാശ്രമങ്ങൾക്ക് ഒരു വിധത്തിലും വിഷമമുണ്ടാകരുത് എന്നതിലും, സഖ്യരാഷ്ട്രങ്ങളുടെ പ്രതിരോധശക്തി ഒരു വിധത്തിലും തകരാറിലാവരുതെന്നു

കാര്യത്തിലും കമ്മിററിക്ക് ഉൽകണ്ഠയുണ്ട്. ഈ രാജ്യങ്ങളുടെ സ്വാതന്ത്ര്യം വിലപ്പെട്ടതും സംരക്ഷിക്കേണ്ടതുമാണ്. പക്ഷെ ഇന്ത്യയ്ക്കും ഈ രാജ്യങ്ങൾക്കും നേരിടേണ്ട ആപത്ത് കൂടിക്കൂടിവരികയാണ്. ഈ ഘട്ടത്തിൽ നിഷ്ക്രിയത്വവും വിദേശാധിപത്യത്തോടുള്ള വിധേയത്വവും ഇന്ത്യയെ തരംതാഴ്ത്തുകയും, സ്വയം രക്ഷിക്കുവാനും ആക്രമണത്തെ ചെറുക്കുവാനുമുള്ള കഴിവിനെ നിർവ്വീര്യമാക്കുകയും ചെയ്യും. മാത്രമല്ല, അവ വർദ്ധിച്ചുവരുന്ന ആപത്തിന്ന് പരിഹാരമോ സഖ്യരാഷ്ട്രങ്ങളിലെ ജനങ്ങൾക്കു സേവനമോ ആകുന്നുമില്ല. ഗ്രേററ്ബ്രിട്ടനോടും സഖ്യരാഷ്ട്രങ്ങളോടും വക്കിംഗ് കമ്മിററി നടത്തിയ ആത്മാർത്ഥമായ നിവേദനങ്ങൾക്ക് നാളിതുവരെ അനുകൂലമായ ഒരു പ്രതികരണവും ഉണ്ടായിട്ടില്ല. പല വിദേശരാജ്യങ്ങളിലും നടത്തപ്പെട്ട വിമർശനങ്ങൾ ഇന്ത്യയുടേയും ലോകത്തിൻേറയും ആവശ്യങ്ങളെക്കുറിച്ചുള്ള അജ്ഞതയും, ഇന്ത്യൻ സ്വാതന്ത്ര്യത്തോടുള്ള ശത്രുതയുമാണ് വെളിപ്പെടുത്തിയത്. ഇത് അടക്കിവാഴാനുള്ള മനോഭാവവും വംശപരമായ മേലാള മനസ്ഥിതിയുമാണ് പ്രകടമാക്കുന്നത്. സ്വയം ശക്തിയെക്കുറിച്ചും ലക്ഷ്യത്തിൻെറ ന്യായ്യതയെക്കുറിച്ചും ബോധമുള്ള ആത്മാഭിമാനമുള്ള ഒരു ജനതയ്ക്ക് ഇതുപൊറുപ്പിക്കുവാനാവില്ല.

ഈ അവസാന നിമിഷത്തിൽ ലോകസ്വാതന്ത്ര്യത്തിൻെറ പേരിൽ ബ്രിട്ടനോടും സഖ്യരാഷ്ട്രങ്ങളോടും എ. ഐ. സി. സി. ഒരിക്കൽ കൂടി ഈ അപ്പീൽ ആവർത്തിക്കുകയാണ്. പക്ഷേ അടക്കിവാഴുകയും, സ്വന്തം താല്പര്യത്തിനും മനുഷ്യസമുദായത്തിൻെറ താല്പര്യത്തിനും വേണ്ടി പ്രവർത്തിക്കുന്നതിൽ നിന്നും ഈ രാഷ്ട്രത്തെ തടയുകയും ചെയ്യുന്ന, സാമ്രാജ്യത്വപരവും സ്വേച്ഛാധിപത്യപരവുമായ ഒരു ഭരണകൂടമാണിവിടെയുള്ളത്. ഇച്ഛാശക്തിയെ ഇത്തരം ഭരണകൂടത്തിനെതിരെ ഉറപ്പിച്ചുനിർത്താൻ ശ്രമിക്കുന്ന രാഷ്ട്രത്തെ പിടിച്ചുനിർത്തുന്നതിൽ ന്യായീകരണമില്ലെന്നു കമ്മിററി കരുതുന്നു. അതുകൊണ്ട് കഴിഞ്ഞ 22 വർഷങ്ങളായി സമാധാന പരമായ സമരങ്ങളിലൂടെ രാഷ്ട്രം നേടിയെടുത്ത അഹിംസാത്മകശക്തി പൂർണ്ണമായും ഉപയോഗപ്പെടുത്തിക്കൊണ്ട്, സ്വാതന്ത്ര്യം നേടിയെടുക്കുവാനുള്ള ഇന്ത്യയുടെ സ്വതഃസിദ്ധമായുള്ള അവകാശ പ്രകടമാക്കുന്നതിന്ന് ഏററവും വിപുലമായതോതിൽ അക്രമരഹിതമായ ഒരു ബഹുജനസമരം ആരംഭിക്കുന്നതിന്ന് അനുമതി നൽകുവാൻ കമ്മിററി തീരുമാനിക്കുന്നു.

അത്തരത്തിലുള്ള ഒരു സമരം ഗാന്ധിജിയുടെ നേതൃത്വത്തിലായിരിക്കണമെന്നത് അനിവാര്യമാണ്. നേതൃത്വം ഏറെറടുത്ത് കൈക്കൊള്ളേണ്ടഅനന്തരനടപടികളെക്കുറിച്ച് രാഷ്ട്രത്തിനു വഴികാട്ടുവാൻ കമ്മിററി അദ്ദേഹത്തോടപേക്ഷിക്കുന്നു.

ആപത്തുകളെയും ക്ലേശങ്ങളേയും ധീരതയോടും സഹനശീലത്തോടും കൂടി നേരിടുവാനും, ഗാന്ധിജിയുടെ നേതൃത്വത്തിൻ കീഴിൽ ഒററക്കെട്ടായി അണിനിരക്കുവാനും, അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾ അച്ചടക്കമുള്ള സ്വാതന്ത്ര്യസമരഭടന്മാരെന്ന നിലയിൽ പ്രാവർത്തികമാക്കുവാനും കമ്മിററി ഇന്ത്യൻ ജനതയോട് അഭ്യർത്ഥിക്കുന്നു. ഈ പ്രസ്ഥാനത്തിൻെറ അടിസ്ഥാനം അക്രമരാഹിത്യമാണെന്ന് അവർ ഓർക്കണം. നിർദ്ദേശങ്ങൾ നൽകാനോ, അഥവാ നിർദ്ദേശങ്ങൾ ജനങ്ങളിൽ എത്തിച്ചേരാനോ, കോൺഗ്രസ്സ് കമ്മിററികൾക്ക് പ്രവർത്തിക്കാനോ കഴിയാത്ത സന്ദർഭം ഉണ്ടായേക്കാം. അങ്ങിനെ സംഭവിക്കുകയാണെങ്കിൽ ഈ പ്രസ്ഥാനത്തിലെ പങ്കാളികളായ ഓരോ പുരുഷനും സ്ത്രീയും നൽകപ്പെട്ട സാമാന്യനിർദ്ദേശങ്ങളുടെ നാലതിരുകൾക്കുള്ളിൽ നിന്നുകൊണ്ട് സ്വയം പ്രവർത്തിക്കേണ്ടതാണ്. സ്വാതന്ത്ര്യം ആഗ്രഹിക്കുകയും അതിന്നു വേണ്ടി പരിശ്രമിക്കുകയും ചെയ്യുന്ന ഓരോ വ്യക്തിയും സ്വയം വഴികാട്ടിയായിക്കൊണ്ട് അന്തിമമായി സ്വാതന്ത്ര്യത്തിലേക്കും ഇന്ത്യയുടെ മോചനത്തിലേയ്ക്കും നയിക്കുന്ന ദുർഗ്ഗമവും വിശ്രമസ്ഥാനങ്ങളില്ലാത്തതുമായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കേണ്ടതുണ്ട്.

സ്വതന്ത്രഭാരതത്തിലെ ഭാവിഭരണത്തെക്കുറിച്ച് എ. ഐ. സി. സി. സ്വന്തം അഭിപ്രായം പ്രകടിപ്പിച്ചുവെങ്കിലും, ഒരു ബഹുജനസമരം വഴി കോൺഗ്രസ്സിന്നുവേണ്ടി അധികാരം നേടാൻ കമ്മിറ്റിക്ക് യാതൊരാഗ്രഹവുമില്ലെന്നു എല്ലാവരെയും വ്യക്തമായി ധരിപ്പിക്കുവാൻ അവസാനമായി എ. ഐ. സി. സി. ആഗ്രഹിക്കുന്നു.

[മൗലാനാഅബ്ദുൾകലാംആസാദിൻെറ അദ്ധ്യക്ഷതയിൽ ചേന്ന കോൺഗ്രസ്സ് വർക്കിംഗ് കമ്മിററിയോഗത്തിൽ ജവഹർലാൽ നെഹ്റു പ്രമേയം അവതരിപ്പിച്ചു. സർദാർവല്ലഭായി പട്ടേൽ പിൻതാങ്ങി. പ്രമേയം വിശദീകരിച്ചുകൊണ്ടു ഗാന്ധിജി ഒന്നരമണിക്കൂർ നീണ്ടചരിത്രപ്രസിദ്ധമായ പ്രസംഗം നടത്തി ആഗസ്റ്റ് 9ന്നു വർക്കിങ്ങ് കമ്മിററി യോഗം വീണ്ടും ചേരാനിരിക്കുന്നതാണ്. പക്ഷെ അതിന്നു മുമ്പ് നേതാക്കന്മാരെല്ലാം അറസ്റ്റ് ചെയ്യപ്പെട്ടു.]

---

ക്വിററിന്ത്യാ സമര സുവർണ്ണ ജൂബിലിക്ക് ആശംസകൾ !

## പയ്യന്നൂർ കോളേജ് എംപ്ലോയീസ് കോ-ഓപ്പറേററീവ് ക്രഡിററ് സൊസൈററി ലിമിററഡ്

പ്രസിഡണ്ട്
ശ്രീ. കെ. കരുണാകരൻ

സെക്രട്ടറി
ശ്രീ. കെ. രവീന്ദ്രൻ

---

## ആംപിയർ ടെക്നിക്കൽ ഇൻസ്ററിററ്യൂട്ട്

ഗാന്ധിമൈതാനിക്ക് സമീപം, **പയ്യന്നൂർ.**

(ഗവ: അംഗീകൃതം) ഫോൺ: 2294

തൊഴിൽ സാദ്ധ്യതയുള്ള ഗവ: അംഗീകൃത (K. G. C. E) 2 വർഷ കോഴ്സുകളിലും ITES അംഗീകൃത ഒരു വർഷ കോഴ്സുകളിലും പ്രവേശനം തുടരുന്നു.

കോഴ്സുകൾ: എയർ കണ്ടീഷൻസ്, റേഡിയോ, ടി വി, ഇലക്ട്രീഷൻ വയർമാൻ, ടെലക്സ് ടെലിപ്രിൻറർ ഓപ്പറേഷൻ

---

ക്വിററിന്ത്യാ സമര സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് ശുഭാശംസകൾ!

## തളിപ്പറമ്പ താലൂക്ക് ഓട്ടോറിക്ഷ ഡ്രൈവേർസ് കോ-ഓപ്പറേററീവ് സൊസൈററി ലിമിററഡ്

**നമ്പർ സി. 399**

പി. ഒ. പയ്യന്നൂർ.

എന്ന്, സെക്രട്ടറി

# ആഗസ്ത് വിപ്ലവം

[ഒരു നഖചിത്രം]

— വി. പി. അപ്പുക്കുട്ടൻ.

1939ൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചതിനെത്തുടർന്നു ബ്രിട്ടീഷ് ഗവമ്മെണ്ട് ഏകപക്ഷീയമായ ഇന്ത്യയെ യുദ്ധത്തിൽ സഖ്യകക്ഷികളുടെ പങ്കാളിയായി പ്രഖ്യാപിച്ചു ഇത് അന്നത്തെ കോൺഗ്രസ്സ് നേതൃത്വത്തെ പ്രകോപിപ്പിച്ചു. ഇന്ത്യയിലെ ജനങ്ങളോടാലോചിക്കാതെയും അവരുടെ സമ്മതമില്ലാതെയും ഇന്ത്യയെ യുദ്ധത്തിലേക്ക് വലിച്ചിഴച്ചതിൽ പ്രതിഷേധിച്ച് സംസ്ഥാനങ്ങളിലെ കോൺഗ്രസ്സ് മന്ത്രിസഭകൾ രാജിവെച്ചു ഗവർണ്ണർമാരുടെ ഭരണം വീണ്ടും നിലവിൽ വന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് നിശ്ചിതമായ ഒരു തീർപ്പ് ഉണ്ടായതിനുശേഷം മാത്രം യുദ്ധത്തെക്കുറിച്ച് ചിന്തിച്ചാൽമതിയെന്ന് കോൺഗ്രസ്സ് നിശ്ചയിച്ചു. ബ്രിട്ടന്റെ യുദ്ധലക്ഷ്യങ്ങളും ഇന്ത്യൻ സ്വാതന്ത്ര്യത്തോടുള്ള ബ്രിട്ടന്റെ നിലപാടും വ്യക്തമാക്കാൻ കോൺഗ്രസ്സ് പ്രവർത്തകസമിതി ഗവമ്മെണ്ടിനോടാവശ്യപ്പെട്ടിരുന്നു അതിനുള്ള മറുപടി തികച്ചും നിരാശാജനകമായിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തെസ്സംബന്ധിച്ച് ഒരു വാഗ്ദാനവുംനൽകാനാവില്ലെന്ന് അന്നത്തെ വൈസ്റോയ് ലിൻലിത്ത്ഗോ പ്രഭു വ്യക്തമാക്കി. മാന്യമായ ഒരു ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ സഹകരണം നൽകാൻ കോൺഗ്രസ്സ് തയ്യാറായിരുന്നു. പക്ഷെഒരടിമ രാഷ്ട്രമെന്നനിലയിൽ ബ്രിട്ടനുവേണ്ടി പൊരുതുവാൻ ഇന്ത്യയിലെ ആത്മാഭിമാനമുള്ള ജനങ്ങൾ തയ്യാറായില്ല. സിംഗപ്പൂരിനേയും, മലയയേയും, ബർമ്മയേയും രക്ഷിക്കാൻ കഴിയുമെന്ന് ആർക്കും പ്രതീക്ഷയുണ്ടായിരുന്നില്ല,

1940ൽ തന്നെ അക്രമരഹിതമായ ഒരു ബഹുജന സമരം ആരംഭിക്കണമെന്ന് നേതാക്കൾക്ക് അഭിപ്രായമുണ്ടായിരുന്നു. പക്ഷെ ഫ്രാൻസിന്റെ പതനം സൃഷ്ടിച്ച നടുക്കം മൂലം അതുമാററിവെക്കുകയാണുണ്ടായത്. ഇന്ത്യയും ബ്രിട്ടനുമായുള്ള ബന്ധത്തിൽ സ്വാഗതാർഹമായ ഒരു വ്യതിയാനത്തിനും ഇന്ത്യയിലെ ജനങ്ങൾക്കു യുദ്ധത്തിൽ തുല്യരായ പങ്കാളികൾ എന്ന നിലയിൽ

സഖ്യകക്ഷികളെ സഹായിക്കാനുള്ള ഒരവസരത്തിന്നും, ഇതു വഴിതെളിയിക്കുമെന്നു നേതാക്കൾ കരുതി. പക്ഷേ ബ്രിട്ടീഷ് ഗവമ്മെണ്ട് ഒരു വിട്ടുവീഴ്ചക്കും തയ്യാറായില്ല. രാഷ്ട്രത്തിന്റെ ശ്രദ്ധ ഗാന്ധിജിയിലേയ്ക്കു തിരിഞ്ഞു. അനുയായികളുടെ സമ്മർദ്ദമുണ്ടായിട്ടും ഗാന്ധിജി ബ്രിട്ടന്നു കുറച്ചുകൂടി സാവകാശം നൽകാനാഗ്രഹിച്ചു. അക്രമരഹിത സത്യാഗ്രഹത്തിന്റെ വിജയത്തിന് ജനങ്ങൾക്ക് കൂടുതൽ പരിശീലനം ആവശ്യമാണെന്നു അദ്ദേഹം കരുതി. രാംഗാർ കോൺഗ്രസ്സ് സമ്മേളനത്തിൽ ബഹുജനസമരാവേശം അലയടിച്ചുവെങ്കിലും ഗാന്ധിജിയുടെ നിർദ്ദേശം ഒടുവിൽ ഏകകണ്ഠമായി അംഗീകരിക്കപ്പെടുകയാണുണ്ടായത്. തികഞ്ഞ അച്ചടക്കവും ആത്മസംയമനവും ശീലിച്ച ഒരു ജനതയ്ക്കുമാത്രമേ അക്രമരഹിതമായി അധികാരം പിടിച്ചെടുക്കുവാൻ ആവുകയുള്ളുവെന്ന് അദ്ദേഹം ആവർത്തിച്ചു വ്യക്തമാക്കി. ലോകം മാരകായുധങ്ങളുടെയും മനുഷ്യക്കുരുതിയുടെയും ഭീഷണമായ ഒരു കാലഘട്ടത്തിലൂടെ കടന്നുപോവുകയായിരുന്നതുകൊണ്ട് അദ്ദേഹം കൂടുതൽ ചിന്താമഗ്നനായി. തന്റെ അന്തരാത്മാവിന്റെ ആമന്ത്രണങ്ങളുണ്ടെങ്കിലേ അദ്ദേഹം മഹത്തായ തന്റെ രാഷ്ട്രത്തെ ചരിത്രം മുമ്പ് കണ്ടിട്ടില്ലാത്ത ഒരുഗ്രസമരത്തിലേക്കു നയിക്കാൻ തയ്യാറാവുകയുള്ളു. ജിന്നയുടെ ദ്വിരാഷ്ട്ര സിദ്ധാന്തത്തിന് മുസ്ലിംകൾക്കിടയിൽ പ്രചാരം സിദ്ധിച്ചു വരികയായിരുന്നു. വർഗ്ഗീയ കലാപങ്ങൾക്കുള്ള വിത്ത് പാകിയിരിക്കുന്ന സന്ദർഭത്തിൽ വളരെ സൂക്ഷിച്ചില്ലെങ്കിൽ സ്വാതന്ത്ര്യസമരത്തെ വർഗ്ഗീയ കലാപമാക്കി മാററുവാൻ ഭരണകൂടത്തിന്നു സാധിക്കുമായിരുന്നു. അതുകൊണ്ട് 1940ൽ ഒരു പുതിയ സമരമുറ ഗാന്ധിജി ആവിഷ്കരിച്ചു.

## വ്യക്തിസത്യാഗ്രഹം

അക്രമരാഹിത്യത്തിൽ വിശ്വസിക്കുന്ന, തികഞ്ഞ അച്ചടക്കബോധവും സേവനപാരമ്പര്യവുമുള്ള, സ്വാതന്ത്ര്യപതാക വഹിക്കുന്ന, സ്വാതന്ത്ര്യത്തിന്റെ സഞ്ചരിക്കുന്ന പ്രതീകങ്ങളായ വ്യക്തികളിലൂടെ ഇന്ത്യൻ ജനതയുടെ ധാർമ്മികരോഷത്തെയും പ്രതിഷേധത്തേയും പ്രഖ്യാപനം ചെയ്യുന്ന ഒരു സമരമുറയായിരുന്നു വ്യക്തിസത്യാഗ്രഹം. ബ്രിട്ടീഷ് സർക്കാറിന്റെ തെററായ സമീപനത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുവാനും, അവസാനത്തെ ബഹുജനസമരത്തിന് ജനങ്ങളെ സന്നദ്ധരാക്കാനും അതുകൊണ്ട് ഉദ്ദേശിച്ചിരുന്നു. ആളെ അയച്ചും പണം നൽകിയും യുദ്ധത്തിൽ ബ്രിട്ടീഷ് സർക്കാറിനെ സഹായിക്കരുതെന്നും, അക്രമരാഹിത്യമാർഗ്ഗങ്ങളിലൂടെ നമ്മുടെ ലക്ഷ്യം നേടിയെടുക്കുമെന്നും സത്യാഗ്രഹികൾ ഗ്രാമംതോറും കാൽനടയായിച്ചെന്നു പ്രചരിപ്പിച്ചു ആദ്യത്തെ സത്യാഗ്രഹി ഗാന്ധിജിയുടെ വത്സലശിഷ്യനും ഗാന്ധിയൻ നിർമ്മാണ പ്രവർത്തനങ്ങളുടെ ജീവനാഡിയുമായിരുന്ന ആചാര്യവിനോബാഭാവെ ആയിരുന്നു. അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടതിനെത്തുടർന്നു രണ്ടാമത്തെ സത്യാഗ്രഹിയായി ഗാന്ധിജി രംഗത്തിറക്കിയതു് ജവഹർലാൽനെഹറുവിനെയായിരുന്നു. അദ്ദേഹത്തിന്ന് നാലുകൊല്ലത്തെ ജയിൽശിക്ഷ ലഭിച്ചു കേരളത്തിൽ ശ്രീ. കെ. കേളപ്പനായിരുന്നു ആദ്യത്തെ സത്യാഗ്രഹി. തുടർന്നു ഇന്ത്യയിലാകമാനം ഒരു നവോന്മേഷം പകർന്ന വ്യക്തിസത്യാഗ്രഹത്തിൽ ആ

യിരക്കണക്കിൽ സമരഭടന്മാർ ജയിലിലിടക്കപ്പെട്ടു. 1941 ഡിസമ്പറിൽ വ്യക്തിസത്യാഗ്രഹം നിർത്തിവെച്ചു. ഗാന്ധിജിയുടെ മെല്ലെപ്പോക്കിനേയും വ്യക്തിസത്യാഗ്രഹത്തേയും നിശിതമായി വിമർശിക്കുകയും പിന്തിരിപ്പൻ നടപടി എന്നു പറഞ്ഞു പരിഹസിക്കുകയും ചെയ്ത ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി 1942ൽ ക്വിററ് ഇന്ത്യാ സമരമെന്ന അന്തിമബഹുജനസമരം ആരംഭിച്ചപ്പോൾ അതിനോട്ടും മറെറാരു കാരണം പറഞ്ഞ് ഇതേ നിലപാടുതന്നെ സ്വീകരിച്ചുവെന്നതും ശ്രദ്ധേയമാണ്.

## 'ക്വിററ് ഇന്ത്യാ'

'ക്വിററ് ഇന്ത്യാ' (ഇന്ത്യവിട്ടുപോവുക) എന്ന രണ്ടു വാക്കുകളിൽ സ്വാതന്ത്ര്യം നേടിയെടുക്കുവാനുള്ള ഇന്ത്യൻ ജനതയുടെ ദൃഢനിശ്ചയം പ്രതിഫലിച്ചിരുന്നു. അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മററിയുടെ 'ക്വിററ് ഇന്ത്യാ' പ്രമേയത്തിൻെറ പ്രഖ്യാപനവുമായാണ് 1942 ആഗസ്റ്റ് 9 പുലർന്നത്. ബോംബെയിൽ നടന്ന സമ്മേളനത്തിൽ സംബന്ധിച്ച പ്രമുഖ നേതാക്കളെല്ലാം ആഗസ്റ്റ് 8ാംന് രാത്രി തന്നെ അറസ്റ്റ് ചെയ്യപ്പെട്ടു. തുടർന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നിയമവിരുദ്ധ സംഘടനയായി പ്രഖ്യാപിക്കപ്പെട്ടു. ആഗസ്റ്റ് 9ന് ഗാന്ധിജി പ്രസംഗിക്കേണ്ടിയിരുന്ന ഗ്വാലിയാടാങ്ക് മൈതാനം ജനനിബിഡമായിരുന്നു. പക്ഷെ അറസ്റ്റ് ചെയ്യപ്പെട്ട ഗാന്ധിജിക്കുപകരം അദ്ദേഹത്തിന്റെ സഹധർമ്മിണിയായ കസ്തൂർബാ തൻെറ അനാരോഗ്യത്തെ വകവെക്കാതെ ഡോക്ടർ സുശീലാനയ്യാരുടെ സഹായത്തോടെ പ്രസംഗവേദിയിലെത്തിച്ചേർന്നു. അതിനിടയിൽ ആൾക്കൂട്ടത്തിനിടയിൽനിന്ന് ഓടിവന്ന് ശ്രീമതി അരുണാ അസഫ് അലി പതാക ഉയർത്തുകയും, ഗാന്ധിജിയേയും മററു നേതാക്കളെയും പോലീസ് അറസ്റ്റ്ചെയ്ത് അജ്ഞാതസ്ഥലങ്ങളിലേക്ക് കൊണ്ടുപോയവിവരം ജനങ്ങളെ അറിയിക്കുകയും ചെയ്തു. കസ്തൂർബാ പ്രസംഗിക്കാൻ തുടങ്ങിയപ്പോഴേക്കും പോലീസ് സ്ഥലത്തെത്തി അവരെയും ഡോക്ടർ സുശീലാനയ്യാരേയും അറസ്റ്റ് ചെയ്തു ബോംബെയിലെ ആർതർ റോഡ് ജയിലിൽ കൊണ്ടു ചെന്നടച്ചു. പോലീസ്സ് സംഘം ജനങ്ങളോട് മൈതാനത്തിൽ നിന്നു പിരിഞ്ഞുപോകാൻ ആജ്ഞാപിച്ചു. ജനങ്ങൾ ജാഥയായി കോൺഗ്രസ്സ് ഭവനിലേക്ക് മുന്നേറി നിമിഷങ്ങൾക്കകം തെരുതെരെ കണ്ണീർവാതകഷെല്ലുകൾ ജനങ്ങൾക്കുനേരെ പ്രയോഗിക്കപ്പെട്ടു. തുടർന്നു ലാത്തിച്ചാർജ്ജും നടന്നു. അരുണാ അസഫലി ഉയർത്തിയ പതാക ഏറെത്താമസിയാതെ ഒരു വെള്ളക്കാരൻ പോലീസ്സ് വലിച്ചുതാഴെയിട്ടു ചവുട്ടിത്തേച്ചു. ഗാന്ധിജിയേയും ഏതാനും നേതാക്കന്മാരേയും പൂനയിലെ ആഗാഖാൻ കൊട്ടാരത്തിലാണ് തടവിൽ പാർപ്പിച്ചത്. കസ്തൂർബായുടെ രോഗം മൂർച്ഛിച്ചപ്പോൾ അവരെയും ആഗാഖാൻ കൊട്ടാരത്തിലേക്കുമാററി. അവർ 1944 ഫിബ്രവരി 22ന് അവിടെ വെച്ചുതന്നെ വീരമൃത്യു വരിച്ചു. 30 വർഷം ഗാന്ധിജിയുടെ പ്രൈവററ് സെക്രട്ടറി എന്നനിലയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച മഹാദേവദേശായി, പുത്രതുല്യം തന്നെ സ്നേഹിച്ച മഹാത്മാവിൻെറ സന്നിധിയിൽവെച്ച് 1942 ആഗസ്റ്റിൽ തന്നെ ദിവംഗതനായി. അദ്ദേഹത്തിൻേറത് 'യോഗിയുടെയും ദേശഭക്തൻെറയും' മരണമാണെന്നാണ് ഗാന്ധിജി വിശേഷിപ്പിച്ചത്.

# ജനങ്ങളോടുള്ള യുദ്ധപ്രഖ്യാപനം

യഥാർത്ഥത്തിൽ ബഹുജന സമരം ആരംഭിക്കുന്നതിന്നു മുമ്പുതന്നെ സർക്കാർ ജനങ്ങളോട് യുദ്ധപ്രഖ്യാപനം നടത്തുകയാണ് ചെയ്തത്. പ്രമേയങ്ങളും തീരുമാനങ്ങളും വൈസ്രോയിക്ക് അയച്ചുകൊടുക്കുവാനും, സർക്കാറിന്റെ ഭാഗത്ത് അനുകൂലമായ നിലപാട് ഉണ്ടാകാത്തപക്ഷം ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കുന്നതുവരെയുള്ള അന്തിമസമരം ആരംഭിക്കുവാനുമായിരുന്നു തീരുമാനം. പക്ഷെ ജനതയുടെ ആത്മാഭിമാനത്തിനും സ്വാതന്ത്ര്യവാഞ്ഛയ്ക്കുമെതിരെയുള്ള സർക്കാരിന്റെ ഈ വെല്ലുവിളി തികച്ചും പ്രകോപനപരമായിരുന്നു. നേതാക്കളുടെ അഭാവത്തിൽ ജനങ്ങൾ ആ വെല്ലുവിളി ഏറെറടുക്കുകതന്നെ ചെയ്തു, അവസാനമായി ഗാന്ധിജി ജനങ്ങൾക്കു നൽകിയ സന്ദേശം ''പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക'' എന്നതായിരുന്നു. അതിന്റെ മാസ്മരശക്തി ജനഹൃദയങ്ങളെ പ്രകമ്പനം കൊള്ളിച്ചു. ബഹുജനരോഷം ഇത്രയധികം കരകവിഞ്ഞൊഴുകിയ ഒരു സന്ദർഭം സ്വാതന്ത്ര്യ സമരചരിത്രത്തിൽ വേറെ ഉണ്ടായിട്ടില്ല. സർക്കാരിന്റെ മർദ്ദനമുറകൾ ജനരോഷത്തെ ആളിക്കത്തിച്ചു. ബ്രിട്ടീഷ് സർക്കാരിന്റെ തന്നെ കണക്കുകൾ അനുസരിച്ച് ആഗസ്റ്റ് 9 മുതൽ 538 തവണ ബോംബെയിൽ വെടിവെപ്പ് നടന്നു. 940 പേർ വെടിയേററു മരിച്ചു. 62,000പേർ അറസ്റ്റുചെയ്യപ്പെട്ടു. ലക്ഷക്കണക്കിൽ രൂപ കൂട്ടപിഴയായി ജനങ്ങളിൽനിന്നു വസൂൽ ചെയ്തു. പക്ഷെ യഥാർത്ഥമായ കണക്കുകൾ ഇതിലും കൂടുതലായിരുന്നു. ഗാന്ധിജിയുടെ 'ഹരിജൻ' അടക്കം പലപത്രങ്ങളും ഗവമ്മെണ്ട് കണ്ടുകെട്ടി. ഇന്ത്യയുടെ നാനാ ഭാഗങ്ങളിലും ഇത്തരം സംഭവങ്ങൾ നടക്കുകയുണ്ടായി.

ഭരണം സ്തംഭിപ്പിക്കുക എന്ന ഉദ്ദേശത്തോടെ സമരഭടന്മാർ രാജ്യമൊട്ടുക്കും സർക്കാരാഫീസുകൾ പിക്കററുചെയ്തു. ചിലേടത്തു റിക്കാർഡുകൾ അഗ്നിക്കിരയാക്കി. തീവണ്ടികൾ തടയപ്പെട്ടു തീവണ്ടിയാഫീസുകൾ പ്രവർത്തനരഹിതങ്ങളാക്കി. പലയിടത്തും റെയിലുകൾ, പാലങ്ങൾ ടെലിഗ്രാഫിക് കമ്പികൾ എന്നിവ തകർക്കപ്പെട്ടു. വിദ്യാലയങ്ങൾ സമരകേന്ദ്രങ്ങളായി മാറി. ജാഥകൾ, പൊതുയോഗങ്ങൾ എന്നിവ നിയമം ലംഘിച്ചു കൊണ്ടുനടത്തപ്പെട്ടു. രഹസ്യ സങ്കേതങ്ങളിൽനിന്ന് ലഘുലേഖകൾ പത്രങ്ങൾ എന്നിവ അച്ചടിച്ചു വിതരണം ചെയ്യപ്പെട്ടു. അറസ്ററുകൾ, ലാത്തിച്ചാർജ്ജുകൾ, വെടിവെപ്പുകൾ എന്നിവ നിത്യസംഭവങ്ങളായി. സമരമുറകൾ തികച്ചും അഹിംസാത്മകമായിരുന്നില്ല. ക്രൂരമായ മർദ്ദനമുറകൾ അഴിച്ചുവിട്ടപ്പോൾ അങ്ങിങ്ങ് ചില ആക്രമസംഭവങ്ങൾ ഉണ്ടായി, ജനശക്തിയെ വിളംബരം ചെയ്തുകൊണ്ട് യു. പി യിലെ ബലിയയിലും മഹാരാഷ്ട്രയിലെ സത്താറയിലും നാട്ടുകാരുടെ ഗവമ്മെണ്ട് ഏതാനും നാൾ ഭരണം നടത്തുകയുണ്ടായി.

ഒളിപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ ജയപ്രകാശ് നാരായൺ പിടിക്കപ്പെടുകയും മൃഗീയമായ മർദ്ദനമുറകൾക്കു വിധേയനാക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തെ നഗ്നനാക്കി ഐസിന്മേൽ ഇരുത്തി പീഡിപ്പിച്ച വാർത്ത

ഒളിവിൽ നിന്നു പ്രവർത്തിച്ച സമരസൈനികർക്ക് കൂടുതൽ മനോവീര്യം പകർന്നു. പോലീസിൻെറ പിടിയിൽ പെടാതെ ബോംബെയിൽനിന്നു് ദൽഹിയിൽ എത്തിച്ചേർന്ന അരുണാആസഫ് അലി 'ഇന്ത്യൻ റസിസ്റ്റൻസ് മൂവ്മെൻറ്'' എന്ന പേരിൽ യുവാക്കളുടെ ഒരു സംഘടനയുണ്ടാക്കി തുടന്നു മൂന്നര വർഷത്തോളം ജയപ്രകാശ് നാരായണൻ. അച്യുത് പട്ടവർദ്ധൻ, മോഹൻലാൽ സാക്സേന. സുചേതാ തുടങ്ങിയ സോഷ്യലിസ്റ്റ് നേതാക്കളുമായി ബന്ധപ്പെട്ട് ഒളിവിൽ രഹസ്യ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി.

## സമരം മലബാറിൽ

മലബാറിൽനിന്നു അഖിലേന്ത്യാ കോൺഗ്രസ് സമ്മേളനത്തിൽ പ്രതിനിധികളായി പങ്കെടുത്ത സർവ്വശ്രീ പി. കെ. മൊയ്തീൻ കുട്ടി സാഹബ് (കെ. പി. സി. സി. പ്രസിഡണ്ട്), സി. കെ. ഗോവിന്ദൻ നായർ (സെക്രട്ടറി) കെ. സി. നമ്പ്യാർ (ഖജാൻജി) എന്നിവർ പോലീസിൻെറ ദൃഷ്ടിയിൽ പെടാതെ വ്യത്യസ്ത വഴികളിൽ കേരളത്തിൽ എത്തിച്ചേർന്നു. കേരളത്തിൽ വെച്ചു അറസ്റ്റു ചെയ്യപ്പെടുന്നതിന്നുമുമ്പായി എ. ഐ. സി. സി.യുടെ സന്ദേശം നേതാക്കളുമായും പ്രവർത്തകരുമായും ചർച്ചചെയ്യുന്നതിനും ഭാവിപരിപാടികൾക്കു രൂപം നൽകുന്നതിന്നും അവർക്കു സാധിച്ചു. ഗ്രാമങ്ങളിലും നഗരങ്ങളിലും സമരസമിതികൾ രൂപീകരിക്കുക, സമരത്തിൽ ജനങ്ങളുടെ പരമാവധി സഹകരണം ഉറപ്പുവരുത്തുക, സമരഭടന്മാർക്കു സ്റ്റഡിക്ലാസുകൾ നടത്തുക. നിയമം ലംഘിച്ചുജാഥനയിക്കുക, പൊതുയോഗം ചേർന്ന് ക്വിററിന്ത്യാ പ്രമേയത്തിലെ സംശയം ജനങ്ങൾക്കു വ്യക്തമാക്കികൊടുക്കുക, സർക്കാരാപ്പീസുകൾ പിക്കററുചെയ്യുക, വിദ്യാർത്ഥികളെ സ്കൂൾ ബഹിഷ്ക്കരണത്തിന്നും വക്കീലന്മാരെ കോടതിബഹിഷ്ക്കരണത്തിനും പ്രേരിപ്പിക്കുക, സർക്കാരുദ്യോഗസ്ഥന്മാരെ രാജിവെപ്പിക്കുക, നികുതിനിഷേധത്തിന്ന് ആഹ്വാനം നൽകുക, തുടങ്ങി ബ്രിട്ടീഷ് ഭരണം സ്തംഭിപ്പിക്കാൻ പോകുന്ന എല്ലാ പരിപാടികളും വിജയം വരെ തുടരുക എന്നിങ്ങനെയായിരുന്നു അന്ന് ആസൂത്രണം ചെയ്ത പരിപാടികൾ കേളപ്പൻ തുടങ്ങിയ നേതാക്കളെ അറസ്റ്റ് ചെയ്ത് വെല്ലൂർ ജയിലിൽ പാർപ്പിച്ചു. ജനങ്ങൾ സ്വയം നേതൃത്വം ഏറെറടുത്തു പ്രവർത്തനം തുടർന്നു. സമരം ശക്തിപ്പെടുന്നതനുസരിച്ച് സർക്കാരിന്റെ മർദ്ദനമുറകൾ പൈശാചിക രൂപം കൈക്കൊണ്ടു. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്നും 'ഓരോരാളും അവരവരുടെ നേതാവാകണ'മെന്നും ഗാന്ധിജി ആഹ്വാനം ചെയ്തതിൻെറ വെളിച്ചത്തിൽ പലരും സ്വന്തം മനസ്സാക്ഷിയനുസരിച്ച് ചെറു സംഘങ്ങൾ രൂപീകരിച്ച് ഒളിവിൽ വിദ്ധ്വംസക പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തു. ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ പ്രവർത്തിച്ച സോഷ്യലിസ്റ്റ് വിഭാഗത്തിലെ രഹസ്യലഘുലേഖകൾ ഈ സമരഭടന്മാർക്ക് ആവേശവും ഉത്തേജനവും നൽകി. ബോംബെയിൽ നിന്നുവന്ന ഡോക്ടർ കെ. ബി. മേനോൻ, എൻ. എ. കൃഷ്ണൻ നായർ, വി. പി കുഞ്ഞിരാമൻ കിടാവ് മുതലായവർ കീഴരിയൂർ ബോമ്പ് കേസ്", ഫറോക്ക് പാലവും ഉള്ളിയേരി പാലവും തകർത്ത കേസ് എന്നിവയിലെല്ലാം പ്രതികളായി

ദീർഘകാല ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ട്. പയ്യന്നൂരിലും പരിസരപ്രദേശങ്ങളിലും വി. പി നാരായണപൊതുവാൾ, ടി. സി. വി. കുഞ്ഞിരാമപൊതുവാൾ, ടി. സി. വി. കുഞ്ഞിക്കണ്ണപൊതുവാൾ. എ. കെ. കുഞ്ഞിരാമപൊതുവാൾ എന്നിവരുടെ നേതൃത്വത്തിൽ റെയിൽവെ ടെലിഫോൺ കമ്പികൾ പലതവണ മുറിച്ചുമാററപ്പെട്ട കാര്യവും പ്രസ്താവ്യമാണ്. ബോമ്പ് സ്ഫോടനങ്ങൾ നടന്നിരുന്നുവെങ്കിലും പരിചയക്കുറവുമൂലം അവ ഫലപ്രദമായില്ല.

ഇന്ത്യയിലങ്ങോളമിങ്ങോളം ജനങ്ങളുടെ അതിശക്തമായ ചെറുത്തു നിൽപുണ്ടായി. വിദ്യാർത്ഥികളും സ്ത്രീകളും തങ്ങളുടെ പങ്കുവഹിക്കുന്നതിൽ മുന്നണിയിൽത്തന്നെയായിരുന്നു. അഷ്ടി, ചിമൂർ എന്നിവിടങ്ങളിൽ പട്ടാളം സ്ത്രീകളെ കയ്യേററം ചെയ്ത സംഭവങ്ങളുണ്ടായി. അതിൽ പ്രതിഷേധിച്ച് പ്രൊഫസർ ഭൻസാലി എന്ന ഗാന്ധിശിഷ്യൻ 1942 നവമ്പർ 11 മുതൽ രണ്ടുമാസത്തോളം നീണ്ടുനിന്ന ഉപവാസത്തിലേർപ്പെട്ടു ഈ ഘട്ടത്തിൽ ഭൻസാലിയുമായി ബന്ധപ്പെടുവാൻ സർക്കാർ ഗാന്ധിജിയെ അനുവദിച്ചില്ല.

## ദുഷ്പ്രചരണം

ക്വിററ് ഇന്ത്യാ സമരത്തെ തകർക്കുവാൻ ഗവമ്മെണ്ട് കയ്യിലുള്ള എല്ലാ ആയുധങ്ങളും പ്രയോഗിച്ചു. ഗാന്ധിജിയേയും കോൺഗ്രസ്സിനേയും കരിതേച്ചുകാണിക്കുവാൻ അവാസ്തവ പ്രചരണങ്ങളുടെ ഒരു വേലിയേററം തന്നെയുണ്ടായി. എ. ഐ. സി. സി യുടെ ക്വിററ് ഇന്ത്യാ പ്രമേയം അക്രമ പ്രവർത്തനങ്ങൾക്കുള്ള ആഹ്വാനമായിരുന്നുവെന്നും, ഗാന്ധിജി തൻെറ അഹിംസാ സിദ്ധാന്തം കാററിൽ പറത്തിയെന്നും സർക്കാരിൻെറ വിജ്ഞാപനങ്ങളിലൂടെ പ്രചരിപ്പിക്കാൻ ശ്രമിച്ചു. ഗാന്ധിജിയേയും അദ്ദേഹത്തിൻെറ ഇംഗ്ലീഷുകാരിയായ ശിഷ്യ മീരാബെന്നിനേയും ജാപ്പാൻെറ ഏജൻറുമാരായി ചിത്രീകരിക്കുന്ന ഹാസ്യ ചിത്രങ്ങൾ ചില പത്രങ്ങൾ പ്രസിദ്ധപ്പെടുത്തി 'ക്വിററ് ഇന്ത്യാ' മുദ്രാവാക്യത്തിൻെറ അർത്ഥം സ്വതന്ത്ര ഇന്ത്യയുടെ പൂർണ്ണാധികാരം കോൺഗ്രസിന് കയ്യടക്കി വാഴണം എന്നാണെന്ന് മുസ്ലിം ലീഗും 'ഡോൺ' പത്രവും കുററപ്പെടുത്തി. ലേഖനങ്ങളിലൂടെയും റാലികളിലൂടെയും ഗാന്ധിജിയേയും കോൺഗ്രസിനേയും ഫാസിസ്റ്റ് അനുകൂലികളായി ചിത്രീകരിക്കുനാൻ കമ്യൂണിസ്റ്റുകളും പരമാവധി പരിശ്രമിച്ചു.

സത്യത്തെ കശാപ്പുചെയ്യുന്നത് മനുഷ്യക്കശാപ്പിനേക്കാൾ ക്രൂരമാണെന്ന് ഗാന്ധിജി വൈസ്റോയിക്ക് എഴുതി. തൻെറ നിലപാട് ന്യായീകരിക്കാൻ തനിക്ക് ഒരു കൂടിക്കാഴ്ച അനുവദിക്കണമെന്ന് മറെറാരെഴുത്തിലൂടെ അദ്ദേഹം വൈസ്റോയ് ലിൻലിത്ത്ഗോപ്രഭുവിനോട് ആവശ്യപ്പെട്ടു. പക്ഷെ കൂടിക്കാഴ്ച അനുവദിക്കണമെങ്കിൽ ആഗസ്റ്റ് പ്രമേയത്തെ ഗാന്ധിജി തള്ളിപറയണമെന്ന നിലപാടായിരുന്നു ലിൻലിത്ത്ഗോവിൻെറത്, ഗവമ്മെണ്ടിൻെറ അഭിപ്രായത്തിൽ ആ പ്രമേയം ഗാന്ധിജിയുടെ അക്രമരാഹിത്യസിദ്ധാന്തത്തിന്നു കടക വിരുദ്ധമായിരുന്നു. ഗവമ്മെണ്ടിൻെറ കള്ളപ്രചരണങ്ങളെ നിഷേധിച്ചുകൊണ്ട് ഗാന്ധിജി വീണ്ടും വൈസ്രോയിക്ക് കത്തെഴുതി.

## ഉപവാസം

ക്വിററ് ഇന്ത്യാ പ്രമേയമല്ല, ഗവമ്മെണ്ടിൻെറ നിഷ്ഠൂരവും ധൃതിപിടിച്ചതുമായ നടപടികളാണ് നാട്ടിൽ കലാപം അഴിച്ചുവിടാൻ കാരണമെന്ന് അദ്ദേഹം വ്യക്തമാക്കി. ക്വിററ് ഇന്ത്യാ പ്രമേയത്തിൻെറ ലക്ഷ്യം സഖ്യകക്ഷികളുടെ യുദ്ധസന്നാഹങ്ങളിൽ ഇന്ത്യക്കു സ്വതന്ത്ര പൌരന്മാർ എന്ന നിലയിൽ ഫലപ്രദമായി പങ്കെടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയായിരുന്നു. കോൺഗ്രസ്സ് മുൻകൂട്ടി സമരപരിപാടികൾ ആസൂത്രണം ചെയ്തിരുന്നില്ല. വേണ്ടിവന്നാൽ സിവിൽ നിയമലംഘനം ആരംഭിക്കാൻ അധികാരപ്പെടുത്തിയ ഒരേ ഒരാൾ അക്രമരാഹിത്യം ജീവിതവ്രതമായി സ്വീകരിച്ച മഹാത്മാഗാന്ധിയായിരുന്നു. അദ്ദേഹമാകട്ടെ, അനുയായികൾക്ക് നിർദ്ദേശം നൽകുന്നതിനുമുമ്പു തന്നെ അറസ്റ്റ് ചെയ്യപ്പെട്ടു. ജയിലിലേയ്ക്ക് കൊണ്ടുപോകുമ്പോൾ ഗാന്ധിജി ജനതയ്ക്കു നൽകിയ 'കരേം ഗെ യാ മരേം ഗെ' (പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക) എന്ന സന്ദേശത്തിന്ന് "കൊല്ലുക, അല്ലെങ്കിൽ മരിക്കുക" എന്ന അർത്ഥമാണെന്ന് ഗവർമെണ്ട് വ്യാഖ്യാനിച്ചു. ഇതിൽ കൂടുതൽ തെളിവെന്നും ഗാന്ധിജി അക്രമ പ്രവർത്തനങ്ങൾക്കു പ്രേരണ നൽകി എന്ന വാദത്തെ ന്യായീകരിക്കാൻ ഗവർമ്മെണ്ടിൻെറ പക്കൽ ഉണ്ടായിരുന്നില്ല. ഗാന്ധിജി സമരം പിൻവലിച്ചുവെന്നുവരെ ഗവർമ്മെണ്ടും സിൽബന്തികളും പ്രചരിപ്പിച്ചു. ഗാന്ധിജിയുടെ നിഷേധക്കുറിപ്പ് പുറത്തു വിട്ടതുമില്ല. തന്നെ സാധാരണ ജയിലിലേക്ക് മാററി സർക്കാരിൻെറ ചിലവ് കുറക്കണമെന്ന ഗാന്ധിജിയുടെ ആവശ്യവും അനുവദിക്കപ്പെട്ടില്ല.

1942 ഡിസമ്പർ 31ന് വൈസ്റോയി ലിൻലിത്ത്ഗോ പ്രഭുവിന് അയച്ച എഴുത്തിൽ താൻ ചെയ്തുവെന്ന് പറയപ്പെടുന്ന തെററ് തന്നെ ബോധ്യപ്പെടുത്തിയാൽ താൻ പ്രായശ്ചിത്തം ചെയ്യാൻ തയ്യാറാണെന്നു ഗാന്ധിജി രേഖപ്പെടുത്തി. മാത്രമല്ല ഒരു സത്യാഗ്രഹിക്കു അന്യായത്തിനെതിരെ ശബ്ദിക്കാൻ പററാതാകുമ്പോൾ ഉപവാസം വഴി സ്വയം പീഡനം ഏററുവാങ്ങേണ്ടിവരുമെന്നും സൂചിപ്പിക്കുകയുണ്ടായി. ഉപവാസം അദ്ദേഹത്തിൻെറ ഭാഷയിൽ നീതിക്കുവേണ്ടി അത്യുന്നത ന്യായാലയത്തോടുള്ള ഒരു അപ്പീലാണ്. തന്നെക്കുറിച്ചുള്ള അസത്യപ്രചരണങ്ങളിലും, നാട്ടിലുടനീളം സർക്കാർ അഴിച്ചുവിട്ടമർദ്ദന നടപടികളിലും, തന്നെ കോൺഗ്രസ്സ് വർക്കിങ്ങ് കമ്മിററി അംഗങ്ങളുമായി ബന്ധപ്പെടാൻ അനുവദിക്കാത്തതിലും, നാടിൻെറ പല ഭാഗങ്ങളിലും നിലനിൽക്കുന്ന പട്ടിണിമരണങ്ങളിലും മനംനൊന്ത് ഗാന്ധിജി 1943 ഫെബ്രുവരി 9ന് മുതൽ 21 ദിവസം ജയിലിൽ വെച്ചു തന്നെ ഉപവസിച്ചു. ഇന്ത്യയുടേയും ലോകത്തിൻെറ തന്നെയും മനസ്സാക്ഷിയെ തൊട്ടുണർത്തിയ ഒരു മഹാസംഭവമായിരുന്നു അത്. 1943 ജനുവരിയിൽ തൻെറ നീണ്ട ഉപവാസം അവസാനിപ്പിച്ച് ക്ഷീണിതനായിക്കഴിയുന്ന പ്രൊഫസർ ഭൻസാലി വാർദ്ധയിൽവെച്ച് വീണ്ടും ഉപവാസം ആരംഭിച്ചു. പക്ഷെ ഗാന്ധിജി വിലക്കിയതിനെത്തുടർന്നു നിർത്തിവെക്കുകയാണുണ്ടായത്. ഇന്ത്യയിലുടനീളം കൂട്ട ഉപവാസവും സാമൂഹ്യപ്രാർത്ഥനയും കൊണ്ട് പവിത്രീകരിക്കപ്പെട്ട നാളു

കളായിരുന്നു ആ 21 ദിവസങ്ങൾ. 'ഇരുപത്തൊന്നു ദിനം ഇരുപത്തൊന്നു യുഗം' എന്ന് കവികൾ പാടി.

ഉപവസിക്കുന്ന അത്രയും ദിവസങ്ങളിൽ ഗാന്ധിജിയെ സ്വതന്ത്രനാക്കാം എന്ന ഗവണ്മെണ്ടിന്റെ നിർദ്ദേശത്തെ ഗാന്ധിജി അംഗീകരിച്ചില്ല. ഡോക്ടർമാരെയെല്ലാം അത്ഭുതപ്പെടുത്തിക്കൊണ്ട് 74-ാം വയസ്സിൽ ആ കൃശഗാത്രൻ കഠിനമായ തന്റെ തപസ്സിനെ അതിജീവിച്ചു. 1943ൽ ബംഗാളിലും മറ്റും പടർന്നു പിടിച്ച ക്ഷാമം ലക്ഷക്കണക്കിനു ജനങ്ങളുടെ ജീവൻ അപഹരിച്ചു. ഗ്രാമവീഥികളിലും വയലുകളിലും മൃതദേഹങ്ങൾ കുന്നുകൂടിക്കിടന്നിരുന്ന ബീഭത്സമായ കാഴ്ചകൾ അന്നത്തെ പത്രങ്ങളിലെ പ്രധാനവാർത്തകളായിരുന്നു. ഇന്ത്യയിൽ പട്ടിണിയിലൂടെയായിരുന്നുവെങ്കിൽ, ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ യുദ്ധത്തിലൂടേയും മനുഷ്യക്കുരുതി നടന്നുകൊണ്ടിരുന്നു. ജപ്പാന്റെ 'പേൾഹാർബർ' അക്രമത്തെ തുടർന്നു അമേരിക്കയും യുദ്ധത്തിൽ ഇറങ്ങി. സുബാഷ് ചന്ദ്രബോസിന്റെ 'ഇന്ത്യൻ നേഷനൽ ആർമി' ഇന്ത്യൻ സ്വാതന്ത്ര്യത്തിന്നുവേണ്ടി പൊരുതുവാൻ മലയയിൽനിന്നു് ഇന്ത്യയുടെ കിഴക്കൻ അതിർത്തിവരെ എത്തി അതിനിടക്കു് ജപ്പാനിൽ അമേരിക്കയുടെ ആററംബോമ്പുകളിലൂടെ ലോകത്തിലെ ഏററവും നിഷ്ഠൂരമായ മനുഷ്യക്കുരുതിയും പീഡനവും അരങ്ങേറി.

## നേതാക്കളുടെ മോചനം

1944ൽ യുദ്ധം അവസാനിച്ചു. ഗാന്ധിജിയും കോൺഗ്രസ്സ് പ്രവർത്തക കമ്മിററിയിലെ അംഗങ്ങളായ നേതാക്കളും വിട്ടയക്കപ്പെട്ടു. ഇംഗ്ലണ്ടിൽ യാഥാസ്ഥിതിക കക്ഷിയുടെ ഗവർമ്മെണ്ടിന്നുപകരം ലേബർ പാർട്ടി അധികാരത്തിൽ വന്നു. ക്ലമൻറ് ആററ്ലിയുടെ പുതിയ മന്ത്രിസഭ 1944 ജൂൺ 14ന് ഇന്ത്യയിലെ ഭരണ ക്രമത്തിൽ നിർണ്ണായകമായ മാററങ്ങൾ വരുത്തിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ ഇംഗ്ലണ്ടിൽ പ്രഖ്യാപിച്ചു. അതനുസരിച്ച് വൈസ്റോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ വൈസ്റോയി ഒഴികെ മററെല്ലാവരും ഇന്ത്യക്കാരായിരിക്കും. അതിൽ ഹിന്ദുക്കൾക്കും മുസ്ലീംകൾക്കും തുല്യ പ്രാതിനിധ്യം അനുവദിക്കുന്നു. താൽക്കാലിക ഗവണ്മെണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ചു കൂടിയാലോചനകൾ ആരംഭിച്ചു. മുസ്ലീം അംഗങ്ങൾ മുഴുവൻ ലീഗുകാരാകണമെന്ന ജിന്നാസാഹിബിന്റെ പിടിവാശി കാരണം ഒത്തുതീർപ്പ് സാധ്യമായില്ല.

കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും നിയമ നിർമ്മാണ സഭകളിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടു സംസ്ഥാനങ്ങൾക്ക് സ്വയംഭരണാവകാശം പരിമിതമായെങ്കിലും ഉണ്ടായിരിക്കുമെന്ന അടിസ്ഥാനത്തിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് തെരഞ്ഞെടുപ്പിനു തയ്യാറായി. കോൺഗ്രസ്സിന്റെ മുഖ്യതിരഞ്ഞെടുപ്പ് വിജ്ഞാപനം ക്വിററിന്ത്യാ പ്രമേയം തന്നെയായിരുന്നു. മുസ്ലീംലീഗ് ഇന്ത്യയെ വിഭജിച്ച് പാക്കിസ്ഥാൻ രൂപീകരിക്കണമെന്ന വാദം ശക്തമായി ഉന്നയിച്ചു. തിരഞ്ഞെടുപ്പിൽ അന്ന് ആകെ നിലവിലുണ്ടാ

യിരുന്ന 11 പ്രവിശ്യകളിൽ 8 എണ്ണത്തിൽകോൺഗ്രസ്സിന്നു ഭൂരിപക്ഷം ലഭിക്കുകയും മന്ത്രിസഭകൾ രൂപീകരിച്ച് അധികാരം ഏറെറടുക്കുകയും ചെയ്തു.

1945ൽ ജപ്പാന്റെ കീഴടങ്ങലിന്നു ശേഷം സുഭാഷ്ചന്ദ്രബോസ് വിമാന അപകടത്തിൽ മരണപ്പെട്ടു. ഇന്ത്യയിൽ വിചാരണക്ക് വിധേയരായ ഐ. എൻ. എ നേതാക്കളുടെ കേസ്സ് വാദിക്കുവാൻ കോൺഗ്രസ്സ് തയ്യാറായി. അഭിഭാഷകരായി അണിനിരന്നത് പ്രസിദ്ധ നിയമജ്ഞരായ സപ്രു, ഭൂലാഭായ്ദേശായി, ജവഹർലാൽ നെഹറു, ആസഫ്അലി തുടങ്ങിയവരായിരുന്നു. പ്രതികളിൽ ആരും ശിക്ഷിക്കപ്പെട്ടില്ലെന്നു മാത്രമല്ല, ഐ എൻ. എ. ക്കാർ സ്വാതന്ത്ര്യസമരത്തിലെ വീരസൈനികരായി വാഴ്ത്തപ്പെടുകയും ചെയ്തു.

## നാവിക സമരം

1946 ഫിബ്രവരിയിൽ ഇന്ത്യൻ നാവിക സേനയിലെ 'തലവാർ' കപ്പലിലെ മേലുദ്യോഗസ്ഥന്മാരുടെ ക്രൂരവും പക്ഷപാത പരവുമായ പെരുമാററത്തിലും വിവേചനപരമായ സേവന വ്യവസ്ഥയിലും പ്രതിഷേധിച്ച് 1100 നാവികന്മാർ പണിമുടക്കവും പ്രകടനവും നടത്തി. ബോംബെ നഗരത്തിൽ പ്രതിഷേധ ജാഥ നയിച്ചു. ബ്രിട്ടീഷുകാരുടെ കപ്പലുകൾ ആക്രമിച്ചു കീഴടക്കി ത്രിവർണ്ണ പതാകകൾ പറപ്പിച്ചു. ഫെബ്രവരി 19ന്ന് നടന്ന ഹർത്താലിൽ 20,000 ഭടന്മാർ പങ്കെടുത്തു. സിങ്കപ്പൂർ മുതൽ കറാച്ചി വരെ 20 വലിയ കപ്പലുകളിലും 100 ചെറിയ കപ്പലുകളിലുമായി നിരവധി നാവികന്മാർ വെള്ളപ്പട്ടാളത്തിന്റെ വെടിയേററു മരിച്ചു. ഒടുവിൽ സർദാർ പട്ടേലും നെഹറുവും ഇടപ്പെട്ടാണ് സമരം അവസാനിപ്പിച്ചത്. ഈ സംഭവം ബ്രിട്ടീഷ് ഗവർമ്മെണ്ടിനെ ഞെട്ടിപ്പിക്കുക തന്നെ ചെയ്തു. മററു സൈനിക വിഭാഗങ്ങളിലും ഇതിന്റെ പ്രത്യാഘാത മുണ്ടായേക്കാമെന്ന് അവർ ഭയപ്പെട്ടു.

## ബ്രിട്ടീഷ് മന്ത്രിസഭാ ദൌത്യം

പ്രഗൽഭരായ മൂന്നു ബ്രിട്ടീഷ് ലേബർ പാർട്ടി നേതാക്കൾ അടങ്ങിയ ഒരു 'ക്യാബിനററ് മിഷൻ' ഇന്ത്യൻ നേതാക്കളുമായി കൂടിയാലോചനക്കായ് ഇന്ത്യയിലെത്തി. പൂർണ്ണ സ്വാതന്ത്ര്യത്തിനു മുന്നോടിയായി ഒരിടക്കാല ഗവർമ്മെണ്ട് രൂപീകരിക്കാനുള്ള ഒരു നിർദ്ദേശം ഉന്നയിക്കപ്പെട്ടു. കോൺഗ്രസ്സിനേയും മുസ്ലീം ലീഗിനേയും ഒരൊത്തു തീർപ്പിലെത്തിക്കാൻ ക്യാബിനററ് മിഷൻ അംഗങ്ങൾ വളരെയധികം പരിശ്രമിച്ചു, പക്ഷെ ഇടക്കാല ഗവർമ്മെണ്ടിൽ ചേരാൻ ലീഗ് തയ്യാറായില്ല. ''ഭാവിയിൽ രൂപം കൊള്ളാൻ പോകുന്ന കോൺസ്റ്റിററ്യൂവൻറ് അസംബ്ലി ഇന്ത്യയുടെ പരമാധികാരമുൾക്കൊള്ളുന്ന ഒരു സംഭവമായിരിക്കു''മെന്ന കോൺഗ്രസ്സ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട നെഹറുവിന്റെ പ്രഖ്യാപനം ജിന്നാസാഹബിനെ അരിശം കൊള്ളിച്ചു. ലീഗിന്റെ പ്രത്യക്ഷ സമരം 1946 ൽ കൽക്കത്തയിലെ തെരുവുകളിൽ അരങ്ങേറി. കൊലയും, കൊള്ളിവെപ്പും കൽക്കത്താ നഗരത്തെ

വിറകൊള്ളിച്ചു. ആയിരക്കണക്കിൽ നിരപരാധികളുടെ ജഡങ്ങൾ തെരുവുകളിൽ ചിതറിക്കിടന്നു. ഈ ക്രൂരതകൾക്കെതിരെ അതേ നാണയത്തിൽ പ്രതികരണമുണ്ടായതു ബീഹാറിൽ നിന്നായിരുന്നു. തുടർന്നു വടക്കെ ഇന്ത്യയിലുടനീളം വർഗ്ഗീയ ലഹള താണ്ഡവ നൃത്തം ചെയ്തു. ലക്ഷക്കണക്കിൽ നിരപരാധികളുടെ വിലപ്പെട്ട ജീവൻ അപഹരിക്കുകയും സ്ത്രീകളുടെ ചാരിത്ര്യം നഷ്ടപ്പെടുത്തുകയും ചെയ്ത ആ സംഭവം ഇന്ത്യാ ചരിത്രത്തിലെ ഏററവും കരാളമായ ഒരദ്ധ്യായമാണ്.

കോൺഗ്രസ്സിൻെറയും ലീഗിൻെറയും ഈരണ്ടു പ്രതിനിധികളേയും, സിക്കുകാരുടെ ഒരു പ്രതിനിധിയേയും പ്രധാനമന്ത്രി ക്ലമൻറ് ആററ്ലി ചർച്ചക്കായി ഇംഗ്ലണ്ടിലേയ്ക്കു ക്ഷണിച്ചു. അനുരഞ്ജനം സാധ്യമാകാതെ അവർ തിരിച്ചുവന്നു. തുടർന്ന് മൌണ്ട്ബാററൻപ്രഭു ഇന്ത്യയിൽ വൈസ്റോയിയായി സ്ഥാനമേററു. ഇന്ത്യയ്ക്കു അധികാരം കൈമാറുകയെന്ന ചരിത്ര പ്രസിദ്ധമായ ദൌത്യം നിർവഹിക്കാൻ സർവ്വഥാ യോഗ്യനാണ് താനെന്ന് അദ്ദേഹം പിൽക്കാലത്ത് തെളിയിക്കുകയുണ്ടായി.

## ഇന്ത്യ സ്വാതന്ത്ര്യത്തിലേക്ക്

1947 ഫെബ്രുവരിയിൽ ബ്രിട്ടിഷ് ഗവർമ്മെണ്ട് അധികാര കൈമാററ വിളംബരം പുറപ്പെടുവിച്ചു. 1948 ജൂണിനു മുമ്പായി ബ്രിട്ടൻ ഇന്ത്യ വിട്ടു പോവുകയാണെന്നും, ഒരു കേന്ദ്ര ഗവർമ്മെണ്ടിന്നോ, ചില പ്രാദേശിക ഗവർമ്മെണ്ടുകൾക്കോ അധികാരം കൈമാറുമെന്നും പ്രഖ്യാപിക്കപ്പെട്ടു. ഗാന്ധിജിയൊഴികെയുള്ള നേതാക്കളും മററു കക്ഷികളും ഇതിനെ സ്വാഗതം ചെയ്തു. ഇന്ത്യയുടെ വിഭജനമെന്ന വിപത്തിനെക്കുറിച്ച് അദ്ദേഹം അത്യധികം ആശങ്കാകുലനായിരുന്നു.

ഇതിനിടയിൽ മുസ്ലീം ലീഗിൻെറ അക്രമാസക്തമായ പ്രത്യക്ഷസമരം പഞ്ചാബിലും അരങ്ങേറി. നിരപരാധികളുടെ രക്തം കൊണ്ട് സററ്ലജ് നദി ചുകന്നു ലക്ഷക്കണക്കിൽ ഹിന്ദു-സിക്ക് ന്യൂനപക്ഷങ്ങളിൽപ്പെട്ട സ്ത്രീപുരുഷന്മാരും കുട്ടികളും പ്രാണരക്ഷാർത്ഥം മററു സ്റ്റേററുകളിലേക്കൊഴുകി. നിഷ്ഠൂരമായ കൂട്ടക്കൊലകളുടെയും കുലസ്ത്രീകളുടെ ചാരിത്ര്യത്തിന്മേലുള്ള കയ്യേററങ്ങളുടെയും ഞെട്ടിപ്പിക്കുന്ന കഥകൾ വീണ്ടും ഇതര സംസ്ഥാനങ്ങളിൽ പ്രതികാരവാഞ്ഛയെ ആളിക്കത്തിച്ചു. ഗത്യന്തരമില്ലാതെ കോൺഗ്രസ്സ് നേതൃത്വം ഇന്ത്യാ വിഭജനത്തിന്നു അനുമതി നൽകി. ഒടുവിൽ ഗാന്ധിജിക്കും ഭൂരിപക്ഷാഭിപ്രായത്തിന്നു മുമ്പിൽ വഴങ്ങേണ്ടിവന്നു.

1947 ജൂൺ 12ന് വൈസ്റോയി മൌണ്ട് ബാററൻ എല്ലാനേതാക്കളുടെയും ഒരു സമ്മേളനം വിളിച്ചുകൂട്ടി. ഇന്ത്യാ വിഭജനത്തിൻെറ ജനഹിതപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിശദ വിവരങ്ങൾ യോഗത്തിൽ വെളിപ്പെടുത്തി. തുടർന്നു ബ്രിട്ടീഷ് പാർലിമെൻറിൻെറ ഇരുസഭകളും ഇന്ത്യൻ സ്വാതന്ത്ര്യ ബിൽ പാസാക്കി. പടിഞ്ഞാറൻ പഞ്ചാബ്, സിൻഡ്,

വടക്കപടിഞ്ഞാറൻ അതിർത്തിസംസ്ഥാനം, കിഴക്കൻ ബംഗാൾ എന്നിവചേ ന്ന് ഒരു പുതിയ രാഷ്ട്രം 'പാക്കിസ്ഥാൻ' എന്ന പേരിൽ നിലവിൽവന്നു. അവിടെ ജിന്നാ സാഹബ് ഗവർണ്ണർ ആയി അവരോധിക്കപ്പെട്ടു. ശേഷി ച്ച ഇന്ത്യയിൽ മൌണ്ട് ബാററൻ പ്രഭു തന്നെ ഗവർണ്ണർ ജനറൽ ആയി തുടർന്നു. ഇന്ത്യയും ബ്രിട്ടനോടുള്ള സൌമനസ്യത്തിൻെറ സൂചകമായിരുന്നു അത്. 1947 ആഗസ്റ്റ് 14ന് അർദ്ധരാത്രി 12മണിക്ക് സ്വാതന്ത്ര്യമെന്ന ഇന്ത്യൻ ജനതയുടെ ചിരകാലാഭിലാഷം, വിഭജനമെന്ന മുറിവോടെയാണെങ്കിലും സാധിതപ്രായമായി. ആദ്യത്തെ പ്രധാനമന്ത്രിയായി ജവഹർലാൽ നെഹറു സ്ഥാനമേററു. വിഭജനത്തിൻെറ പേരിൽ നൽകേണ്ടിവന്ന വിലയേയും സഹിക്കേണ്ടിവന്ന തീവ്രവേദനയേയും പററി അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: 'നമ്മൾ വിഭജനത്തിന്നു അംഗീകാരം നൽകിയത് സമാധാനവും സുരക്ഷിതത്വവും വാങ്ങാമെന്നു് കണ്ടതുകൊണ്ടുമാത്രമാണ്'. പക്ഷെ ആ പ്രതീക്ഷ ഇന്നും സഫലീകരിക്കപ്പെട്ടുവോ? സമാധാനവും സുരക്ഷിതത്വവും നാൾക്കനാൾ നമ്മിൽനിന്നു് അകന്നകന്നു് പോവുകയല്ലെ? പാക്കിസ്ഥാൻെറ അതിർത്തിയിലെ ഇന്ത്യൻ പ്രദേശങ്ങളിൽ പാക്കിസ്ഥാൻെറ പിൻതുണയോടെ കൂട്ടക്കൊലകൾ ഒരു നിത്യസംഭവമായി മാറിയിരിക്കുക.യല്ലെ? സ്വാതന്ത്ര്യത്തിനു നൽകേണ്ടവില 'നിരന്തരമായ ജാഗ്രതകത'യാണ് എന്നതത്വത്തെയല്ലെ ഈ ദുരന്തപരമ്പരകൾ നമ്മെ ഓർമ്മിപ്പിക്കുന്നത്? സ്വാതന്ത്ര്യത്തിൻെറ ബലിപീഠത്തിൽ ആത്മാഹുതിചെയ്ത വീരഭടന്മാരുടെ പിൻതലമുറക്കാരെന്ന നിലയിൽ തങ്ങളുടെ ബാദ്ധ്യത നിറവേററാൻ ഇന്നത്തെ തലമുറ തയ്യാറുണ്ടോ?

O


## ദി തളിപ്പറമ്പാ സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം

നമ്പർ എഫ്. 1264, പി. ഒ തളിപ്പറമ്പ്
കണ്ണൂര് ജില്ല. ഫോൺ: 2361

ബ്രാഞ്ചുകൾ:
(1) മന്ന (2) സായാഹ്നശാഖ: തളിപ്പറമ്പ്
നിക്ഷേപങ്ങൾ : അഞ്ച് കോടിയിലധികം രൂപ.

മെമ്പർമാർക്ക് വിവിധയിനം ഹ്രസ്വകാല–മദ്ധ്യകാല–
ദീർഘകാല കാർഷിക/കാർഷികേതര വായ്പകൾ
ഹയർപർച്ചെയ്സ് പദ്ധതിയനുസരിച്ച് വിവിധയിനം
വായ്പകൾ
വിവിധ സലകളിലുള്ള ചിട്ടികൾ

**സെയ്ഫ്ഡിപ്പൊസിററ് ലോക്കർ സൗകര്യം**

നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശനിരക്ക്

"One of the First Grade&'A'Class Banks in Kannur District"

# മജസ്ററി ഡിഗ്രി കോളേജ്

പയ്യന്നൂർ.

എം. എ. മലയാളം [സായാഹ്നം] ക്ലാസ്സുകൾ ഡിഗ്രി റിസൽട്ടിനുശേഷം ആരംഭിക്കുന്നു.

ഒന്നാം വർഷ ബി.എ [മലയാളം, ഹിസ്റ്ററി] ക്ലാസ്സുകൾ ആരംഭിച്ചു.

മററു കോഴ്സുകൾ

II B A (Hist., Mal) III B.A (Eng, Mal., Hist)

P D C (Sept Batch Spoken English

Liberalised scheme

- Principal.

---

P D C & D C (Tution) P D C & D C English (Failed)

COLLEGIATE PAYYANUR

---

ആശംസകളോടെ

മദ്യപാനം ഉപേക്ഷിക്കൂ ! ക്ഷീരപാനം ശീലിക്കൂ !!

ശുദ്ധമായ പശുവിൻ പാലും എരുമപാലും കാലിത്തീററയും മിതമായ നിരക്കിൽ വിതരണം ചെയ്യുവരുന്ന കണ്ണൂർജില്ലയിലെ ഒരു സഹകരണ സ്ഥാപനം

**രാമന്തളി ക്ഷീരവ്യവസായസഹകരണ സംഘം**

# നോവിൻ പൂവിൻ കുടന്ന

–വി. ചന്ദ്രശേഖരൻ വൈദ്യർ

എന്റെ നാടിന്റെ മോചനത്തിനായി
സ്വന്തജീവൻ വെടിഞ്ഞ സഖാക്കളെ
ഇന്ത്യ വിട്ടുപോകാൻ ബ്രിട്ടനോട്
അന്ത്യശാസനം നൽകിയ ധീരൻമാരേ
നിങ്ങളുടെ വീര സ്മരണക്കു മുമ്പിൽ
വേദനയുടെ പൂക്കളർപ്പിക്കുന്നു.
അടിയേററു ചോര വാർന്നുപോകുമ്പോഴും
വെടികൊണ്ടു ജീവൻ വെടിയുമ്പോഴും
നിങ്ങൾ 'വന്ദേമാതരം' പാടി
'ജയ് ഹിന്ദ്' വിളിച്ചു
മാറിൽ സായ്പിന്റെ കനത്ത ബൂട്ടുകളുടെ
ചവിട്ടും ചാട്ടവാറടിയുമേററ്
പുളയുമ്പോഴും
സ്വാതന്ത്ര്യത്തിന്റെ മന്ത്രം നിങ്ങളുരുവിട്ടു
ഞങ്ങൾക്കു രക്തവും മാംസവും
നിറയ്ക്കാൻ
നിങ്ങൾ നിങ്ങളുടെ രക്തവും മാസവും
നൽകി
ഞങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി
നിങ്ങൾ അസ്വാതന്ത്ര്യത്തിന്റെ
കാളകൂടം ഭുജിച്ചു
ഞങ്ങളെ ഊട്ടാൻ നിങ്ങൾ പട്ടിണി കിടന്നു
ഞങ്ങളെ ഉറക്കാൻ നിങ്ങൾ ഉറങ്ങാതിരുന്നു

ഞങ്ങൾക്ക് അധികാരത്തിന്റെ
പട്ടുമെത്തയിൽ കിടക്കാൻ
നിങ്ങൾ കാരാഗൃഹത്തിൻ ഇരുട്ടറയിൽ
നാറുന്ന കൽത്തറയിൽ നഗ്നരായികിടന്നു
ഞങ്ങൾക്കു സ്വർഗം പണിയാൻ
നിങ്ങൾ നരകത്തിലെ യാതനകളെല്ലാം ഏററുവാങ്ങി!
നിങ്ങളുടെ അസ്ഥിത്തറയിൽ ഞങ്ങൾ
ഞങ്ങളുടെ സിംഹാസനം പണിതു.
നിങ്ങളുടെ പ്രാണൻകൊണ്ടു
ഞങ്ങൾ പക തീർത്തു
നിങ്ങളുയർത്തിയ കൊടി—
കൈകൾ വെടിയുണ്ടയേററു അററുപോവുമ്പോഴും
വിടാതെ മുറുകെപ്പിടിച്ച കൊടി
ഞങ്ങൾ സൂക്ഷിച്ചു.
പക്ഷെ അതിന്റെ അർത്ഥങ്ങളും
ആശയങ്ങളും ഞങ്ങൾ അറിയുന്നില്ല
നിങ്ങൾ കെട്ടിപ്പൊക്കിയ ആദർശങ്ങളുടെ
ചില്ലുകൊട്ടാരം ഞങ്ങൾ എറിഞ്ഞുടച്ചു!
നിങ്ങൾഉപേക്ഷിച്ചതു ഞങ്ങൾസൂക്ഷിച്ചു
നിങ്ങൾ ജീവനെക്കാൾ അമൂല്യമായി കാത്തത്
ഞങ്ങൾ ഉപേക്ഷിച്ചു
നിങ്ങൾ അറുത്തെറിഞ്ഞ ചങ്ങല
ഞങ്ങൾ പെറുക്കിയെടുത്തു
കണ്ണികൾ കോർത്തു ചലങ്കകളാക്കി
കാലിലണിഞ്ഞു.
പരസ്പരം വെട്ടാൻ ഉറഞ്ഞുതുള്ളുന്ന
കോമരങ്ങളായി ഞങ്ങൾ വാളേന്തി
നിങ്ങൾ ഉച്ചരിച്ച മുദ്രാവാക്യം
ഞങ്ങൾ മറന്നു മാററിമറിച്ചു.
നിങ്ങൾ കാണിച്ച പാതയിൽ
ഞങ്ങൾ കാരമുള്ളുകൾ നിറച്ചു.
ത്യാഗത്തിന്റെ സ്ഥാനംഭോഗത്തിനുനൽകി
നിങ്ങൾ നാടിനുവേണ്ടി എല്ലാം ത്യജിച്ചു
ഞങ്ങൾ ഞങ്ങൾക്കുവേണ്ടി നാടിനെ ത്യജിക്കുന്നു
ഞങ്ങളെത്തന്നെ തിരിച്ചറിയാത്ത ഞങ്ങൾ-
ഞങ്ങളിലപ്പുറം മററാരുമില്ലെന്നുമാത്രമറിയുന്ന

ഞങ്ങൾ
നിങ്ങളെ അപേക്ഷിച്ചു കൃമി കീടങ്ങളായ
ഭീരുക്കളും ഭാഗ്യാന്വേഷികളുമായ ഞങ്ങൾ!
നിങ്ങൾ നേടിത്തന്ന സ്വാതന്ത്ര്യം
അനുഭവിച്ചനുഭവിച്ചു
ഞങ്ങൾ മൂർഛയിലാണ്ടിരിക്കുന്നു
അധികാരത്തിൻെറ മദിരകുടിച്ചു
ഞങ്ങൾ മണ്ണിൽ കാലുറക്കാത്തവരായി.
ജീവിക്കാൻ മറന്ന നിങ്ങൾ,
ജീവിക്കാനായി പിറന്ന ഞങ്ങൾ !!
മേലനങ്ങാതെ – വേർപ്പൊഴുക്കാതെ
സ്വാതന്ത്ര്യ സുഖം സ്വായത്തമാക്കി.
നിങ്ങളുടെ നിസ്വാർത്ഥത വിററ്
ഞങ്ങൾ സ്വാർത്ഥതയുടെ സ്വർണ്ണം നേടി.
നാട്ടിൻെറ മാനംകാക്കാൻ നിങ്ങൾ
ജീവൻ നൽകി
ഞങ്ങൾ ഞങ്ങളുട്ടെ ജീവനുവേണ്ടി
നാടിൻെറ മാനം നൽകുന്നു
മതഭ്രാന്തൻെറ സ്വാതന്ത്ര്യം
കൈക്കൂലിക്കാരൻെറ സ്വാതന്ത്ര്യം
അഴിമതിയുടെ സ്വാതന്ത്ര്യം
അധികാരക്കൊതിയുടെ സ്വാതന്ത്ര്യം
മദ്യത്തിൻെറയും
മയക്കുമരുന്നിൻെറയും
സാമൂഹ്യദ്രോഹിയുടെയും
സ്വാതന്ത്ര്യം
ചൂഷകൻെറയും
കുത്തകക്കാരൻെറയും സ്വാതന്ത്ര്യം–
ആ സ്വാതന്ത്ര്യത്തിന്നുനേരെ
നിങ്ങൾ ഒരിക്കൽ കൂടി വിപ്ലവ കാഹളം
മുഴക്കുമോ:—
കവിററിന്ത്യ
എന്നു വീണ്ടും വീണ്ടും ?

With best compliments from:

# B K M MEMORIAL HOSPITAL

**PAYYANUR.**

Surgery Departments

- ☐ PLASTIC SURGERY
- ☐ GENERAL SURGERY
- ☐ ORTHOPAEDIC SURGERY
- ☐ PAEDIATRIC SURGERY
- ☐ ENT SURGERY

PORTABLE X-RAY
BABY INCUBATOR
PHOTOTHERAPY

- ☐ TRAUMA CENTRE
- ☐ 300-MA-X-RAY
- ☐ LAB } 24 hours
- ☐ PHARMACY } 24 hours

P. P. ISMAIL
Mananging Partner.

Phone: 2929, 2120, 3475

---

ആശംസകൾ!

## തളിപ്പറമ്പ് ക്ഷീര വ്യവസായ സഹകരണ സംഘം

ക്ലിപ്തം നമ്പർ. സി. 296, തളിപ്പറമ്പ.

വി. നാരായണൻ.
[സിക്രട്ടറി]

എൻ. പ്രസന്നൻ,
പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ
സീനിയർ കോ-ഓപ്പ്റേററീവ് ഇൻസ്പെക്ടർ
(ഡയറി) കണ്ണൂർ.

---

ആശംസകളോടെ!

## കരിവെള്ളൂർ വീവേർസ് കോ-ഓപ്പ്റേററീവ് സൊസൈററി ലിമിറ്ററഡ്

നമ്പർ എഫ്. 1391

പ. ഒ. കരിവെള്ളൂർ

വില്പന ഡിപ്പോകൾ: 1 കരിവെള്ളൂർ 2 തൃക്കരിപ്പൂർ.

# ക്വിറ്റിന്ത്യാസമരവും പയ്യന്നൂരും

- കെ. കെ. പി. കൃഷ്ണപൊതുവാൾ

നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ പയ്യന്നൂരിന്ന് സുപ്രധാനമായ ഒരു സ്ഥാനം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നത് സുവിദിതമാണ്. സൈമൺ കമ്മീഷൻ ബഹിഷ്ക്കരണം തൊട്ട് ക്വിറ്റിന്ത്യാസമരം വരെയുള്ള സ്വാതന്ത്ര്യത്തിന്ന് വേണ്ടി നടത്തിയ എല്ലാപോരാട്ടങ്ങളിലും പയ്യന്നൂർ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ഇന്ത്യയെ അടിമത്തത്തിന്റെ കൂരിരുട്ടിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിലേക്ക് എത്തിച്ച ഐതിഹാസികമായ ക്വിറ്റിന്ത്യാസമരത്തിലും പയ്യന്നൂർ മുൻപന്തിയിൽ തന്നെയായിരുന്നു. ആ സമരത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ അതിൽ പയ്യന്നൂര് വഹിച്ച പങ്കിന്റെ ഒരു ഹ്രസ്വവിവരണം ഇവിടെ കൊടുക്കുന്നത് ഉചിതമായിരിക്കുമല്ലോ. ഇവിടെ നടന്ന എല്ലാസംഭവങ്ങളും സമരത്തിൽ പങ്കെടുത്ത എല്ലാ വ്യക്തികളുടെ പേരും ഈ വിവരണത്തിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ലെന്ന് പ്രസ്താവിച്ചുകൊള്ളട്ടെ.

1942 ആഗസ്റ്റ് 8ന്ന ക്വിറ്റിന്ത്യാപ്രമേയം ബോംബെ കോൺഗ്രസ്സ് സമ്മേളനം പാസാക്കി. പിറ്റേന്ന് തന്നെ ഗാന്ധിജിയടക്കം എല്ലാപ്രമുഖ നേതാക്കന്മാരെയും അറസ്റ്റ് ചെയ്തു. അവരെ എവിടെ പാർപ്പിച്ചുവെന്ന സംഗതി ഗവൺമെണ്ട് വെളിപ്പെടുത്താതെ രഹസ്യമാക്കിവെച്ചു. ഈ വാർത്ത കാട്ടുതീപോലെ പരന്നു. ജനങ്ങൾ രോഷാകുലരായി; അന്തരീക്ഷം പ്രക്ഷുബ്ധമായി. പ്രതിഷേധത്തിന്റെ ഉഗ്രമായ കൊടുങ്കാറ്റ് രാജ്യത്തങ്ങോളമിങ്ങോളം വീശിയടിച്ചു. സ്വാഭാവികമായും ദേശീയ പ്രബുദ്ധമായ പയ്യന്നൂരിനെയും ഇത് പിടിച്ചുകുലുക്കി, പയ്യന്നൂരിലെ ദേശാഭിമാനികൾ വിജൃംഭിത വീര്യരായി എല്ലാം മറന്ന് സമര രംഗത്തിലേക്ക് കുതിച്ചുപാഞ്ഞു. പയ്യന്നൂരിന്റെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം കൂടി എഴുതിച്ചേർത്തു.

ക്വിററിന്ത്യാപ്രമേയം പാസാക്കിയ ബോംബെ എ. ഐ. സി. സി. യിൽ കേരളത്തിന്റെ പ്രതിനിധികളായി പങ്കെടുത്തത് കെ.പി.സി.സി. പ്രസിഡണ്ട് സി.കെ.ഗോവിന്ദൻ നായർ, സെക്രട്ടറി പി. കെ. മൊയ്തീൻകുട്ടി, ഖജാൻജി കെ. സി. നമ്പ്യാർ എന്നിവരായിരുന്നു. സമ്മേളനം കഴിഞ്ഞ് അവർ ആഗസ്റ്റ് 18ന് കേരളത്തിൽ തിരിച്ചെത്തി പോലീസിന്റെ പിടിയിൽ പെടാതിരിക്കാൻ വേഷപ്രച്ഛന്നരായിട്ടായിരുന്നു മടക്കയാത്ര. കെ. സി. നമ്പ്യാർ നേരത്തെ പയ്യന്നൂരിൽ വന്ന് (അതൊരു സന്ധ്യാസമയമായിരുന്നു.) കോൺഗ്രസ്സ് കമ്മിററി ആപ്പീസിൽ വെച്ച് പ്രവർത്തകന്മാരെ കണ്ട് സമ്മേളന വിവരം വിശദീകരിക്കുകയും ക്വിററിന്ത്യാപ്രമേയവും എ. ഐ. സി. സി. സർക്കുലറും അവരെ ഏല്പിക്കുകയും ചെയ്തു. സംഭവം മണത്തറിഞ്ഞ കണ്ണൂർ സർക്കിൾ ഇൻസ്പെക്ടർ പൊട്ടുന്നനെ പാഞ്ഞെത്തി കെ. സി. നമ്പ്യാരെ അറസ്റ്റ് ചെയ്ത് വെല്ലൂരിലേക്ക് കൊണ്ടുപോയി.

അടുത്ത ദിവസം ജനാബ് അബൂബക്കറുടെ അദ്ധ്യക്ഷതയിൽ തെക്കെബസാറിൽ ചേർന്ന പൊതുയോഗത്തിൽ കെ. വി. ശേഖരൻ ഒരു ചെറുപ്രസംഗത്തോടെ എ. ഐ. സി. സി. സർക്കുലർ വായിച്ചു. ഉടനെ അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് 18 മാസത്തെ ജയിൽ ശിക്ഷക്ക് വിധിച്ച് ആലിപുരം ജയിലിലേക്ക് കൊണ്ടുപോയി. അടുത്ത ദിവസം പയ്യന്നൂരിൽ നിന്നും ഉൾനാട്ടുകളിലേക്ക് സമരപ്രചാരണാർത്ഥം പുറപ്പെട്ട ജാഥാംഗങ്ങളെ പോലീസ് സ്റ്റേഷന്റെ മുമ്പിൽവെച്ച് അറസ്റ്റ്ചെയ്തു. എ. കെ. ഗോവിന്ദനായിരുന്നു ജാഥാക്യാപ്ടൻ. പയ്യന്നൂർ കോൺഗ്രസ്സ് സെക്രട്ടറിയായിരുന്ന കെ. പി. കുഞ്ഞിരാമപൊതുവാൾ, ടി. സി. വി. കുഞ്ഞിരാമപൊതുവാൾ കെ. ജി. മാരാർ, കെ. ജി. പൊതുവാൾ, കെ. സി, ചന്തുനമ്പ്യാർ, പി. പി. ലക്ഷ്മണൻ എന്നിവരായിരുന്നു ജാഥാംഗങ്ങൾ. അവരെ മൂന്നുമാസത്തെ തടവ് ശിക്ഷനൽകി ആലിപുരം ജയിലിൽ പാർപ്പിച്ചു. പിന്നീട് അനസ്യൂതമായി നിയമ ലംഘനങ്ങളും പ്രതിഷേധ ജാഥകളും പ്രസംഗങ്ങളും തുടർന്നു അറസ്റ്റുകളും നടന്നു. വൈദ്യർ വി. പി. ശ്രീകണ്ഠപൊതുവാളെ ഒന്നരകൊല്ലത്തെ തടവിന് ശിക്ഷിച്ചു. തടവിൽ നടന്ന മനുഷ്യത്വഹീനമായ ലാത്തിചാർജ്ജിൽ വൈദ്യർക്ക് കഠിനമായ പരുക്ക്പററി. എ. ആർ. പൊതുവാൾ, പി. കെ. ഗോപാലകൃഷ്ണൻ നമ്പ്യാർ, യു. കെ. കുഞ്ഞിരാമപൊതുവാൾ, എ. കെ. കുഞ്ഞിരാമപൊതുവാൾ. എന്നിവർ 9 മാസത്തെ കഠിന

തടവിന് വിധേയരായി. യു. കെ. കുഞ്ഞിരാമപൊതുവാളെ, പോലീസ് ബസാറിൽ നിന്ന് പോലീസ്സ്റ്റേഷൻ വരെ വലിച്ചിഴച്ച് അതിക്രൂരമായി മർദ്ദിച്ചത് ഒരു ദാരുണസംഭവമായിരുന്നു. റജിസ്ട്രാപ്പീസ് പിക്കററ് ചെയ്ത കെ. യു. കുഞ്ഞിരാമപൊതുവാളെ (മൊഴക്കോം) എസ്സ്. ഐ. രാമൻ നായർ നട്ടറോഡിലിട്ട് ബൂട്ടുകൊണ്ടുചവിട്ടി. അതിൻെറ ഫലമായി അദ്ദേഹം മുതിയടഞ്ഞു. ഹൈസ്കൂൾ ഗ്രൗണ്ടിൽ വെച്ച് ബ്രിട്ടീഷ് വിരുദ്ധ പ്രസംഗം ചെയ്തതിന്ന് എം. കുഞ്ഞമ്പുനായർക്ക് [നീലേശ്വരം] ഒരു കൊല്ലത്തെ തടവ് ലഭിച്ചു.

ഏതാനും ആഴ്ചകളായി പയ്യന്നൂരിലെ ഉൾപ്രദേശങ്ങളിൽ പോലീസിൻെറ കണ്ണിൽപെടാതെ സമരസന്ദേശം പ്രചരിപ്പിച്ചുകൊണ്ട് സഞ്ചരിച്ച എ. വി. ശ്രീകണ്ഠപൊതുവാൾ സപ്തമ്പർ 28ാം തീയതി പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി അറസ്റ്റ് കൊടുക്കുകയാണ് ചെയ്തത്. അദ്ദേഹത്തെ 18 മാസത്തെ കഠിന തടവിന് ശിക്ഷിച്ചു. തുടർന്ന് കെ. എം. കുഞ്ഞമ്പു, അലവിൽ രാഘവൻ കെ. കുമാരൻ, കെ. സി. ശേഖരൻ എന്നിവരെ അറസ്റ്റ്ചെയ്തു; മൂന്നുമാസം വീതമാണ് അവർക്ക് ലഭിച്ചശിക്ഷ.

തുടർന്ന് റജിസ്ട്രാഫീസ്, പോലീസ് സ്റ്റേഷൻ തുടങ്ങിയ സർക്കാർ കേന്ദ്രങ്ങൾ പിക്കററ് ചെയ്തതിന്ന് ആനിടിൽ അമ്പുപൊതുവാൾ, കഠിവെളളൂർ കുമാരനാശാൻ, കെ എ ഗോവിന്ദപൊതുവാൾ, ശങ്കരൻ നമ്പ്യാർ, വി പി കുഞ്ഞിരാമപൊതുവാൾ, വി പി ബാലകൃഷ്ണപൊതുവാൾ എന്നിവർ അറസ്റ്റ്ചെയ്യപ്പെട്ടു തൃക്കരിപ്പൂർ റജിസ്ട്രാപ്പീസ് പിക്കററ് ചെയ്തവരിൽ എ കെ കൃഷ്ണൻ, വി പ്രഭാകരൻ, മാധവഷേണായി, കെ കെ കുഞ്ഞിരാമപൊതുവാൾ, കെ യു നാരായണപൊതുവാൾ എന്നിവർ ഉൾപ്പെട്ടും. കപ്പാടക്കൻ ശ്രീധരൻ നമ്പ്യാരെ അറസ്റ്റ് ചെയ്ത് രണ്ടുമാസം പുത്തൂർ ജയിലിൽ പാപ്പിച്ചു.

പയ്യന്നൂരിൽ നടന്ന വിദ്യാർത്ഥി പ്രക്ഷോഭവും അതിനോടനുബന്ധിച്ച് നടന്ന ഹൈസ്കൂൾ പിക്കററിങ്ങും പയ്യന്നൂരിലെ മുഴുവൻ ജനങ്ങളുടെയും ശ്രദ്ധയാകർഷിച്ചു. വളരെ ദിവസങ്ങളോളം സമരം നീണ്ടുനിന്നു. വി പി അപ്പുക്കുട്ടൻ, കെ കെ പി കൃഷ്ണപൊതുവാൾ ഇ കെ ഗോപാലകൃഷ്ണൻ നമ്പ്യാർ, കെ യു കുഞ്ഞികൃഷ്ണൻ, വി പ്രഭാകരൻ എന്നിവരാണ് സമരമുഖത്ത് തിളങ്ങിയവർ.

പയ്യന്നൂരിലെ സമരത്തിൽ തീവണ്ടി തടയൽ സമരം പ്രാധാന്യ മർഹിക്കുന്ന ഒരു സംഭവമായിരുന്നു. മംഗലാപുരത്ത് നിന്ന് മദിരാശിയിലേക്ക് പോവുകയായിരുന്ന മെയിൽ വണ്ടി ഏഴിമലയിൽ വെച്ച് സപ്തമ്പർ 10ന് സി വി കുഞ്ഞമ്പുസ്രാപ്പിൻെറ നേതൃത്വത്തിൽ ചങ്ങല വലിച്ച് നിർത്തി. അത്തായി നാരായണപൊതുവാൾ, എ കെ കൃഷ്ണൻ, കെ കെ പി കൃഷ്ണപൊതുവാൾ, കെ യു നാരായണ പൊതുവാൾ, വി. പി. കുഞ്ഞിരാമപൊതുവാൾ, വി യം കോമപൊതുവാൾ അറക്കളവൻ കുഞ്ഞുണ്ണി എന്നിവർ ഇതിൽ പങ്കെടുത്തു. ഇവരെ 15 ദിവസത്തെ തടവിനും 15 രൂപ പിഴയടക്കാനും ശിക്ഷിച്ചു.

1942 ഒക്ടോബർ രണ്ടാം തീയതി രാത്രി 3 മണിക്ക് എം. എസ്. പി. ക്കാരൻ സെൻട്രി നിൽക്കുന്നതിനടുത്തുള്ള കൊടിമരത്തിൽ കയറി ടി സി വി കുഞ്ഞിക്കണ്ണപൊതുവാൾ യൂണിയൻ ജാക്ക് വലിച്ച് താഴ്ത്തി അവിടെ ത്രിവർണ്ണപതാക ഉയർത്തിയത് പയ്യന്നൂരിലെ ക്വിററിന്ത്യാസമരത്തിലെ അവിസ്മരണീയമായ ഒരു സംഭവമായിരുന്നു. രക്ഷക്കായി ഒപ്പമുണ്ടായിരുന്നത് സി വി കുഞ്ഞമ്പുസ്രാപ്പും എ കെ കുഞ്ഞിരാമപൊതുവാളും ആയിരുന്നു. ഉറക്കത്തിലായിരുന്ന പാറാവുകാരൻ ഉണർന്നിരുന്നെങ്കിൽ കൊടിമരത്തിന്റെ ചുവട്ടിൽ മൂന്നു മൃതശരീരങ്ങൾ കാണുമായിരുന്നു.

നിയമലംഘനം സർക്കാർ ആപ്പീസ് പിക്കററിങ്ങ്, പ്രകടനങ്ങൾ, അറസ്റ്റ്വരിക്കൽ എന്നിവ നടന്നുകൊണ്ടിരിക്കെ ഗതാഗതം സ്തംഭിപ്പിക്കാൻ, വാർത്താവിതരണ ഏർപ്പാടുകൾ നശിപ്പിക്കൽ തുടങ്ങിയ വിദ്ധ്വംസക പ്രവർത്തനങ്ങളും വ്യാപകമായി നടന്നു. കണ്ണോത്ത് കുഞ്ഞിരാമൻ നായര് വി പി നാരായണപൊതുവാൾ, എ കെ കുഞ്ഞിരാമപൊതുവാൾ, ടി സി വി കുഞ്ഞിരാമപൊതുവാൾ, എ കെ കൃഷ്ണൻ എന്നിവരായിരുന്നു നേതൃത്വം കൊടുത്തത്. അത്തായി നാരായണപൊതുവാൾ, കപ്പാടക്കൻ കൃഷ്ണൻ നമ്പ്യാർ, കെ കെ പി ചിണ്ടപൊതുവാൾ, പിലാക്കാൽ കണ്ണൻ തുടങ്ങിയവർ ഇതിൽ സജീവമായ പങ്ക്വഹിച്ചു, ജീവൻപോലും തൃണവൽക്കരിച്ച് കൊണ്ടാണ് ഇവർ കമ്പിക്കാലിൽ കയറി ടെലിഫോൺ കമ്പികൾ മുറിച്ചത്.

സമരകാലത്ത് മൂന്ന് ഉഗ്രൻ ലാത്തിചാർജ്ജ് നടക്കുകയുണ്ടായി. അന്നൂര് വെള്ളാരങ്കര ക്ഷേത്രോത്സവത്തിന്ന് തടിച്ചുകൂടിയ ജനങ്ങളുടെ നേർക്കായിരുന്നു. ആഗാഖാൻ കൊട്ടാരത്തിൽ ഉപവ

സിക്കുകയായിരുന്ന മഹാത്മാഗാന്ധിയുടെ ദീർഘായുസ്സിന്ന് വേണ്ടി പയ്യന്നൂർ സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിനുമുമ്പിൽ ഭജന നടത്തുകയായിരുന്ന ജനക്കൂട്ടത്തിൻെറ നേരെയാണ് രണ്ടാമത്തേത്. മൂന്നാമത്തേത് വി പി ശ്രീകണ്ഠപൊതുവാളുടെ അദ്ധ്യക്ഷതയിൽ ഡോക്ടർ അനന്തൻ [അലവിൽ] പ്രസംഗിച്ചുകൊണ്ടിരിക്കെയായിരുന്നു.

വിദ്യാർത്ഥിസമരത്തിൻെറ രണ്ടാം ഘട്ടത്തിൽ വി ശിവരാമൻ, സി പി ശ്രീധരൻ, കുഞ്ഞിമംഗലം ബാലൻ. പി ഗോപിനാഥൻ, പി വി കുഞ്ഞിക്കണ്ണൻ നായർ, കണ്ണോത്ത് കുഞ്ഞികൃഷ്ണൻ, വെള്ളൂർ പി കൃഷ്ണൻ എന്നിവരായിരുന്നു പ്രധാനികൾ. ഇത് സംബന്ധിച്ച് 13 വിദ്യാർത്ഥികളെ സസ്പെൻറ് ചെയ്യുകയുണ്ടായി.

എ വി ശ്രീകണ്ഠപൊതുവാൾ രചിച്ച ദേശാഭിമാനോത്തേജകങ്ങളായ നിരവധിഗാനങ്ങൾ, രാഷ്ട്രീയപ്രധാനങ്ങളായ നാടകങ്ങൾ കെ പി കുഞ്ഞിരാമപൊതുവാൾ എഴുതിയ ഭാരതരഥം എന്ന നാടകം എന്നീസാഹിത്യ രചനകൾ സ്വാതന്ത്ര്യസമരത്തിന് ആവേശവും ഉണർവ്വും നൽകുകയുണ്ടായി എന്ന് എടുത്തുപറയേണ്ടതുണ്ട്.


നാടിന്ന് വിദേശനാണ്യം !
തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗം !

മെച്ചപ്പെട്ട കൈത്തറി തുണിത്തരങ്ങളുടെ ഉല്പാദനത്തിലൂടെ ഞങ്ങളുടെ കടമ നിർവ്വഹിക്കപ്പെടുന്നു.

**പയ്യന്നൂർ വീവേർസ് കോ-ഓപ്പറേററീവ് (P & S) സൊസൈററി ലിമിററഡ്**

പി. ഒ. പയ്യന്നൂർ.

സ്ഥാപിതം: 1947. ഫോൺ: 2503

വില്പനശാലകൾ:

1. തെക്കെബസാർ, പയ്യന്നൂർ.
2. മാതമംഗലം റോഡ് പിലാത്തറ.

പ്രസിഡണ്ട്: **എ. ടി. ശചീന്ദ്രൻ.**

With best compliments from:

**jazni**

**home appliances show room**

Main Road, Payyanur-670 307.

Phone: 2843

ശാസ്ത്രീയരീതിയിൽ സുപ്രസിദ്ധ പയ്യന്നൂർ പവിത്രമോതിരം നിർമ്മിക്കുന്നതിന്നും നവീനരീതിയിൽ ആഭരണങ്ങൾ പണിയുന്നതിന്നും

**സുഭാഷ് ജ്വല്ലറി വർക്സ്**

പയ്യന്നൂർ

സ്ഥാപകൻ: സി.വി.കുഞ്ഞമ്പു

Phone: 2001, R. 2688

ആശംസകൾ !

**ബാങ്ക് എംപ്ലോയീസ് സഹകരണ സംഘം**

നമ്പർ. സി. 822

പയ്യന്നൂർ-670 307. Phone: 3437

**നാഷണൽ കോളേജ്, പയ്യന്നൂർ.**

(കെ.എസ്.ആർ.ടി.സിക്ക് സമീപം, പെരുമ്പ)

കോഴ്സുകൾ: PDC (I, III, IV) Groups B Sc Maths
B.A (Eco., Hist., Mal.) B. Com

**I. M. S. EDAT,** Near Payyanur College.

I PDC, II PDC Tuition clas es. Long term entrance classes.

Prof: A. K. RAGHAVAN NAMBIAR

ആശംസകൾ!

സ്വർണ്ണാഭരണങ്ങൾ നിങ്ങൾക്ക് ഇഷ്ടമുള്ള ഡിസൈനിൽ
പണിയുന്നതിനും
പ്രസിദ്ധമായ പയ്യന്നൂർ പവിത്രമോതിരം ഉത്തരവാദിത്വ
ത്തോടെ നിർമ്മിച്ചു കൊടുക്കാനും
കൂടാതെ വെള്ളി പാദസരം മററു വെള്ളിആഭരണങ്ങൾക്കും
സമീപിക്കുക

## ശ്രീ മൂകാംബിക ജ്വല്ലറി വർക്ക്സ്

പോസ്റ്റാഫീസിന് സമീപം, എടാട്ട്.

---

## ഭാരത് വിദ്യാഭവൻ, പയ്യന്നൂർ.

കോഴ്സുകൾ:

Pre-Degree - III & IV group, B A-Economics & Hindi
B. Com - Costing/Co-operation.

Short term preparation course for
Medical & Engineering Entrance Examination.

Principal
**Dr. P. K. KUNHIRAMAN** M.A Phd

---

*With Best Compliments From:*

## VINAYAKA ENTERPRISES

PHARMACEUTICAL DISTRIBUTERS
MAIN ROAD - PAYYANUR
670 307.

---

## പൊന്നമ്പാറ സർവ്വീസ് സഹകരണ ബേങ്ക്

### ലിമിററഡ് നമ്പർ: എൽ എൽ. 95

ഫോൺ; 228 പെരിങ്ങോം, പി. ഒ. പെരിങ്ങോം.

— കാർഷികവും കാർഷികേതരവുമായ എല്ലാവിധ വായ്പകളും കൊടുത്തുവരുന്നു.
— ഡെപ്പോസിററുകൾക്ക് 15 ശതമാനം വരെ പലിശ നൽകുന്നു.
— 10000ക. വരെയുള്ള ചിട്ടികൾ നടത്തിവരുന്നു.
— കൺട്രോൾഡ് തുണി വിതരണം ചെയ്യുന്നു.
— കർഷകരിൽ നിന്നും റബ്ബർ സംഭരിക്കുന്നു.

അഡ്മിനിസ്ട്രേറർ: ടി. വി. ബാലകൃഷ്ണൻ

*With best compliments from:*

## പഞ്ചമി ജ്വല്ലേഴ്സ്

പയ്യന്നൂർ.

☎ 2940, Resi: 2437

## മഹാത്മാ പ്രകൃതിചികിത്സാകേന്ദ്രം

കരിമ്പം, പി. ഒ. തളിപ്പറമ്പ്,-670 142.
Phone: 2855

പ്രഫസർ ഉൽപലാക്ഷൻ N.D.MIINT HON ADVISOR
എസ്. കെ. മാധവൻ N. D. പ്രസിഡണ്ട്

ജലദോഷം മുതൽ ക്യാൻസർ വരെ എല്ലാ രോഗങ്ങൾക്കും
പ്രകൃതിചികിത്സചെയ്യുന്ന ഉത്തരകേരളത്തിലെ
ഏകസ്ഥാപനം:—

ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ:

1. പ്രമേഹം, രക്തസമ്മർദ്ദം, ആസ്ത്മ
by ഡോ: എസ്. കെ. മാധവൻ — വില 14 രൂപ
2. ഭക്ഷണവും പാചകവും — വില 16 രൂപ
3. Naturopathy and Ancient sciences
by ഡോ: ഇ. ആർ. നായനാർ — വില 6 രൂപ
4. പ്രകൃതി ചികിത്സ-ലൂയി കൂനി — വില 90 രൂപ

വിലമുൻകൂർ അയച്ചാൽ തപാൽ ചെലവ് സൗജന്യം

Manager
Mahathma Nature Cure Centre, Karimbam.

# സത്യാഗ്രഹ സമര വേദിയായ പയ്യന്നൂർ

- എ. വി. ശ്രീകണ്ഠപ്പൊതുവാൾ.

ഖാദി, ഐത്തോച്ചാടനം, തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്കു പുറമെ സൈമൺ കമ്മീഷൻ ബഹിഷ്കരണം അഖില കേരള കോൺഗ്രസ്സ് സമ്മേളനം, ഉപ്പുനിയമലംഘന സത്യാഗ്രഹം വ്യക്തി സത്യാഗ്രഹം ക്വിറ്റിന്ത്യാ സമരം എന്നിങ്ങിനെ മുഖ്യ ദേശീയ സമര പ്രസ്ഥാനങ്ങളിലെല്ലാം തന്നെ പയ്യന്നൂർ അസൂയാർഹമായ പങ്കുവഹിച്ചിട്ടുണ്ട്. ഇവിടുത്തെ സമര കാര്യങ്ങളിലെല്ലാം മുഖ്യ പങ്കുവഹിച്ച വ്യക്തിയാണ് ശ്രീ. കെ. കേളപ്പൻ. ജവഹർലാൽ നെഹറുവിൻെറ അദ്ധ്യക്ഷതയിൽ 1928 ൽ ചേർന്ന നാലാം കോൺഗ്രസ്സ് സമ്മേളനത്തിൽ പരിപൂർണ്ണ സ്വാതന്ത്ര്യമല്ലാതെ മറെറാന്നു കൊണ്ടും ഇന്ത്യ തൃപ്തിപ്പെടുന്നതല്ലെന്ന പ്രമേയം അവതരിപ്പിച്ചു പാസാക്കിച്ചത് കേളപ്പനാണ്. അദ്ദേഹം നയിച്ച സമരങ്ങളിൽ പ്രധാനമായ ഉപ്പു സത്യാഗ്രഹത്തിൻെറ വേദി പയ്യന്നൂരായിരുന്നു. പ്രസ്തുത സമരത്തേപ്പററിയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

## ഉപ്പുസത്യാഗ്രഹം.

ആയിരത്തിതൊള്ളായിരത്തിമുപ്പത് മാർച്ച് 21ന്നു സബർമതി ആശ്രമം വിട്ട് 241 നാഴിക നടന്ന് 25-ാം ദിവസം ഗാന്ധിജിയും 78 സത്യാഗ്രഹികളും ദാണ്ഡിയിലെത്തി ഉപ്പുനിയമം ലംഘിച്ചു. തുടന്നു കടലോര സംസ്ഥാനങ്ങളിലെല്ലാം ഉപ്പു നിയമലംഘന സമരം നടന്നു. കേരളത്തിൽ ആ സമരത്തിനു സാധ്യത ഇല്ലെന്ന കെ. പി. സി. സി. സിക്രട്ടരിയുടെ പ്രഖ്യാപനം കേട്ട് ആനന്ദതീർത്ഥൻ, സി. കെ. കർത്താ, രാഘവജി തുടങ്ങിയവർ തമിഴ് നാട്ടിൽ വേദാരണ്യത്തിൽ രാജാജിയുടെകൂടെ നിയമലംഘനത്തിൽ പങ്കാളിക

ളായി ജയിൽ വാസം വരിച്ചു. സിക്രട്ടറിയുടെ പ്രഖ്യാപനം കേട്ട കെ. കേളപ്പൻ മൂക്കിൽ വിരൽ വച്ചുകൊണ്ട് പറഞ്ഞു "നാന്നൂറിൽ പരം നാഴിക കടൽ തീരമുള്ള ഈ കേരളത്തിൽ ഉപ്പു നിയമലംഘനം നടക്കില്ലെന്നു പറയുന്നതിൻെറ അർത്ഥം എനിക്കു മനസ്സിലായില്ല. ഇവിടെ ഉപ്പു നിയമലംഘനം നടക്കും. ആരുമില്ലെങ്കിൽ വേണ്ട ഞാൻ നടത്തും അതിൻെറ സ്ഥലവും എനിക്കറിയാം. മലബാറിൻെറ വടക്കേ അററമായ പയ്യന്നൂരിനെ പററി അറിയാത്തവരാരുമുണ്ടാവില്ല" കേളപ്പനെ അനുകൂലിക്കാൻ വലിയൊരു സംഖ്യ വരുന്ന ജനങ്ങൾ തയ്യാറായി. നാനാഭാഗത്തു നിന്നും വളണ്ടിയർമാർ എത്തി കോഴിക്കോട്ട് തളിക്ഷേത്രത്തിനുതൊട്ട 'വേർക്കോട്ട വീട്ടിൽ' കേളപ്പൻ അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി. ജാലിയൻ വാലാബാഗ് ദിനമായ ഏപ്രിൽ 13ന്ന് കാലത്ത് ആ സത്യാഗ്രഹി സംഘം ഉപ്പു നികുതി നിയമലംഘന മഹായാത്രയാരംഭിച്ചു. 9-ാം ദിവസം ആ യാത്ര പയ്യന്നൂരിൻെറ കിഴക്കേ അതിർത്തിയായ പെരുമ്പക്കടവിൻെറ കിഴക്കേ കരയിലെത്തി.

മുൻകൂട്ടി തയ്യാറാക്കിയിരുന്ന ചങ്ങാടത്തിലും തോണിയിലുമായി കേളപ്പനും സംഘവും പെരുമ്പയിൽ പയ്യന്നൂരിൻെറ മണ്ണിൽ കരക്കിറങ്ങി. ദീപധൂപാദികളും മററു മംഗള ദ്രവ്യങ്ങളും വാദ്യഘോഷവുമായാണ് സത്യാഗ്രഹി സംഘത്തെ പയ്യന്നൂർ സ്വീകരിച്ചത്. ജയജയാരവങ്ങൾക്കിടയിൽ യാത്ര മുന്നോട്ട് നീങ്ങി അസ്തമയത്തിനടുത്ത് തീവണ്ടിയാപ്പീസിന്നു പടിഞ്ഞാററ് സാമുവൽ ആറോൺെറ ബംഗ്ലാവിൽ അവരെത്തിച്ചേർന്നു. അവിടെയായിരുന്നു ക്യാമ്പ്.

പിറേറന്ന് കാലത്ത് തോളത്ത് സഞ്ചിയും തലയിൽ ഗാന്ധി തൊപ്പിയുമായി 16 വളണ്ടിയർമാർ കേളപ്പൻെറ നേതൃത്വത്തിൽ തയ്യാറായി. കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടിൻെറ സ്വസ്തി മന്ത്രത്തോടുകൂടിയുള്ള അനുഗ്രഹ പ്രസംഗത്തിനു ശേഷം സത്യാഗ്രഹി സംഘം വടക്കോട്ട് ഉളുവറക്കാവിന്നടുത്ത കേളോത്തിനു വടക്കു പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ഉപ്പു പടന്നയിലെത്തി. സ്ഥലം ഉടമയായ താഴക്കാട്ട് മനയിലെ കാരണവരിൽ നിന്ന് തിരുമുമ്പ് സഹോദരൻമാർ മുൻകൂട്ടി പ്രവേശനാനുമതി നേടിയിരുന്നു. ജയഘോഷങ്ങൾക്കിടയിൽ കേളപ്പനും സത്യാഗ്രഹികളും വിളഞ്ഞു കിടക്കുന്ന ഉപ്പുമണ്ണ് വരണ്ടി വാരി സഞ്ചിയിലാക്കി മടങ്ങി.

അവർ ക്യാമ്പിലെത്തി ,ഉപ്പു മണ്ണു കലക്കിത്തെളിയിച്ച് കുറുക്കി ഉപ്പുണ്ടാക്കി. ഒരോ നുള്ളുപ്പായെടുത്തു പൊതികളാക്കി വൈകുന്നേരത്തെ പൊതുയോഗത്തിൽ കേളപ്പൻ ഓരോ പൊതിയും ഉയർത്തിപ്പിടിച്ച് ലേലം വിളിച്ചു വിററു. 25 ക. വരെ വിളിച്ച് ആ പൊതി ലേലം കൊള്ളാൻ ആളുണ്ടായിരുന്നു. ലേലം തടയാൻ പോലീസ് നടത്തിയ ശ്രമം വിജയിച്ചില്ല. വളണ്ടിയർമാരും ജനങ്ങളും വളഞ്ഞുനിന്ന് തടഞ്ഞു. സത്യാഗ്രഹികൾ ഉപ്പു പൊതി ടൌണിലും മററുമായെത്തി നടന്നു വിററു. പയ്യന്നൂർ മജിസ്ട്രേട്ടു കോടതിക്കു പടിഞ്ഞാറുള്ള തറയിൽ യോഗം ചേർന്ന് ഉപ്പു നിയമത്തിന്റെ പ്രാധാന്യം വിശദീകരിച്ചു. ഈ പ്രക്രിയ തുടരെ നടക്കുകയായിരുന്നതിനിടയിൽ പോലീസുകാർ ഉപ്പു പടന്ന ഉഴുതിടീച്ചതിനാൽ ഉപ്പുണ്ടാക്കൽ തടസ്സപ്പെട്ടു. വിഷ്ണുഭാരതീയന്റെ നിർദ്ദേശ പ്രകാരം അടുത്ത ദിവസം മുതൽ ഉപ്പുണ്ടാക്കൽ കുഞ്ഞിമംഗലത്താക്കി. അവിടെ കൈപ്പാട്ടിനു തൊട്ട് ഉപ്പു വിളയുന്ന സ്ഥലമുണ്ടായിരുന്നു. രണ്ടു മൂന്നു ദിവസം അങ്ങിനെ പോയപ്പോൾ ആരോ വന്നു പറഞ്ഞതനുസരിച്ച് ഉപ്പു നിയമ ലംഘന സംഘം രാമന്തളി കടപ്പുറത്തേക്കു പോയി വെള്ളം കടലിൽ നിന്നു കോരിയെടുത്ത് കുറുക്കുമ്പോൾ പോലീസുപട പാഞ്ഞെത്തി. ലാത്തി കൊണ്ട് അടുപ്പത്തുള്ള ഉപ്പു വെള്ളക്കലങ്ങൾ തല്ലിത്തകർത്തു. ആളുകൾ അപ്പോഴേക്കും പകരം ചട്ടികൾ സത്യാഗ്രഹികൾക്കെത്തിച്ചു കൊടുത്തു കൊണ്ടിരുന്നു, കുറുക്കിയെടുത്ത ഉപ്പുമായി വളണ്ടിയർമാർ ക്യാമ്പിലെത്തി.

പയ്യന്നൂർ മജിസ്ട്രേട്ടുകോടതിക്കു പടിഞ്ഞാറെ തറയിൽ (ഇന്നത്തെ ലോക്കൽ ലൈബ്രറി സ്ഥലം) നടക്കുന്ന യോഗത്തിൽ വിദേശ വസ്ത്രം കൂനയായി കൂട്ടി ദഹിപ്പിക്കലും ബസാറിനു തെക്കുള്ള കള്ളുഷാപ്പ് പിക്കററിങ്ങും സമരത്തിന്റെ ഭാഗമായി എല്ലാ ദിവസവും നടന്നു. അന്ന് പയ്യന്നൂർ ഹൈസ്കൂൾ വിദ്യാർത്ഥികളിലൊരാളായ കൊക്കാനിശ്ശേരി കുഞ്ഞിരാമനടിയോടി നിയമം ലംഘിച്ച് അറസ്റ്റു വരിച്ചു. അദ്ദേഹം 6 മാസത്തേക്ക് ശിക്ഷിക്കപ്പെട്ടു. ടൈഫോയിഡ് ബാധിച്ച് ശരിയായ ചികിത്സ ലഭിക്കാതെ ആലിപ്പുരം ക്യാമ്പ് ജയിലിൽ അദ്ദേഹം പയ്യന്നൂരിന്റെ ആദ്യത്തെ രക്തസാക്ഷിയായി.

# അശോക ഫാർമസി

[കേന്ദ്ര ഗവർമ്മെണ്ടിനാൽ അംഗീകരിക്കപ്പെട്ടത്]

## ഞങ്ങളുടെ ചില പ്രധാന ഔഷധങ്ങൾ

**രക്തപോഷിണി–**

രക്തത്തെ വർദ്ധിപ്പിച്ച് ഉന്മേഷവും ആരോഗ്യവും പ്രദാനം ചെയ്യുന്ന ഉത്തമ ആയുർവേദ ടോണിക്ക്. രക്തക്കുറവുകൊണ്ടുണ്ടാകുന്ന ക്ഷീണം, തലചുററൽ, നെഞ്ചിടിപ്പ്, നെഞ്ചരിച്ചൽ എന്നിവയും, വിശപ്പില്ലായ്മ, പുളിച്ചുതികട്ടൽ, രുചിക്കുറവ്, മലബന്ധം, ഗ്യാസ്ട്രബ്ൾ മുതലായവയും കുറഞ്ഞ ദിവസത്തെ ഉപയോഗം കൊണ്ടുതന്നെ ഫലം കാണുന്നു. ദീപനത്തെ വർദ്ധിപ്പിക്കുന്നു, ദുർമേദസ്സിനെ ഇല്ലാതാക്കുന്നു. പ്രസവസംബന്ധമായോ മറ്റു കാരണവശാലൊ രക്തം നഷ്ടപ്പെട്ടവർക്കും ഏററവും ഫലവത്തായതാണിത്.

**ജീവന്ത്യാദി രസായനം–**

പ്രസവരക്ഷക്ക് ആവശ്യമായ അനേകം അമൂല്യൗഷധങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. മുലപ്പാൽ വദ്ധിപ്പിക്കുന്നു, ബലവും പുഷ്ടിയും ഉണ്ടാക്കുന്നു.

**ഇഞ്ചിലേഹ്യം–**

വയററിൽ പുണ്ണിന് **(Gastric&Duodenal Ulcer)** വിശേഷപ്പെട്ടത്. ഗ്യാസ്ട്രബ്ൾ, വയർവേദന, പുളിച്ചുതികട്ടൽ, പുകച്ചൽ, ദഹനക്കുറവ്, ഓക്കാനം മുതലായവയെ ശമിപ്പിക്കും.

**താരണാന്തകതൈലം–**

തലയിലുണ്ടാകുന്ന താരണം, പുഴനടപ്പ് [ഇന്ദ്രലുപ്തം], ചൊറിച്ചൽ എന്നിവക്കും തലമുടികൊഴിച്ചൽ മുതലായവക്കും തേച്ചുകുളിക്കാൻ വിശേഷം.

**ടോൺസിലാൻറി ഓയിൽ–**

ഗളശുണ്ഡിക **(Tonsillitis)** തൊണ്ടയിലും കഴുത്തിലുമുണ്ടാകുന്ന വീക്കം, ഒച്ചയടപ്പ്, പീനസം മുതലായവ ഇത് പതിവായി തേച്ചുകുളിച്ചാൽ ഉണ്ടാകുന്നതല്ല.

✻ കണ്ണൂർ ✻ തലശ്ശേരി ✻ പാനൂർ ✻ ഇരിട്ടി ✻

✻ കൂത്തുപറമ്പ് ✻ പയ്യന്നൂർ ✻

രക്തസാക്ഷികൾ—

# മൂവർണ്ണക്കൊടിയേന്തിയ കുഞ്ഞികൈകൾ

ക്വിററിന്ത്യാ സമരചരിത്രത്തിലെ ഹൃദയകാരിയായ സംഭവങ്ങളിൽ ചിലതിതാ :—

ബോംബെ സംസ്ഥാനത്തിലെ 'നന്ദർബർ ഈസ്റ്റ്' എന്ന ഗ്രാമത്തിൽ ഒരു കൊച്ചു പ്രകടനം നടത്തുകയായിരുന്നു അവർ. പതിനാലും പതിനഞ്ചും വയസ്സുപ്രായമുള്ള കൊച്ചുകുട്ടികൾ ! വളരെ കുറച്ചുപേർ മാത്രം — ഒരമ്പതോ അറുപതോ ആൺകുട്ടികളും പെൺകുട്ടികളുമുണ്ട് കയ്യിൽ ദേശീയ പതാകയുമായി മുന്നിൽ നടക്കുന്ന കുട്ടിയെ സബ്ബിൻസ്പെക്ടർ തടഞ്ഞു. തോക്കുമായാണ് അയാൾ ചെന്നത്. തോക്കുനീട്ടി ഭയപ്പെടുത്തിയാൽ അവർ ഓടിപ്പോയ്ക്കൊള്ളുമെന്ന് സബ്ബിൻസ്പെക്ടർ നിനച്ചിരിക്കണം. അയാൾ തോക്കുനീട്ടി പിരിഞ്ഞുപോകുന്നില്ലെങ്കിൽ വെടിവെക്കുമെന്നു പറഞ്ഞു. ജാഥനയിക്കുന്ന കുട്ടി പതാക ഉയർത്തിപ്പിടിച്ചുകൊണ്ട് അപ്പോൾ വിളിച്ചുപറഞ്ഞു "വെടിവെച്ചാലും പിരിഞ്ഞുപോകില്ല !"

അവിവേകിയായ പോലീസുദ്യോഗസ്ഥൻ വെടിവെച്ചു. ഒരു പക്ഷെ അബദ്ധത്തിൽ

പൊട്ടിയതാവാം. വെടിലക്ഷ്യം തെററി മററെവി ടേക്കോ പാഞ്ഞു. കുട്ടികൾ കുഞ്ഞിക്കാൽവെച്ചു ഭയന്നോടി. എന്നാൽ സബ്ബിൻസ്പെക്ടർ പോലീസുകാരെ പിന്തുടന്നോടിച്ചു. ചിലരെ പിടിച്ചുകൊണ്ടുവന്നു; ആറുപേരെ. വീമ്പുപറഞ്ഞ കുട്ടിയെ ബലമായി പിടിച്ചുനിർത്താൻ സബ്ബിൻസ്പെക്ടർ ആജ്ഞാപിച്ചു. പോലീസു അനുസരിച്ചു സബ്ബിൻസ്പെക്ടർ തോക്കഅവന്റെ നേരെ നീട്ടിപ്പിടിച്ചു കാഞ്ചിവലിച്ചു. ലക്ഷ്യം തെററിയില്ല. അവൻ പിടഞ്ഞുവീണുമരിച്ചു. തുടർന്ന് അഞ്ചുകുട്ടികളേയും ആ രാക്ഷസൻ വെടിവെച്ചുവീഴ്ത്തി !

ഇതുപോലൊരു സംഭവം പാററ്നയിലും നടന്നു. അവിടെ ഒരു സർക്കാർ സ്ഥാപനത്തിൻെറ മുകളിൽ ദേശീയപതാക ഉയർത്താനുള്ള ശ്രമത്തി ലായിരുന്നു അവർ ആകെ പതിനൊന്നു കുട്ടികൾ. ആദ്യത്തെ കുട്ടി ആവേശപൂർവ്വം മുകളിലെത്തി. യൂനിയൻ ജാക്കിൻെറ ചരടുഅഴിച്ചു തുടങ്ങിയതേ യുണ്ടായിരുന്നുള്ളൂ. പോലീസുപാഞ്ഞെത്തി വെടിവെച്ചു. അവൻ പിടഞ്ഞുവീണു. അപ്പോൾ രണ്ടാമൻ കയറി അവനെയും വെടി വെച്ചുകൊന്നു. മററു നാലുപേരും അതേ സംരംഭ ത്തിൽ വെടിയേററു അവിടെത്തന്നെ പിടഞ്ഞു വീണുമരിച്ചു. ഏഴാമൻ ആശുപത്രിയിലെത്തിയ ശേഷവും !

ദേശസ്നേഹം കൊണ്ടു ധീരരായി മാറിയ സാഹസീകരുടെ കഥകൾ അക്കാലത്തു വേറെയും ഉണ്ടായിരുന്നു. മിഡ്നാപ്പൂരിലാണ് സംഭവം. ബ്രിട്ടീഷുകാരോട് പൊരിക്കും ഒരു യുദ്ധത്തിലേർപ്പെട്ടിരിക്കുകയായിരുന്നു. അവിടെ ഇരുപതിനായിരത്തിലേറെ സ്വാതന്ത്ര്യ പോരാളികൾ. ജനക്കൂട്ടത്തെ പിരിച്ചുവിടാൻ

പട്ടാളം രംഗത്തിറങ്ങി. ആകാശാക്രമണമുണ്ടായി. കൂട്ടത്തിൽ **മാതംഗിനി** എന്ന ഒരു വൃദ്ധയു മുണ്ടായിരുന്നു. 73 വയസ്സുകാരി. അവർ സ്വയം മറന്നുകൊണ്ട് വലം കയ്യിൽ ദേശീയ പതാകയുമായി പോലീസിനെ നേരിട്ടു. ആകെ വെടിയുണ്ടയേററ് ചിതറി, മാതംഗിനിക്കപ്പോൾ വേദന അറിയുമായിരുന്നില്ല. വലംകൈ ശക്തി കുറഞ്ഞതായാണ് തോന്നിയത്. പതാക ഉടനെ ഇടതുകൈയ്യിലേക്കു മാററി. മറെറാരു വെടിയുണ്ട ചീറിപ്പാഞ്ഞു. മാതംഗിനിയുടെ നെററിത്തടം തുളച്ചുകൊണ്ടു വെടിയുണ്ടപാഞ്ഞു പോയി. ആ ധീരവനിത പിടഞ്ഞുവീണുമരിച്ചു!

ആസ്സാമിലായിരുന്നു ഇതുപോലുള്ള മററുചില രംഗങ്ങൾക്കു കളമൊരുക്കിയത്. അവിടെ ഗോഹപ്പൂർ പോലീസ്സ്റ്റേഷൻെറ മുകളിൽ ദേശീയ പതാക ഉയർത്തിക്കെട്ടാൻ ശ്രമിച്ച കനകലതയ്ക്കു വെടിയേററു. എന്നാൽ അതുമാരക മായിരുന്നില്ല. അവർ പിന്മാറിയതുമില്ല, പതാകകെട്ടി. അപ്പോഴേക്കും മറെറാരുവെടിയുണ്ട അവരെ കൊന്നു വീഴ്ത്തി. രത്ന എന്ന മറെറാരു ധീരയായ പെൺകുട്ടിയുടെ കഥയും ആസ്സാമിൻെറ ചരിത്രത്തിൽ രക്തലിപികളാൽ രേഖപ്പെടുത്തി വെച്ചിരിക്കുന്നു. സാഹസികയായ രത്ന ദേശീയപതാകയുടെ പാവനത്വം രക്ഷിക്കാനുള്ള ദൃഢവ്രതത്തിൽ വെടിയുണ്ടക്കു മുമ്പിൽ വിരിമാറു കാട്ടി വീരമൃത്യുവരിച്ചു.

ശ്രീ. കെ. തായാട്ടിൻെറ "നാം ചങ്ങലപൊട്ടിച്ച കഥ" എന്ന പുസ്തകത്തിൽ നിന്ന്.

ഇങ്ങനെ ആഗസ്റ്റ് വിപ്ലവത്തിൽ ആത്മബലി യർപ്പിച്ച അജ്ഞാതരായ ദേശഭക്തർ എത്രയെത്ര!

—o—

## പയ്യന്നൂർ ക്ഷീരവ്യവസായ കോ-ഓപ്പ്: സൊസൈററി

പശുവിൻ പാൽ, എരുമ പാൽ എന്നിവ ഉത്തരവാദിത്വത്തോടുകൂടി വിതരണം ചെയ്യുന്ന പയ്യന്നൂരിലെ ഏക സഹകരണ സ്ഥാപനം. മുൻകൂട്ടിയുള്ള ഓർഡർഅനുസരിച്ച് ആവശ്യമായ പാൽ എത്തിച്ചുകൊടുക്കുന്നതാണ്.

ടി. നാരായണൻ നായർ
(പ്രസിഡണ്ട്)

പ്രമോദ്കുമാർ. കെ.
(സിക്രട്ടറി)

---

ആശംസകളോടെ

## ഇന്ദിരാജി മെമ്മോറിയൽ കോ-ഓപ്പ്:
## ഹോസ്പിററൽ, പയ്യന്നൂർ.

ആംബുലൻസ് ആവശ്യത്തിന് ബന്ധപ്പെടുക: ഫോൺ: 3018

---

With best compliments from:

## B.K.M. MEMORIAL HOSPITAL, PAYYANUR.

---

With best compliments from:

## SARASWATHI COLLEGE

**PAYYANUR.**

-Principal

[സമരപരമ്പരകളുടെ തീജ്വാലയിൽ വളർന്ന ദേശീയ പ്രസ്ഥാനത്തിൻെറ ആവേശമായി മാറിയ ത്യാഗധനനായ ശ്രീ. പി. യം. പയ്യന്നൂരിലെ സമരരംഗത്തിനു ചൂടും ചൈതന്യവും പകരുവാൻ വലിയ പങ്കു വഹിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ സമരങ്ങളിൽ ദീർഘകാലം ജയിൽ ശിക്ഷ അനുഭവിച്ച വന്ദ്യവയോധികനായ അദ്ദേഹത്തോടു ഈ സ്മരണികയിലേക്കു തൻെറ ജയിലനുഭവങ്ങളെക്കുറിച്ചു എന്തെങ്കിലും എഴുതിത്തരണമെന്ന് നിർബന്ധപൂർവ്വം ആവശ്യപ്പെട്ടിരുന്നു. അനാരോഗ്യവും വാർദ്ധക്യവും മൂലം അവശനായികഴിയുന്ന അദ്ദേഹം അയച്ചുതന്നതാണീ കുറിപ്പ്. ത്യാഗോജ്ജ്വലമായ ഒരു ജീവിതത്തിൻെറ ഒളിമങ്ങാത്ത ഓർമ്മകളെന്നനിലയിൽ ഇതു പ്രസിദ്ധീകരിക്കുന്നു. — പ്രവർത്തകർ]

# എൻെറ ജയിൽജീവിതം

**പി. എം. കുഞ്ഞിരാമൻ നമ്പ്യാർ**

കണ്ണൂർ സെൻട്രൽ ജയിലിലായിരുന്നു ആദ്യത്തെ ജയിൽ ജീവിതം. തുടർന്നു 32ൽവീണ്ടും. അതിനിടയിൽ അദ്ധ്യാപക സമരത്തിൽ, പിന്നെ ആലിപുരം അങ്ങിനെ 6 വർഷത്തോളം ജയിലിൽ കഴിച്ചുകൂട്ടിയിട്ടുണ്ട് സ്വാതന്ത്ര്യത്തിന്നു വേണ്ടി നടത്തിയ സമരങ്ങളിൽ.

ഈ കാലങ്ങൾക്കിടയിൽ പല അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. ജയിലിൽ സ്വാതന്ത്ര്യസമരത്തടവുകാർക്ക പ്രത്യേകം ബ്ലോക്കുകൾ ഒരുക്കിവെച്ചിരുന്നു ജയിലിൽ അധികഭാഗവും പഴയ ക്രിമിനൽ പുള്ളികളെയാണ് പാർപ്പിച്ചിരുന്നതു്. അവരുമായി ഞങ്ങൾ പെരുമാറുന്നതു തടഞ്ഞിരുന്നു. ജയിൽ ജീവിതത്തിന്റെ ആദ്യകാലങ്ങൾ നരകപ്രായമായിരുന്നു. നിലവിലുള്ള ബ്രിട്ടീഷുഭരണത്തിൻകീഴിൽ പല കുററങ്ങൾക്കും ജയിലിലടക്കപ്പെട്ടവരോട് എങ്ങിനെ പെരുമാറിയാലും ആരാണ് ചോദിക്കുവാനുള്ളത്. അവരുടെ ഭക്ഷണക്രമങ്ങൾ എന്തുമാവാം. ജയിലിനുള്ളിൽ നിന്നു ജയിൽനിയമങ്ങൾക്കെതിരായി ഒരു ചെറിയ തെററ് മതി കഠിനശിക്ഷക്കു പാത്രമാവാൻ. സമരത്തിന്റെ ആദ്യകാലങ്ങളിൽ ഞങ്ങളേയും അവരുടെ കൂട്ടത്തിൽതന്നെപെടുത്തുന്ന മനോഭാവമായിരുന്നു ജയിൽ അധികൃതരുടേതു്. സാവധാനത്തിലാണ് അതിനൊരു മാററം കണ്ടതു്.

ജയിലിൽ എ, ബി, സി എന്നീ 3 ക്ലാസ്സുകളിലായാണ് രാഷ്ട്രീയത്തടവുകാരായി തരം തിരിച്ചിരുന്നതു്. ബഹുഭൂരിപക്ഷവും സി ക്ലാസ്സുകാരായിരുന്നു. അവരെ സംബന്ധിച്ചുള്ള ഭക്ഷണസൌകര്യങ്ങൾ വളരെ മോശപ്പെട്ട നിലയിലായിരുന്നു, ദൈനംദിനകൃത്യങ്ങൾ നടത്താൻ തന്നെ - പ്രത്യേകിച്ച് മലമൂത്രവിസർജ്ജനാദികൾ തന്നെ വളരെ പാടുപെട്ടുവേണം നടത്താൻ-കഞ്ഞിയും ചോറും ഒരു കഥ തന്നെ. ഇതിന്റെ ഫലമായി ഒരു നല്ല വിഭാഗം എന്നും ആശുപത്രിയിലായിരുന്നു. ഭക്ഷണം തീരെ പിടിക്കാത്തതുകൊണ്ടു ഞാനും കുറെക്കാലം ആശുപത്രിയിൽ കിടക്കേണ്ടി വന്നിട്ടുണ്ട്. പൊതുവെ ആശുപത്രികളിൽ മരുന്നുകൾ വിരളമായിരുന്നു.

എന്റെ രോഗം ഭേദമായതിനുശേഷം ഡോക്ടറും ഞാനും അടുപ്പത്തിലായിരുന്നു. തൽഫലമായി എന്റെ സേവനം ജയിലിൽ കഠിനരോഗം പിടിപെട്ട രോഗികളെ സഹായിക്കുകയായിരുന്നു

സമയം കിട്ടുമ്പോഴെല്ലാം മററു സ്നേഹിതന്മാരുടേയും ബ്ലോക്കുകളിൽ വെച്ചു രാഷ്ട്രീയമായ വിഷയങ്ങൾ ചർച്ചചെയ്യും. വായിക്കാൻ പത്രങ്ങളൊന്നും കിട്ടാത്തതുകൊണ്ടു കിട്ടുന്ന പുസ്തകങ്ങളും വായിച്ചു കൊണ്ടിരിക്കും. ഹിന്ദി പഠിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നു മിക്ക തടവുകാരും, പ്രത്യേകിച്ചു ചെറുപ്പക്കാർ.

കേരളത്തിന്റെ പുറത്തുനിന്നും ജയിലിലെത്തിയ നേതാക്കന്മാരുമായി ബന്ധപ്പെട്ടുവാൻ ഞാൻ വളരെ പരിശ്രമിച്ചിട്ടുണ്ട്. ബുല്ലുസു സാമ്പമൂർത്തിയെ മലയാളം പഠിപ്പിക്കുവാൻ ഞാൻ കുറെ സമയം കണ്ടിരുന്നു.

അന്നു ബംഗാൾ വിഭജനത്തെ സംബന്ധിച്ചു അറസ്റ്റു ചെയ്യപ്പെട്ട കുറെപേരെ ജയിലിൽ പ്രത്യേകം ക്ലാസ്സിൽ പാർപ്പിച്ചിരുന്നു. അവരുമായി കാലക്രമേണ അടുത്തു പെരുമാറുന്നതിൽ ജയിൽ അധികൃതർ കർശനമായി തടഞ്ഞിരുന്നില്ല. അവരിൽ നിന്നും അവരുമായുള്ള സമ്പർക്കത്തിൽനിന്നും ബംഗാളിലെ സ്ഥിതിഗതികളെപ്പററി രാഷ്ട്രീയ, സാമൂഹ്യ, സാഹിത്യകാര

ന്മാരെപ്പററിയെല്ലാം മനസ്സ്‌വെച്ചു പഠിക്കുവാൻ സാധിച്ചിരുന്നു. ഈശ്വർ
ചന്ദ്രശേഖർ വിദ്യാർത്ഥി, രാജാറാം മോഹൻ റായി, ജെ.സി.ബോസ്, പി.സി
റോയി മുതലായി വിവിധ രംഗങ്ങളിൽ പ്രശോഭിച്ചിരുന്നവരെപ്പററിയും കാര്യ
മായി അവരിൽ നിന്നാണ് ഗ്രഹിച്ചത്. മഹാകവി രവീന്ദ്രനാഥടാഗോർ,
അദ്ദേഹത്തിൻെറ പൂർവ്വികന്മാർ, അവരുടെ സാഹിത്യ-സാമൂഹ്യ നിലപാട് എ
ന്നെ ഹഠാദാകർഷിച്ചിരുന്നു. 2-ാമത്തെ തവണ മധുരാ കടലൂർ ജയിലുകളിൽ
ഞാൻഉണ്ടായിരുന്നു. അപ്പോഴും അവിടത്തെ അന്നത്തെ പ്രസിദ്ധവക്കീലായിരുന്ന
വൈദ്യനാഥഅയ്യരുടെ സാമീപ്യം എന്നെ പുളകം കൊള്ളിച്ചിരുന്നു. അയി
ത്താചാരങ്ങൾ തുടങ്ങിയ അനാചാരങ്ങളെ കടപുഴക്കാൻ ശ്രമിച്ച അവിടത്തെ
രാഷ്ട്രീയ, സാമൂഹ്യ നേതാക്കളിൽ മുൻപന്തിയിൽ സ്ഥാനം കൈപ്പററിയ ഒരു
മഹാനായിരുന്നു വൈദ്യനാഥയ്യർ, കമ്പരാമായണത്തിൽ കമ്പം ഏറെയുണ്ടാ
യിരുന്ന രാഷ്ട്രീയപ്രവർത്തകനും സാമൂഹ്യനേതാവുമായിരുന്നു അദ്ദേഹം. ജയി
ലിൽ തടവുകാരിൽ പരസ്പരം സ്നേഹവും വിശ്വാസവും നിലനിർത്താൻ
പ്രാപ്തരായിരുന്ന രണ്ട് നേതാക്കന്മാരായിരുന്നു അവർ.

പല വിഭാഗങ്ങളിലായ വിദ്യാഭ്യാസ തൽപരന്മാരും, അദ്ധ്യാപകരും ജയി
ലിലുണ്ടായിരുന്നു. അവരുടെ വിജ്ഞാനപ്രദമായ ക്ലാസ്സുകളിൽ പങ്കെടുക്കുവാനും
ക്ലാസ്സുകൾ നടക്കുമ്പോഴൊക്കെ ബദ്ധശ്രദ്ധനായിരുന്നു. 34ൽ ജയിൽവിട്ടുപുറത്തു
വന്നതിനുശേഷം ഒരദ്ധ്യാപകനാകാനും രാഷ്ട്രീയ പ്രവർത്തനത്തിൻെറ ഭാഗമെ
ന്നനിലയിൽതന്നെ അദ്ധ്യാപകപ്രസ്ഥാനം കെട്ടിപ്പടുക്കുവാനും ഞാൻ പരിശ്ര
മിച്ചിരുന്നു. പ്രത്യേകിച്ചും ഗാന്ധിയൻ സിദ്ധാന്തങ്ങളിൽ അടിയുറച്ചു നിന്നു
കൊണ്ട്. അങ്ങിനെ വിവിധതലങ്ങളിൽ പരിചയ സമ്പന്നന്മാരുടെ സമ്പ
ർക്കം പുലർത്തുവാൻ എൻെറ ജയിൽജീവിതം. എന്നെ വളരെ സഹായി
ച്ചിട്ടുണ്ട്.

എല്ലാററിനും ഉപരി പ്രഗൽഭരായ നേതാക്കന്മാരിൽനിന്ന് സിദ്ധിച്ചിട്ടു
കറകളഞ്ഞ ദേശാഭിമാനം പുലർത്താനും അതുവഴി മാതൃഭൂമിയെ സ്വതന്ത്രമാക്കു
വാനുമുള്ള സമരം ഊർജ്ജിതപ്പെടുത്തുവാനുമുള്ള ഉപദേശ നിർദ്ദേശങ്ങളായിരുന്നു.

1935 മുതൽ 42 വരെ വൈസ്രോയിയും കോൺഗ്രസ്സും തമ്മിൽ സ്വാതന്ത്ര്യം
കരഗതമാക്കുന്നതിനുവേണ്ടിനടത്തിയ എല്ലാ പരിശ്രമങ്ങളും വിഫലമായി. അവ
സാനമായി ബ്രിട്ടീഷുകാരോടു ഇന്ത്യയിൽ നിന്നും കെട്ടുകെട്ടാനായി ഒരാഹ്വാനം
കോൺഗ്രസ്സ് വർക്കിങ്ങ് കമ്മിററി ഐകകണ്ഠ്യേന പാസ്സാക്കി. ഗാന്ധിജി
യുടെ നേതൃത്വത്തിൽ 42 ആഗസ്റ്റ് 8-ാംനു്. അപ്പോൾ മുതൽ അറസ്റ്റുകളും
തുടർന്നു. 9-ാംനു പുലരുമ്പോഴേക്കു പ്രമുഖരായ പല നേതാക്കന്മാരും ജയിലി
ലടക്കപ്പെട്ടു തുടർന്നു നാടാകെ സമരങ്ങളും. പക്ഷെ ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാ
ർട്ടി സമരത്തിന്നെതിരായി രംഗത്തിറങ്ങി. രണ്ടാം ലോകമഹായുദ്ധം വീറോ
ടെ നടന്നുകൊണ്ടിരുന്ന കാലഘട്ടമായിരുന്നുവല്ലോ അത്. യുദ്ധത്തിൻെറ ആരം
ഭത്തിൽ തന്നെ ബ്രിട്ടന്നെതിരായ സമരം നടത്തേണ്ടതിനു പ്രക്ഷോഭം നടത്തി
യവർ കുറച്ചുകാലമായി ജയിലറകളിലായിരുന്നുവല്ലോ. റഷ്യ അച്ചുതണ്ടിന്റെ
ഭാഗത്തേക്കു ചാഞ്ഞപ്പോൾ കമ്യൂണിസ്റ്റുകാർക്കു ഈ യുദ്ധം ജനകീയമായി.

ബ്രിട്ടന്നനുകൂലമായി അവരുടെ പിന്നെയുള്ള പരിപാടികൾ. അവരുടെ പ്രവർത്തനങ്ങൾ ബ്രിട്ടന്നനുകൂലമായപ്പോൾ അവരെ ജയിൽ മുക്തരാക്കി ബ്രിട്ടീഷ് ഗവൺമെൻറ്. ക്വിററിന്ത്യാ പ്രമേയത്തെ എതിർത്തുകൊണ്ട് നാടാകെ പ്രചരണങ്ങൾ സംഘടിപ്പിച്ചു തുടങ്ങി. ക്വിററിന്ത്യാസമരത്തിൽ അരയും തലയും മുറുക്കി രംഗത്തിറങ്ങിയ സമരഭടന്മാർക്ക് ഒരു ഭാഗത്തു അധികൃതരുടെയും മറു ഭാഗത്തു കമ്യൂണിസ്റ്റുകാരുടെയും കഠിനമായ എതിർപ്പുകൾ നേരിടേണ്ടിവന്നു. ഏകദേശം സമരം ഊർജ്ജിതപ്പെടുത്തുവാൻ ഞാൻ ഒളിവിൽ പ്രവർത്തിക്കേണ്ടി വന്നു. കണ്ണൂര് ജില്ലയുടെ പല ഭാഗത്തും തുടർന്നു ഞാൻ അറസ്റ്റിലായി. അപ്പോഴേക്കും കമ്യൂണിസ്റ്റുകാരുടെ എതിർപ്പും തല്ലും നേരിട്ടുകൊണ്ട് സമരം മുന്നേറുകയും നാട്ടിൻെറ പലഭാഗത്തുനിന്നും ലാത്തിച്ചാർജ്ജും അറസ്ററുകളും നടമാടി.

വഴിക്കുവഴിയായി അറസ്റ്റുചെയ്യപ്പെട്ടവരെ ആലിപ്പുരം ജയിലിലാണ് തടവിലാക്കിയതു്. തുടന്നു ചിറക്കൽ ടി. ബാലകൃഷ്ണൻ നായർതുടങ്ങി പല പ്രമുഖരും അറസ്റ്റിലായി. ഇത്രയും ഇവിടെ കുറിക്കുന്നതു അന്നത്തെ സമരത്തിൻെറ ചുററുപാടുകൾ യുവതലമുറയെ പരിചയപ്പെടുത്തുവാൻ മാത്രമാണ്. അകാരണമായി നടത്തിയ ലാത്തിച്ചാർജ്ജ് മാത്രം മതി അന്നത്തെ മർദ്ദനമുറകളുടെ ഭയങ്കരത വിളിച്ചോതുവാൻ. ഈ ലാത്തിച്ചാർജ്ജിൽ പലരുടെയും എല്ലുകളും പല്ലുകളും തകർന്നു് കൈകാലുകളൊടിഞ്ഞു. ഐ കെ കുമാരൻ മാസ്റ്ററുടെ മൂക്കിന് അടിച്ചു. മൂക്ക് ചതഞ്ഞു. ഇതായിരുന്നു ജയിലിനുള്ളിലെ അധികൃതരുടെ പെരുമാററം,

ആലിപുരം ജയിലിൽ തെക്കെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള തടവുകാരുണ്ടായിരുന്നു. 3 മാസത്തിലേറെ ശിക്ഷിക്കപ്പെട്ടവരെല്ലാം ആ ജയിലിലായിരുന്നു മലബാർ ഭാഗത്തുനിന്നുള്ള ഡോ. ചന്തു, ടി.ബാലകൃഷ്ണൻ നായർ, ഞാൻ എന്നിവർ ബി ക്ലാസ്സിലായിരുന്നു, എന്നാൽ ജയിൽ റൂളുകൾക്കെല്ലാം കുറെ അയവു വന്നപ്പോൾ അധികവും സി ക്ലാസ്സിലെ തടവുകാരുമായി എപ്പോഴും ബന്ധപ്പെട്ടുകൊണ്ടിരിക്കും. സി ക്ലാസ്സുകാരായ മിക്ക മലയാളികളും ഞാനും പഴയ സുഹൃത്തുക്കളാണ്, അങ്ങിനെയുള്ള ചില സുഹൃത്തുക്കളുടെ പേരുകൾ ഞാൻ എടുത്തുപറയാനാഗ്രഹിക്കുന്നു. എ.വി, വി. പി. ശ്രീകണ്ഠ പൊതുവാൾ, കെ.പി കുഞ്ഞിരാമപൊതുവാൾ, ടി സി വി. എച്ച് വാസുദേവ്, കുഞ്ഞമ്പുനമ്പ്യാർ, പി കുഞ്ഞിക്കണ്ണൻ നമ്പ്യാർ, കെ.ടി.കുഞ്ഞിരാമൻ നായർ, സി ഇ ഭരതൻ, കുഞ്ഞുണ്ണി മേനോൻ. യം. കൃഷ്ണൻ, ഐ. കെ, എൻ. കെ, വി. ദാമോദരൻ, ഇ.വി ദാമോദരൻ നമ്പ്യാർ, സി എച്ച്.കെ നമ്പ്യാർ. കെ.കുഞ്ഞിരാമക്കുറുപ്പ് മുതലായവർ മററു സംസ്ഥാനങ്ങളിൽ നിന്നു വന്നവരിൽ ആന്ധ്രക്കാരനായ സോമയാജുലു. പല വിഷയങ്ങളെപ്പററിയും മററുള്ളവർക്കു അറിവ് പകരാൻ പററിയ ഒരു വിദ്യാസമ്പന്നനായിരുന്നു. അദ്ദേഹത്തിൻെറ രാഷ്ട്രീയ ക്ലാസ്സുകളിൽ എന്നോടൊപ്പം ചിറക്കൽ ടി ബാലകൃഷ്ണൻ നായരും പങ്കെടുക്കും.

ബി ക്ലാസ്സിലും എ ക്ലാസ്സിലും ഉണ്ടായിരുന്ന ഡോ: ചന്തു, ബി ഗോപാല റെഡ്ഡി. മൂർത്തി നാരായണറാവു മുതൽ കുറെ പേരുമായി വളരെ അടുപ്പത്തിലാ

യിരുന്നു. ശ്രീ ഗോപാലറെഡ്ഡിയെ ഞാൻ മലയാളം പഠിപ്പിക്കുമ്പോൾ അദ്ദേഹം എന്നെ ബംഗാളി പഠിപ്പിച്ചു.

എ. ബി ക്ലാസ്സുകാരുടെ ഭക്ഷണം തയ്യാറാക്കിയിരുന്നതു അവരുടെ ഇടയിൽ ഉണ്ടായിരുന്ന തടവുകാർ തന്നെയായിരുന്നു. ഓരോ വിഭാഗവും-ആന്ധ്ര, തമിഴ്, മലയാളം-എന്നീ ക്രമത്തിലായിരുന്നു കിച്ചൺ കൈകാര്യം ചെയ്തിരുന്നത്. മലയാളി കിച്ചൺ ശ്രീ ബാലകൃഷ്ണൻ നായരുടെ മേൽനോട്ടത്തിലായിരുന്നു.

ബാലകൃഷ്ണൻ നായർ ആലിപ്പുരത്തുണ്ടായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഒരു പുത്രൻ മരിച്ച വിവരം അറിഞ്ഞു കുറെ വിഷമിച്ചിരുന്നു. ആ സമയത്തു കിച്ചൺ ഉത്തരവാദിത്വം വരുമ്പോൾ ഞാൻ മേൽനോട്ടം വഹിക്കും. ബാലകൃഷ്ണൻ നായരെ കുറെ ദിവസം മകന്റെ മരണത്തെത്തുടർന്നു ഞാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടി വന്നിട്ടുണ്ട്. കുറെക്കഴിഞ്ഞപ്പോൾ ബാലകൃഷ്ണൻ തടവുകാരെ കൂടിച്ചേർത്തു മലയാളത്തിലുള്ള അദ്ധ്യാത്മരാമായണ ക്ലാസ്സുകൾ നടത്തുമായിരുന്നു. സൌകര്യം കിട്ടുമ്പോൾ മലയാളം നാടോടിപ്പാട്ടുകളും കഥകളിയിലെ ചില പദങ്ങൾ ആടി തടവുകാരെ രസിപ്പിക്കുകയും ചെയ്യും. ഞാൻ അധികവും സി ക്ലാസ്സുകാരോടൊപ്പമായിരിക്കും. കെ കുഞ്ഞിരാമക്കുറുപ്പിനെ അദ്ധ്യാപകൻ എന്ന നിലയിൽ എനിക്കു അറിയാമായിരുന്നെങ്കിലും ആത്മസുഹൃത്തുക്കളാകുന്നതു ഇവിടം മുതൽക്കാണ്. ആ കാലത്തുണ്ടായിരുന്ന രാഷ്ട്രീയമായ ബന്ധം പിന്നീടു ജയിൽ വിട്ടതിനുശേഷം കോൺഗ്രസ്സിനും, ജനാധിപത്യ വ്യവസ്ഥയിൽ ഒരു എതിർ പാർട്ടി എന്ന നിലയിൽ സോഷ്യലിസ്ററു പാർട്ടി രൂപീകരിക്കുവാനും മററും ഞങ്ങൾക്ക് കുറെ സഹായകമായി. എന്റെ ജയിൽ ജീവിതം ദേശാഭിമാനികളായ പലരുമായി അടുത്തു ബന്ധപ്പെടുവാനുള്ള അവസരമുണ്ടാക്കി. നമ്മുടെ സംസ്കാരത്തിൽ അധിഷ്ഠിതമായ ഒരു ഭാരതം കെട്ടിപ്പടുക്കാനുമുള്ള ചുററുപാടുകളും സാമ്പത്തിക-സാമൂഹ്യ മാററങ്ങളോടൊപ്പം വളർത്തിയെടുക്കുവാൻ സാധിച്ചിരുന്നെങ്കിൽ! ഏതായാലും ജന്തുജാലങ്ങളെല്ലാം പ്രത്യേകിച്ച് മനുഷ്യരും സ്വാതന്ത്ര്യപ്രേമികളാണല്ലോ. അത്തരം ഒരു സ്നേഹരാജ്യം സൃഷ്ടിക്കുവാൻ സാധിച്ചിരുന്നുവെങ്കിൽ കൃതാർത്ഥനായേനെ.

''എങ്ങിനെ നേടിയതിന്ത്യേ നേടിയ-
തെങ്ങിനെനിയീ സ്വാതന്ത്ര്യം?
പൊട്ടിയ തോക്കു പുണർന്നാളംബിക
വെട്ടിയവാളിൽ ചുംബിച്ചാൾ!''

- ഇടശ്ശേരി.

# വെടിയുണ്ടയുടെ മേലെനിന്നു കൊടിയുയർത്തിയവർ


''പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക'' ''ക്വിററിന്ത്യാ'' എന്നീ മുദ്രാവാക്യങ്ങൾ നാടെങ്ങും മാറെറാലികൊള്ളുന്നു. അതിൻെറ മാസ്മരശക്തിയിൽ കിഴവനും കുഞ്ഞും കരുത്തുനേടി. എന്തു പ്രവർത്തിക്കണമെന്നു പറയാൻ നേതാക്കൾക്കവസരം ലഭിക്കുന്നതിനുമുമ്പെ അറസ്ററുചെയ്യപ്പെട്ടപ്പോൾ ആലോചിച്ചു നിൽക്കാതെ എന്തും പ്രവർത്തിക്കാനുള്ള പ്രചോദനം എങ്ങും തുടിച്ചു നിന്നു ആ നാളിൽ............

*ആഗസ്ത് വിപ്ളവത്തിൻെറ വീരഗാഥകൾ വീണുറങ്ങുന്ന പയ്യന്നൂർ! ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യസമരങ്ങൾക്ക് ഊട്ടുപുരയായിരുന്ന പയ്യന്നൂർ!' ദേശാഭിമാനവിജൃംഭിതമായ യുവത്വം കർമ്മധീരത കാണിയ്ക്കയർപ്പിച്ച രണ്ടാം 'ബർദോളി'. ആ രണഭൂമിയിലിതാ പ്രാണഭയംവെടിഞ്ഞ് നടത്തിയ ഒരു സാഹസികതയുടെ കഥ.*

*'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' 'ക്വിററിന്ത്യാ' എന്നീ മുദ്രാവാക്യങ്ങൾ നാടെങ്ങും മാറെറാലികൊള്ളുന്നു അതിൻെറ മാസ്മര ശക്തിയിൽ കിഴവനും കുഞ്ഞും കരുത്തുനേടി. എന്തു പ്രവർത്തിക്കണമെന്നുപറയാൻ നേതാക്കൾക്കവസരം ലഭിക്കുന്നതിനുമുമ്പെ അറസ്ററുചെയ്യപ്പെട്ടപ്പോൾ ആലോചിച്ചു നില്ക്കാതെ എന്തും പ്രവർത്തിക്കാനുള്ള പ്രചോദനം എങ്ങും തുടിച്ചുനിന്നു. ആ നാളിൽ കുറച്ചു ചെറുപ്പക്കാർ ഒരു രഹസ്യ സങ്കേതത്തിലിരുന്ന് സമരപരിപാടികൾക്ക് രൂപം നൽകുകയായിരുന്നു. കാലഘട്ടം തങ്ങളിലേൽപിച്ച, ജയി*

ടി.സി.വികുഞ്ഞിക്കണ്ണപ്പൊതുവാൾ.





എ. കെ. കുഞ്ഞിരാമപ്പൊതുവാൾ

ലിലടക്കപ്പെട്ട ജനനേതാക്കൾ ഇട്ടേച്ചുപോയ ദൌത്യം നിർവ്വഹിക്കാനുള്ള ഊഷ്മളമായ ചിന്തയിൽ നിന്നു ഒരാശയം ഉരുത്തിരിഞ്ഞു. പോലീസ് സ്റേറഷനു മുമ്പിലുള്ള കൊടിമരത്തിൽ നിന്നു ബ്രിട്ടീഷുകാരൻെറ പതാക-അടിമത്വത്തിൻെറ അടയാളമായ യൂനിയൻ ജാക്ക് - വലിച്ചെറിഞ്ഞു പകരം ഇന്ത്യൻ ദേശീയതയുടെ പ്രതീകമായ ത്രിവർണ്ണ പതാക ഉയർത്തുക! സമരക്കാരെ വകവരുത്തുവാൻ സ്പെഷ്യൽ പോലീസ് സ്റേറഷനിൽ ക്യാമ്പുചെയ്യുന്നു. ആരെയും എവിടെവെച്ചു കണ്ടാലും സംശയം തോന്നിയാൽ വെടിവെച്ചുകൊള്ളാൻ കൽപനയുള്ള കാലം. പലേടങ്ങളിലും പതാകയേന്തിയ പിഞ്ചു കുഞ്ഞിനെപ്പോലും തീയുണ്ടക്കിരയാക്കിയ വാർത്തകൾ പരന്നുകൊണ്ടിരുന്നു. എങ്ങും മർദ്ദനത്തിൻെറ കറുത്ത കഥകൾ. അധികാരിവർഗത്തിന് ഭ്രാന്തിളകിയത് ഒരു വശത്ത്, മറുവശത്ത് ഒററുകാരും ഓശാനക്കാരും ദാസ്യ വൃത്തിനടത്തുന്നു ഈ ചുററുപാടിൽ സായുധരായ പോലീസുകാരുടെ താവളത്തിൽ ചെന്ന് ഈ സാഹസകൃത്യം നടത്താനാരുണ്ട്? അവരുടെ കണ്ണിൽ പെട്ടാൽ മരണം നിശ്ചയം. ഒടുവിലൊരു നിശ്ചയമായി. അവിടെ കൂടിയിരുന്നവർ സമയംപാർത്ത് ഒളിഞ്ഞിരുന്നു. അർദ്ധരാത്രി കഴിഞ്ഞു. പട്രോൾ ഡ്യൂട്ടിയിലായിരുന്ന പോലീസുകാർ ടൗണിൽ റോന്തുചുററുന്നു. അവർ നടന്നു മറഞ്ഞുവെന്നു തീർച്ചയായപ്പോൾ ഞങ്ങൾ പോയി കൊടിയുയർത്തുമെന്നു പറഞ്ഞു. മൂന്നുപേർ മുന്നോട്ടു നീങ്ങി. സ്റേറഷനകത്ത് ബയനററ് ഘടിപ്പിച്ച തോക്കുമായി പോലീസുകാരൻ "പാറാവുഷാർ". പാതിരാത്രിയുടെ നിശബ്ദതയിൽ പോലീസുകാരൻെറ തല ഉറക്കംകൊണ്ടു തൂങ്ങി തോക്കിൻ ചട്ടയിലേക്ക് ചരിയുന്നു. ആ തക്കത്തിൽ മൂവരും ശ്വാസമടക്കിപ്പിടിച്ചു നടന്നു. ഒരാൾ പുറത്ത് പെട്രോൾ ഡ്യൂട്ടിക്കാർ വരുന്നുണ്ടോ എന്നറിയാൻ പതുങ്ങി നിന്നു. മററുരണ്ടുപേർ കൊടിമരത്തിനടുത്തെത്തി അവരിലൊരാൾ അതിനുതാഴെ കുത്തിയിരുന്നു.

ഇരുമ്പു പൈപ്പുകൊണ്ടുള്ള ഉയർന്ന തൂണ് ആടിയുലഞ്ഞു. ഒച്ച കേൾക്കാതിരിക്കാൻ മുറുകെ പിടിച്ചു. അയാളുടെ ചുമലിൽ മറ്റേ ആൾ കൊടിയുമായി കയറി. കുത്തിയിരുന്നആൾ മറ്റെആളെയും വഹിച്ചു നിവർന്നുനിന്നായാൾ തൂണിന്നററത്തെത്തി പതാകകെട്ടി. എല്ലാം നിമിഷനേരങ്ങൾക്കകം! പോലീസുകാരൻെറ അടഞ്ഞ കണ്ണുകൾ തുറക്കുന്നതിനുമുമ്പായി അവർ ദൌത്യം നിറവേററി മടങ്ങി. വെടിയൊച്ച കേൾക്കുമോ എന്ന് നെഞ്ചിടിപ്പോടെ കാതോർത്തു. കൂട്ടുകാർക്ക് ശ്വാസം നേരെ വീണു. എല്ലാവരും സ്ഥലം വിട്ടു ആകൊടിയുയർത്തിയ ആൾ ശ്രീ. ടി. സി. വി. കുഞ്ഞിക്കണ്ണപ്പൊതുവളും ചുമൽ കാട്ടിക്കൊടുത്തത് ശ്രീ. സി. വി. കുഞ്ഞമ്പു സ്രാപ്പുംമായിരുന്നു. പുറത്തുനിന്നിരുന്ന ആൾ ശ്രീ. എ. കെ. കുഞ്ഞിരാമപ്പൊതുവാളും! പിന്നീടും പല വിദ്ധ്വംസക പ്രവർത്തനങ്ങളിലും അവർ ഏർപ്പെടുകയുണ്ടായി. ആ ധീര ദേശാഭിമാനികൾ ഇന്നില്ല. ചരിത്രസംഭവം നടന്ന ആ സ്ഥലത്താണ് ക്വിററിന്ത്യാ സമര സുവർണ്ണ ജൂബിലി ആഘോഷക്കമ്മിററി സ്മാരക സ്തൂപം പണിയുന്നത്. പയ്യന്നൂർ ചേമ്പർ ഓഫ് കോമേർസ് അതിൻെറ നിർമ്മാണച്ചുമതല ഏറെറടുത്തിരിക്കയാണ്.



സി വി കുഞ്ഞമ്പു സ്രാപ്പ്

— വി. സി. എസ്.

# 'കരോ യാ മരോ'

## ക്വിററിന്ത്യാ മുദ്രാവാക്യം മുഴക്കിയ കേരളം

വി. എം. ഗോവിന്ദൻ നമ്പീശൻ.

ആഗസ്റ്റ് 9ന് കാലത്ത് മലബാറിന്റെ നാനാഭാഗങ്ങളിൽ നിന്നു നേതാക്കന്മാർ അറസ്റ്റു ചെയ്യപ്പെട്ടു. തലശ്ശേരിയിലെ കോൺഗ്രസ് അനുഭാവിയും സഹായിയുമായിരുന്ന കിനാത്തി നാരായണന്റെ വീട്ടിൽവെച്ചാണ് കേളപ്പൻ അറസ്റ്റിലായത്. തുടർന്നു് കെ. മാധവമേനോൻ, കുട്ടിമാളുഅമ്മ തുടങ്ങി ഏകദേശം ഇരുപതോളം നേതാക്കന്മാർ അറസ്റ്റു ചെയ്തു ജയിലടയ്ക്കപ്പെട്ടു.

കേരളത്തിൽ വിശേഷിച്ചും മലബാറിലെ താല്ക്കാലികസ്ഥിതി സമരത്തിനു് ഒട്ടും അനുകൂലമായിരുന്നില്ല. അഡ്ഹോക് കമ്മിറ്റിക്ക്ശേഷം നിലവിൽ വന്ന പുതിയ കമ്മിററിയുടെ പ്രവർത്തനം ശക്തിപ്പെടുന്നതിനു മുമ്പായിത്തന്നെ സമരംപൊട്ടിപുറപ്പെട്ടു. ഖജാൻജിയായിരുന്ന കെ.സി.നമ്പ്യാർ ബോംബെ സമ്മേളനത്തിൽ ഹാജരായിരുന്നു. അദ്ദേഹം ഒരു തരത്തിൽ പോലീസിന്റെ കണ്ണുവെട്ടിച്ച് പയ്യന്നൂരിൽ എത്തി. എന്നാൽ അദ്ദേഹം അധികംതാമസിയാതെ അറസ്റ്റിലായെങ്കിലും കേളപ്പന്റെ കാലത്തു് ഇവിടെ വേരൂന്നിയിരുന്ന കോൺഗ്രസ് സംസ്കാരം ജനതയെ തട്ടിയുണർത്തി. യുവാക്കൾ അവിടവിടെ ഒത്തുചേർന്നു സമരഭൂവിലേക്കു കുതിച്ചു.

**കോഴിക്കോട്:** ഗാന്ധിജിയടക്കമുള്ള നേതാക്കൾ അറസ്റ്റ് ചെയ്യപ്പെട്ട വിവരം അറിഞ്ഞഉടനെ കോഴിക്കോട് അങ്ങാടികളെല്ലാം അടഞ്ഞു. വൈകുന്നേരം മുതലക്കുളം മൈതാനിയിൽ പ്രതിഷേധ സമ്മേളനം നടന്നു. ഏറനാട് കലാപത്തിനു 20 കൊല്ലത്തേക്ക് ശിക്ഷിക്കപ്പെട്ടു. പിന്നീട് മോചിതനായ എം. പി. നാരായണ

മേനോനായിരുന്നു അദ്ധ്യക്ഷൻ. രാത്രിയിൽ പട്ടണത്തിനടുത്ത ഗോവിന്ദപുരത്ത് പ്രവർത്തകന്മാർ യോഗം ചേർന്നു് ഭാവിപരിപാടികൾ ആസൂത്രണം ചെയ്തു. ആഗസ്റ്റ് 20ന് 'അഖില കേരള സമര പ്രഖ്യാപനദിനം' ആചരിക്കുവാനും തീരുമാനിച്ചു.

**"പീരങ്കി നമ്പീശൻ"** ആഗസ്റ്റ് 20ന് വൈകുന്നേരം 5മണിക്ക് മാനാഞ്ചിറമൈതാനിയിലും അൻസാരിപാർക്കിലും 144 ലംഘിച്ച് കൊണ്ട് 'അഖില കേരള സമര പ്രഖ്യാപനദിനം' ആചരിക്കുമെന്നു് പ്രഖ്യാപിച്ചു. നിശ്ചിതദിവസം നിശ്ചിത സമയത്തിന്നു്മുമ്പ്തന്നെ മാനാഞ്ചിറമൈതാനത്തിൽ പോലീസ് സേന തയ്യാറായി, മൈതാനത്തിൻെറ നാല് ഭാഗത്തും ജനങ്ങളും വന്നു്നിറഞ്ഞു. കൃത്യസമയത്ത് മൈതാനത്തിൻെറ വടക്കുപടിഞ്ഞാറുഭാഗത്ത് റോഡിൻെറ മറുവശത്ത് സ്ഥാപിച്ചിരുന്ന പീരങ്കിത്തറയിൽ മൂവർണ്ണക്കൊടി പറപ്പിച്ചുകൊണ്ട് അന്നു കോഴിക്കോട് ഹിന്ദിപ്രചാരകനായി പ്രവർത്തിച്ചുവന്ന ശ്രീ. വി. എം. ഗോവിന്ദൻ നമ്പീശൻ പ്രത്യക്ഷപ്പെട്ടു. അൻസാരി പാർക്കിൽ ശങ്കരൻ വൈദ്യരും (വൈദ്യർ മാതൃഭൂമിയിൽ കമ്പോസിററായിരുന്നു) മുദ്രാവാക്യങ്ങൾ മുഴങ്ങി. 'ആഗസ്റ്റ് വിപ്ലവം വിജയിക്കട്ടെ' 'മഹാത്മാഗാന്ധി കീ ജയ്' 'സ്വാതന്ത്ര്യഭാരതം വിജയിക്കട്ടെ' 'കരോ യാ മരോ' മുദ്രാവാക്യങ്ങൾ മുഴങ്ങിയതും പോലീസ് സേന കല്ലേറ്കൊണ്ട കടന്നൽക്കൂട്ടംപോലെയായി. ഒരു ഭാഗം അൻസാരി പാർക്കിലോടി, മററൊരു വിഭാഗം നമ്പീശൻെറ നേക്കുകുതിച്ചു. ബാക്കിയുള്ളവർ നാലുപാട്ടും ജനങ്ങളുടെ നേർക്കും പാഞ്ഞടുത്തു.

നമ്പീശൻ പ്രസംഗം ആരംഭിച്ചപ്പോഴേക്കും പോലീസുകാർ പീരങ്കിത്തറയിൽനിന്നും അദ്ദേഹത്തെ താഴേക്കു വലിച്ചിട്ടിരുന്നു. നാല് പാട്ടനിന്നും ലാത്തിയടിയേററ നമ്പീശന് പിന്നീടൊന്നും ഓർമ്മയുണ്ടായിരുന്നില്ല. കണ്ണു തുറന്നപ്പോൾ മാനാഞ്ചിറമൈതാനത്തിൻെറ വടക്കഭാഗത്തു് റോഡിന്നു് മറുഭാഗത്തു് സ്ഥിതിചെയ്യുന്ന പോലീസ് ആപ്പീസിൽ ചൂരൽ വടിയുമായി നിന്നിരുന്ന പോലീസ് സജ്ജൻെറ മുമ്പിലായിരുന്നു. അടുത്തുതന്നെ വൈദ്യരും. അന്നത്തെ സായാഹ്നപത്രത്തിൽ വലിയ അക്ഷരത്തിൽ വാർത്ത വന്നു. 'പീരങ്കി നമ്പീശൻ അറസ്റ്റിൽ' അന്നുമുതൽ വി. എം. ഗോവിന്ദൻ നമ്പീശൻ 'പീരങ്കി നമ്പീശൻ' എന്നറിയപ്പെടാൻ തുടങ്ങി.

സമര പരിപാടികൾ തുടർന്നുവന്നു. ഗവർമ്മെണ്ട് സമരഭടന്മാരോട് ഏററവും ഹീനമായ നയമാണ് കൈക്കൊണ്ടത്. അധി

കമാളുകളേയും ക്രൂരമായി മർദ്ദിച്ച് വിട്ടയച്ചു. കുറേപ്പേരെ മർദ്ദിച്ച ശേഷം ലോക്കപ്പിലാക്കി വിട്ടു. കുറേപ്പേരെ മർദ്ദിക്കുകയും ഒന്നോ രണ്ടോ മാസത്തേക്ക് ശിക്ഷിക്കുകയും ചെയ്തു, ആദ്യകാലത്ത് വെറും ന്യൂസൻസിനാണ് ചാർജ്ജ്ചെയ്തിരുന്നത്. ഇത് വെറും ഗുണ്ടായിസമാണെന്ന് സ്ഥാപിക്കുകയായിരുന്നു ഈ നയത്തിൻെറ ഉദ്ദേശം. വലിയവരുടെ സ്ഥിതിയും ഇതുതന്നെയായിരുന്നു. കോടതി പ്രവർത്തിച്ചുകൊണ്ടിരിക്കെ ഉള്ളിൽകടന്ന് നോട്ടീസ് വിതരണംചെയ്ത് മുദ്രാവാക്യം മുഴക്കിയ ഒററപ്പാലത്തെ അദ്ധ്യാപകനായ വെള്ളരാമയ്യർക്കും (യൂറോപ്യനെപ്പോലെ ആസകലം വെള്ളനിറമായതിനാൽ ആ പേർ വന്നു). ന്യൂസൻസ് ചാർജ്ജിന് ഒരു മാസത്തെ തടവാണ് കൊടുത്തത്.

**ജവഹർലാലിൻെറ മറുപടി:** പിന്നീട് ഗവമ്മെണ്ടിന് ഒരു നല്ല സന്ദർഭവും കിട്ടി. പ്രസ്ഥാനത്തിന്റെ ഭാഗമായി നശീകരണ പ്രവർത്തനങ്ങൾ നടന്നതിനെ പൊക്കിപ്പിടിച്ചുകൊണ്ട് ബ്രിട്ടീഷ് ഗവമ്മെണ്ട് ലോകത്തിന് മുമ്പാകെ ഒരു പ്രശ്നം ഉന്നയിച്ചു. 'ഇതെങ്ങനെ കോൺഗ്രസ് സമരമാകും? കോൺഗ്രസ് അഹിംസാവാദികളുടേതല്ലേ? ഇപ്പോൾ കോൺഗ്രസ് നിയമവിരുദ്ധവും നേതാക്കന്മാർ ജയിലിലുമാണ് താനും'.

കോൺഗ്രസ് നേതാക്കൾക്ക് ഉത്തരമുണ്ടായിരുന്നില്ല. കാര്യം വാസ്തവവുമായിരുന്നു. കോൺഗ്രസിന് എങ്ങനെ ഉത്തരവാദിത്വം ഏറെറടുക്കാൻ സാധിക്കും? ഈയവസരത്തിൽ നെഹറു എല്ലാവരേയും അത്ഭുതപ്പെടുത്തുമാറ് മറുപടി നൽകി.:— പ്രസ്ഥാനത്തിൻെറ ഉത്തരവാദിത്വം ഞാൻ ഏറെറടുക്കുന്നു. ഇത് കോൺഗ്രസിൻെറ മാത്രമല്ല സകലമാന ഭാരതീയ ജനതയുടെയും സമരമാണ്. എവിടെയെങ്കിലും ഹിംസാപ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അതിനുത്തരവാദി കോൺഗ്രസ്സോ ഞാനോ അല്ല. സമരം ആരംഭിക്കുന്നതിന് മുമ്പ് കോൺഗ്രസ്സിനെ നിയമവിരുദ്ധമാക്കി നേതാക്കന്മാരെയെല്ലാം തടവിലാക്കിയ ഗവർമ്മെണ്ട്തന്നെയാണ്. അവരുടെ നേതൃത്വമുണ്ടായിരുന്നെങ്കിൽ സമരം അഹിംസാത്മകമാകുമായിരുന്നു. ബ്രിട്ടീഷ് ഗവർമ്മെണ്ട് എല്ലാ മർദ്ദനമുറകളും അവലംബിച്ചപ്പോൾ എൻെറ ഭാരതീയ ജനത അടിപതറാതെ പല്ലും നഖവും ഉപയോഗിച്ച് ചെറുത്തുനിന്നു. ഞാൻ അഭിമാനം കൊള്ളുന്നു. അവർ ഭീരുത്വം കാണിച്ചിരുന്നെങ്കിൽ അപമാനംകൊണ്ട് എൻെറ തല താഴുമായിരുന്നു. അതിനാൽ ഞാൻ സാഭിമാനം പ്രസ്ഥാനത്തിന്റെ

മുഴവൻ ഉത്തരവാദിത്വവും ഞാനേറ്റെടുക്കുന്നു. നെഹറു തുറന്നടിച്ചു.

**പുതിയനേതൃത്വം:–** അക്കാലത്ത് ജയപ്രകാശ്നാരായൺ ഹസാരിബാഗ് ജയിലിൽനിന്നും പുറത്തുചാടി. അദ്ദേഹം അണ്ടർ ഗ്രൗണ്ടിൽ പോയി അല്പനാളുകൾക്കുള്ളിൽ പഴയ കൂട്ടുകാരുമായി ബന്ധം സ്ഥാപിച്ചു. അവർ ബോംബെയിൽ ഒത്തുകൂടി. സമരം കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഒരു പദ്ധതി തയ്യാറാക്കി. അവരിൽ പ്രധാനികൾ അശോകമേത്ത, രാംമനോഹർലോഹ്യ, അച്യുതപടവർദ്ധൻ. അരുണാഅസഫ്അലി, ഡോ. കെ. ബി. മേനോൻ എന്നിവരായിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന്ന് ഓരോ നേതാവിൻെറ നേതൃത്വത്തിൽ ചുരുക്കം പ്രവർത്തകരെ ഓരോ ഭാഗത്തേക്കയക്കുകയും ചെയ്തു.

ഡോ: കെ. ബി. മേനോൻെറ നേതൃത്വത്തിൽ എൻ. എ. കൃഷ്ണൻ നായർ, വി. എ. കേശവൻനായർ, എൻ. ശങ്കരൻ നായർ, മത്തായി മാഞ്ഞുരാൻ എന്നിവർ കേരളത്തിലെത്തി. മാഞ്ഞുരാൻ കൊച്ചി തിരുവിതാംകൂർ പ്രവർത്തനങ്ങൾക്കായിപോയി. മററുള്ളവർ മലബാറിലേക്കും വന്നു, അവർ ഇവിടുത്തെ പ്രവർത്തകരുമായി ബന്ധം സ്ഥാപിച്ചു. മലബാറിൻെറ മുഴവൻ ഭാഗങ്ങളുമായി ബന്ധപ്പെട്ട് പുതിയപദ്ധതിയനുസരിച്ച് പ്രവർത്തനവും തുടങ്ങി. അതിൽ വിദ്ധ്വംസകപ്രവർത്തനങ്ങൾക്കായിരുന്നു പ്രാധാന്യം.

**അഖിലകേരളഗ്രാമസേവാസംഘം:** വിദ്ധ്വംസനപ്രവർത്തനങ്ങൾസംഘടനാരൂപീകരണം, നിയമലംഘനം എന്നിങ്ങനെ സമരത്തിന് മൂന്നു ഘടകങ്ങളുണ്ടായിരുന്നു. കോൺഗ്രസ് നിയമവിരുദ്ധമാക്കപ്പെട്ടതിനാൽ മററു പേരുകളിൽ സംഘടനാപ്രവർത്തനം നടന്നു. അതുപ്രകാരം അഖില കേരള ഗ്രാമ സേവാ സംഘം രൂപീകരിച്ചു. ആദ്യമായി നിയമാവലി തയ്യാറാക്കി. പിന്നീട് സംഘാടകനായ വി. എം. ഗോവിന്ദൻ നമ്പീശൻ മലബാർ മുഴവൻ സഞ്ചരിച്ച് ഓരോ താലൂക്ക് സംഘാടകനെ നിയമിച്ചു. കൊച്ചിയിലും തിരുവിതാംകൂറിലേയും ജോലി ശ്രീമാന്മാർ കെ. എൻ. നമ്പീശൻ, കെ കെ. ചെല്ലപ്പൻ പിള്ള എന്നിവരേയും ഏൽപിച്ചു.

**കേന്ദ്രസമിതി, പതാക. ആഫീസ്:** അല്പനാളുകൾക്കുള്ളിൽ തന്നെ പ്രാദേശികസമിതികളും കേന്ദ്രസമിതിയും (അഖില കേരള ഗ്രാമ സേവാ സംഘം പ്രവർത്തക സമിതി) നിലവിൽ വന്നു. മദ്ധ്യ

ത്തിൽ അഖിലകേരള ഗ്രാമസേവസംഘം എന്നെഴുതിയ ത്രിവർണ്ണ പതാക സംഘത്തിൻെറ പതാകയായി അംഗീകരിക്കപ്പെട്ടു. മലബാറിലെ പട്ടണങ്ങളിൽ മാത്രമല്ല ഗ്രാമങ്ങളിൽപ്പോലും ആപ്പീസ്സുകൾ തുറന്നു, ത്രിവർണ്ണപതാകകൾ പാറിപ്പറന്നു.

ഇങ്ങിനെ കോൺഗ്രസ്സ് നിയമവിരുദ്ധമാക്കപ്പെട്ടപ്പോൾ അപ്രത്യക്ഷമായ ത്രിവർണ്ണപതാക പുതിയ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. രാഷ്ട്രീയരംഗത്തെ ഒരു വലിയ ശൂന്യത ഇല്ലാതാവുകയുംചെയ്തു.

**പ്രവർത്തനങ്ങൾ:–** കോൺഗ്രസ്സിൻെറ നിർമ്മാണ പരിപാടിയായിരുന്നു സംഘത്തിൻെറ പ്രവർത്തനപരിപാടിയായി അംഗീകരിച്ചിരുന്നത്. അതനുസരിച്ച് പലേടങ്ങളിലും നൂല്പ്, നെയ്ത്ത്, കൈകൊണ്ടുള്ള കടലാസ് നിർമ്മാണം എന്നീകേന്ദ്രങ്ങൾ തുറന്നു.

**പദയാത്രകളും താലൂക്ക് സമ്മേളനങ്ങളും:–** ജനങ്ങളെ ബോധവാന്മാരാക്കുന്നതിന്ന് കോട്ടയം, കുറുമ്പനാട് താലൂക്കുകളിൽ പദയാത്രകൾ നടത്തി, കോട്ടയം വള്ളുവനാട് താലൂക്കുകളിൽ താലൂക്ക് സമ്മേളനങ്ങളും, പ്രാദേശികസമ്മേളങ്ങൾ എല്ലായിടത്തും ഉണ്ടായി.

**പ്രവർത്തനക്യാമ്പ്:–** അങ്ങാടിപ്പുറത്ത് ഏഴുദിവസം നീണ്ടുനിന്ന പ്രവർത്തകക്യാമ്പ് നടന്നു. അതിൽ മലബാറിലെ എല്ലാ താലൂക്ക്കളിൽ നിന്നും പ്രവർത്തകന്മാർ പങ്കെടുത്തു. അവിടെ സംസ്ഥാനത്തിൻെറ വിവിധഭാഗങ്ങളിൽ നിന്നും നേതാക്കന്മാർ വന്നുക്ലാസ്സെടുത്തു. പുതിയ പ്രവർത്തകന്മാർക്ക് അത് വളരെ പ്രയോജനകരമായിരുന്നു.

**മററ് പ്രവർത്തനങ്ങൾ:–** സംഘംനിയമവിധേയമായിരുന്നു. അതിൻെറ പ്രവർത്തനപരിപാടിയും അങ്ങിനെതന്നെ. അതിനാൽ ആ പ്രവർത്തനങ്ങളെല്ലാം സാധാരണപോലെ നടന്നുവന്നു. എന്നാൽ മറവിൽ മററു പലതും നടത്തപ്പെട്ടുവരികയും ചെയ്തു.

ആഗസ്റ്റ് 9, ഒക്ടോബർ 2, ജനുവരി 26 തുടങ്ങിയ വിശേഷദിവസങ്ങളിൽ ജാഥകളും പിക്കററിംഗുകളും, സഭകളും നടത്തി. ഒരു തവണ കോഴിക്കോട് അൻസാരി പാർക്കിൽ വെച്ച് രാഷ്ട്രീയസമ്മേളനവും നടത്തി.

**പോലീസ് സർച്ച്, അറസ്റ്റ്, ലോക്കപ്പ്, ജയിൽ:—**

ഗവർമ്മെണ്ട് ആരംഭം മുതൽക്ക് തന്നെ സംഘത്തെ സംശയത്തോടെയാണ് വീക്ഷിച്ചിരുന്നത്. ഈ സമരപരിപാടികൾ നടന്ന് വന്നപ്പോൾ അഖിലകേരള ഗ്രാമസേവാസംഘമാണ് അവയ്ക്ക് പിന്നിലെന്ന് അവർക്ക് പൂർണ്ണമായി ബോദ്ധ്യമായി. അതോടെ ഉപദ്രവവും തുടങ്ങി. ആഫീസുകൾ സർച്ച് ചെയ്യുക പ്രവർത്തകരെ അറസ്റ്റ് ചെയ്ത് ലോക്കപ്പിൽ വെക്കുക എന്നിവ സർവ്വസാധാരണമായി. അങ്ങാടിപ്പുറം ക്യാമ്പിലും പോലീസ് സർച്ചുണ്ടായി. അവരുടെ അനുമാനം ശരിയായിരുന്നു. സംഘംതന്നെയായിരുന്നു ഈ പ്രവർത്തനങ്ങളുടെ പ്രേരകശക്തി. നശീകരണപ്രവർത്തകർക്ക് നൽപ് ആപ്പീസുകൾ രക്ഷാസങ്കേതങ്ങളായും പ്രവർത്തിച്ചിരുന്നു. അങ്ങാടിപ്പുറം അന്ന് കീഴരിയൂർ ബോംബ്കേസ് സംബന്ധിച്ച് വാറണ്ട് പുറപ്പെടുവിക്കപ്പെട്ടിരുന്നു. ലവ കുശന്മാരും ഉണ്ടായിരുന്നു. [നശീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച രഹസ്യങ്ങൾ എത്തിച്ചുകൊടുത്തിരുന്ന ഗോപാലൻ, ദാമോദരൻ എന്നീ യുവാക്കൾ പ്രവർത്തകർക്കിടയിൽ ലവകുശന്മാരെന്നാണറിയപ്പെട്ടിരുന്നത്.] അന്വേഷണാവസരത്തിൽ അവർ അവിടെ നിന്നും രക്ഷപ്പെട്ടു. അതുപോലെ കൊച്ചിയിലെ ഒളിപ്രവർത്തകനായിരുന്ന എ. വി. നമ്പ്യാരും കുറച്ച് നാളുകൾ ചാലപ്പുറം ആപ്പീസിൽ തങ്ങിയിരുന്നു.

**കേന്ദ്രആപ്പീസും കാര്യദർശിയും:–** ചാലപ്പുറത്തെ കേന്ദ്രകമ്മിറ്റി ആപ്പീസിൽ രണ്ട് തവണ സർച്ച് നടന്നു. ഭാഗ്യവശാൽ രണ്ടവസരങ്ങളിലും കാര്യദർശി അവിടെ ഉണ്ടായിരുന്നില്ല.

**കതിരൂർ സമ്മേളനം പൂങ്കുന്നത്ത്:-** 1944ൽ തലശ്ശേരിക്കടുത്ത കതിരൂരിൽ വെച്ച് സംഘത്തിൻെറ വാർഷികോത്സവം വലിയതോതിൽ നടത്തുവാൻ തീരുമാനിച്ചതറിഞ്ഞ് ഗവർമ്മെണ്ടറിഞ്ഞു കതിരൂരിലെന്നല്ല മലബാറിലൊരിടത്തും നടത്തുവാൻ പാടില്ലെന്ന നിരോധനം വന്നു. ഗത്യന്തരമില്ലാതെ കൊച്ചിയിൽ തൃശ്ശൂരിനടുത്ത പൂങ്കുന്നത്ത് വെച്ച് സമ്മേളനം നടത്തേണ്ടിവന്നു.

**കമ്മ്യൂണിസ്റ്റ് ദ്രോഹം:-** സംഘത്തിൻെറ അക്ഷീണപരിശ്രമത്തിൻെറ ഫലമായി ജനങ്ങൾ ദിവസം കഴിയും തോറും അതിലേക്കാകർഷിക്കപ്പെട്ടുകൊണ്ടിരുന്നു. കമ്മ്യൂണിസ്റ്റ് ശക്തിക്ഷയിച്ച് വരുമെന്നതായിരുന്നു പ്രത്യക്ഷഫലം. ആദ്യമേ സമരവിരുദ്ധരായി

രുന്ന അവർ പലതരത്തിൽ ദ്രോഹിക്കുവാനും തുടങ്ങി. സഭകൾ അലങ്കോലപ്പെടുത്തുക. പോലീസിന്ന് ഒററിക്കൊടുക്കുക, പ്രവർത്തകരെ ജാപ്പ് ഏജൻറുമാരെന്നു പറയുക എന്നിവ അവരുടെ പരിപാടിയായി. സംഘം ഇവരണ്ടിൻെറയും — ഒരു വശത്ത് ഗവമ്മെൻറ് മറുവശത്ത് കമ്മ്യൂണിസ്റ്റ്കാർ— ഇടയിൽ എല്ലാംസഹിച്ചുകൊണ്ട് അവസാനം വരെ ത്രിവർണ്ണപതാക പറപ്പിച്ചുകൊണ്ട് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തി സമരാഗ്നികെടാതെ സൂക്ഷിച്ച്‌വന്നു.

**മററ് സംഘടനകൾ:** അഖില കേരള ഗ്രാമ സേവാസംഘത്തെ അനുകരിച്ചുകൊണ്ട് ദേശീയ വിദ്യാർത്ഥി സംഘം, ദേശീയ തൊഴിലാളി സംഘം ദേശീയ മഹിളാ സംഘം എന്നിവയും സംഘടിക്കപ്പെടുകയുണ്ടായി,

**ദേശീയ വിദ്യാർത്ഥി സംഘം:** പ്രസ്ഥാനത്തിൻെറ ആരംഭത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹർത്താൽ, പിക്കററിംഗ്, മുതലായവ സംഘടിപ്പിച്ചതിന്ന് കുറെ വിദ്യാർത്ഥികൾ അവിടെനിന്നും പുറത്താക്കപ്പെട്ടിരുന്നു. കോഴിക്കോട് ഗണപത് ഹൈസ്കൂളിലെ കെ. ആർ. പണിക്കർ (അദ്ദേഹം മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. മരിച്ചുപോയി) വി. എം. കോറാത്ത്–അദ്ദേഹവും മാതൃഭൂമി സഹപത്രാധിപരായിത്തീന്നു. ജോലിയിൽനിന്നു് പിരിഞ്ഞു. കെ. പി. മുഹമ്മദ് – അദ്ദേഹം രാഷ്ട്രീയ രംഗത്ത് പല ഉന്നത പദവികളിലുമെത്തി. ലോകദളിൻെറ കേരള ശാഖാദ്ധ്യക്ഷനുമായി. സെൻറ് ജോസഫസ് ഹൈസ്കൂളിലെ ദയാനന്ദനാഗജി, സാമൂതിരി കോളേജിലെ നവീൻ ഈശ്വരചന്ദ്ര ഷറാഫ് എന്നിവർ അവരിൽ പ്രമുഖരായിരുന്നു. മദ്രാസിലെ കോളേജിൽനിന്നുപുറത്താക്കപ്പെട്ട ടി. വി. കുഞ്ഞികൃഷ്ണനും വടകരയിലെത്തിയിരുന്നു ഇവരെല്ലാം ചേർന്നു് ദേശീയ വിദ്യാർത്ഥി സംഘം രൂപീകരിച്ചു. ഇവരുടെ പരിശ്രമഫലമായി കമ്യൂണിസ്റ്റ് വിദ്യാത്ഥിസംഘടനയുടെ ശക്തി കുറഞ്ഞു വന്നു.

കോഴിക്കോട് നിന്നും ഒരു സംഘം വിദ്യാർത്ഥികൾ 'ദല്ലി ചലോ' മാർച്ച് നടത്തി. കോഴിക്കോട് നിന്നു കുററ്റിപ്പുറത്തെവെച്ച് അറസ്റ്റ്ചെയ്യപ്പെട്ടു.

ആരംഭത്തിൽ വിദ്യാർത്ഥികൾ കോഴിക്കോട്ടും കണ്ണൂരും നല്ലവണ്ണം പ്രക്ഷോഭം നടത്തി. കോഴിക്കോട്ട് അഡ്വക്കററ് കെ. പി. രാവുണ്ണി മേനോൻ അവർക്ക് നേതൃത്വം നൽകി.

കണ്ണൂരിൽ പി യം കുഞ്ഞിരാമൻ നമ്പ്യാരുടെ നേതൃത്വത്തിലായിരുന്നു വിദ്യാർത്ഥി പ്രക്ഷോഭം നടന്നത്. മിക്കവാറും എല്ലാ സ്കൂളുകളിലും അത് വ്യാപിച്ചിരുന്നു. വളരെയധികം വിദ്യാർത്ഥികൾ പഠിപ്പുപേക്ഷിച്ച് പ്രക്ഷോഭത്തിൽ തന്നെ മുഴുകുകയുണ്ടായി.

അവരിൽ ചിലർക്ക് സമരത്തിനുശേഷവും പഠിപ്പ് തുടരാൻ കഴിഞ്ഞില്ല. അതിനാൽ ഇഷ്ടാനുസരണം തങ്ങളുടെ ഭാവിക്ക് രൂപം നൽകുവാനും കഴിഞ്ഞില്ല. താഴക്കാട് മനയിലെ തിരുമുമ്പ് സഹോദരന്മാരിൽ ഹരീശ്വരൻെറ മകനായ വിജയൻ നമ്പ്യാർ ഇവരിൽ ഒരാളാണ്. വിജയൻ സമരരംഗത്ത്തന്നെ ഉറച്ചുനിന്നു. പിന്നീട് ഹോസ്ദുർഗ്ഗ് താലൂക്ക് ഗ്രാമ സേവാസംഘംരൂപീകരിച്ച് പ്രവർത്തിക്കുന്നതിൽ മുഴുകി. (താഴക്കാട് ഉത്തരകേരളത്തിലെ പ്രസിദ്ധ ജന്മിത്തറവാട്ടുകളിൽ ഒന്നാണ്. ആ തറവാട്ടിലെ ഉണ്ണികൃഷ്ണൻ, ഹരീശ്വരൻ, സുബ്രഹ്മണ്യൻ, നാരായണൻ എന്നീ സഹോദരന്മാർ 30–31ലെ ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുത്ത് ജയിൽവാസം വരിച്ചിരുന്നു. ഹരീശ്വരൻ തിരുമുമ്പ് ക്വിററിന്ത്യാ സമരത്തിലും സജീവ പങ്ക് വഹിക്കുകയുണ്ടായി.)

## രക്തസാക്ഷിയായ നവീൻ ഈശ്വര ചന്ദ്രഷറാഫ്:

'നവീൻ' സാമൂതിരി കോളേജിലെ എല്ലാതരത്തിലും നല്ലതായ വിദ്യാർത്ഥികളിൽ ഒരാളായിരുന്നു. വിപ്ലവം ആരംഭിച്ചപ്പോൾ നവീൻ കോളേജിൽ നിന്ന് പുറത്തുവരികയും പിക്കററിംഗ്, ഹർത്താൽ തുടങ്ങിയവയ്ക്കു് നേതൃത്വം നല്കുകയും ചെയ്തു. ഇതു സംബന്ധിച്ച് നവീൻ അറസ്ററു ചെയ്യപ്പെട്ടു. കേസ്സു നടന്നു. ജയിൽ ശിക്ഷയും നൽകപ്പെട്ടു. ആ അവസരത്തിൽ അച്ഛനമ്മമാർ നവീനനെ വിട്ടുവിച്ചുകൊണ്ടുവരുവാൻ ശ്രമിച്ചു. കണ്ണീരിൻെറ ഭാഷയിൽ പുത്രനോടപേക്ഷിച്ചു. എന്നാൽ മറുപടി ഇതായിരുന്നു. 'ഞാൻ അടിമദേശത്തിലല്ല, സ്വതന്ത്രരാജ്യത്തെ ജീവിക്കുകയുള്ളു'. ഈശ്വരേച്ഛയെന്നുതന്നേ പറയാം, അത്തന്നെ സംഭവിക്കുകയും ചെയ്തു നവീൻ ജയിലലടയ്ക്കപ്പെട്ടു. അവിടെ രോഗം പിടിപെട്ടു, പരലോകം പൂകി.

**ദേശീയമഹിളാസമാജം:** കോഴിക്കോട്ടെ കുഞ്ഞിക്കാവമ്മ, കെ ലക്ഷ്മിക്കുട്ടിയമ്മ കൊയിലാണ്ടിയിലെ ഇ. അമ്മുക്കുട്ടിയമ്മ മുതലായവർ വിപ്ലവാരംഭത്തിൽതന്നെ രംഗത്ത് വന്നിരുന്നു. പിന്നീട് ജി.സരോജിനിയും ജി. സുശീലയും പ്രവർത്തന നിരതരായി. ഇവർ

എ വി കുട്ടിമാളുഅമ്മയുടെ തറവാട്ടിൽപ്പെട്ടവരാണ്. അക്കാലത്ത് മദ്രാസിൽ കോളേജിൽ പഠിക്കുകയായിരുന്ന ഇവർ പ്രസ്ഥാനത്തിൽ പങ്കെടുത്തതു കാരണം പുറത്താക്കപ്പെട്ടപ്പോൾ മലബാറിലെത്തി. ഇവരുടെയെല്ലാം നേതൃത്വത്തിൽദേശീയ മഹിളാസമാജം സംഘടിപ്പിക്കപ്പെട്ടു. സമാജത്തിൽ മലബാറിന്റെ വിഭിന്നഭാഗങ്ങളിൽ ശാഖകൾ സ്ഥാപിച്ചു. അവിടെ സ്ത്രീ വിദ്യാഭ്യാസം പ്രചരിപ്പിച്ചു. സ്ത്രീകളുടെ കത്തവ്യം രാജ്യസ്നേഹം എന്നീ വിഷയങ്ങളിൽ പ്രസംഗങ്ങളും നടന്നു. അതിന്റെ ഫലമായി അവരിൽ ഒരു പുതിയ ഉണർവ്വുണ്ടായി. വളരെയധികം സ്ത്രീകൾ അടുക്കളവിട്ട സമരരംഗത്തെത്തി.

**ദേശീയതൊഴിലാളി സംഘം:-** കോഴിക്കോട്ടെ ടി. ആർ. പണിക്കർ, കുഞ്ഞാണ്ടി, ഫറോക്കിലെ അലവി, കോരു, കൊയിലാണ്ടിയിലെ കുമാരൻ കണ്ണൂരിലെ പാമ്പൻമാധവൻ, ടി. വി. അനന്തൻ എന്നിവരുടെ നേതൃത്വത്തിൽ ദേശീയ തൊഴിലാളി സംഘടന രൂപീകൃതമായി. ഇവരുടെ പ്രവൃത്തികൾ കൂടുതൽ വിഷമമായിരുന്നു. കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള സംഘടനകളിൽനിന്നു തൊഴിലാളികളെ പുറത്ത് കൊണ്ടുവരിക എളുപ്പമായിരുന്നില്ല, എങ്കിലും പരിശ്രമം പാഴായില്ല. വലിയ വലിയ തൊഴിലാളി കേന്ദ്രങ്ങളിൽ സംഘത്തിന്റെ ശാഖകൾ സ്ഥാപിതമായി. പ്രചരണവും നടന്നുകൊണ്ടിരുന്നു. സംഘം വക പലേടത്തും സഭകളും സമ്മേളനങ്ങളും നടത്തപ്പെട്ടു. അവയിൽ മലബാറിന്ന് പുറത്തുള്ള നേതാക്കന്മാരും പങ്കെടുത്ത് പ്രസംഗിച്ചു. ശ്രീ. ആർ. എം. മനയ്ക്കലാത്തും മററും അവരിൽ പെടുന്നു. [പിന്നീട് അദ്ദേഹം മാതൃഭൂമിയിൽ ഉന്നത പദവിയിൽ ജോലി ചെയ്തു] ഇന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരൻഅക്കാലത്ത് തൊഴിലാളി പ്രവർത്തകനായിരുന്നു. പലഭാഗങ്ങളിലും പ്രസംഗിച്ച്കൊണ്ടിരുന്നു. ക്രമേണ തൊഴിലാളികളുടെ മേലുണ്ടായിരുന്നകമ്മ്യൂണിസ്റ്റാധിപത്യവും ഇല്ലാതായിത്തുടങ്ങി. ഈ പുതിയ സംഘടനകളുടെ ആവിർഭാവവും പ്രയാണങ്ങളും ഒരു വശത്ത് കമ്മ്യൂണിസ്റ്റുശക്തി ക്ഷയിച്ചു, മറുവശത്ത് വിപ്ലവപ്രസ്ഥാനത്തിനുകൂലമായ മനോഭാവം ശക്തിപ്പെടുത്തുകയുംചെയ്തു.

**വിധ്വംസന പ്രവർത്തനങ്ങൾ:-** ഒരു വശത്ത് തുറന്ന രീതിയിൽ സംഘടനാ പ്രവർത്തനങ്ങളും മറുവശത്ത് ഗോപ്യമായ നശീകരണ പ്രവർത്തനങ്ങളും നടന്നുവന്നു. ബ്രിട്ടീഷ് കിരാത

വാഴ്ചയോടുള്ള അമർഷം ജനങ്ങളെ ആ നിലയിലേക്കെത്തിച്ചു. റെയിലുകൾ വലിക്കുക, കമ്പികൾ മുറിക്കുക, മുതലായ പ്രവർത്തികൾ ആരംഭം മുതൽക്കേ അവിടവിടെ ചെറിയ തോതിൽ നടന്നു. പുതിയ നേതൃത്വം അവക്കു സംഘടിത രൂപം നൽകാൻ ശ്രമിച്ചു.

പ്രവർത്തകരെ കർമ്മനിരതരാക്കുന്നതിന്നു മലബാറിന്റെ പല ഭാഗങ്ങളിലും രഹസ്യ യോഗങ്ങൾ നടന്നുവന്നു. ഇവയിലോരോന്നിലും ഏതെങ്കിലും ഒരു നേതാവ് പങ്കെടുക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വന്നു.

മയ്യഴിക്കടുത്ത ചോമ്പാലിൽ ഒരു ഉപ്പ് ഡിപ്പോവിന് തീ വെച്ചു. തലശ്ശേരി റെയിൽവേ സ്റ്റേഷനിൽ നിന്ന് രണ്ട് കിലോമാററർ അകലെ ഒരു പാലം ഡയനമിററ് വച്ച് തകർക്കാനുള്ള ശ്രമം നടന്നു. ബോംബ് സ്പോടനം കൊണ്ട് തലശ്ശേരി സബ് കോടതി എടുപ്പിന്റെ ചുമരുകളിൽ വിള്ളലുണ്ടായി. കുറെ സ്ഥലത്ത് കമ്പികൾ മുറിക്കപ്പെട്ടു. കൊയിലാണ്ടിക്കും കണ്ണൂർക്കുമിടയിലുള്ള ഓവ് പാലം ഡയനാമിററ് വെച്ച് തകർക്കപ്പെട്ടു. നടുവണ്ണൂരിലെ റജിസ്ത്രാഫീസ് കൊള്ളിവെക്കപ്പെട്ടു. പലേടങ്ങളിലും കമ്പികൾ മുറിക്കപ്പെട്ടു, റെയിലുകൾ നീക്കപ്പെട്ടു, രാത്രി വണ്ടിക്ക് തെക്ക് നിന്നും പട്ടാളം വരുന്നുണ്ടെന്നു കേട്ട് ഫറോക്ക് പാലം ബോംബ് വെച്ച് തകർക്കാനുള്ള ശ്രമവും നടത്തപ്പെട്ടു. എന്നാൽ അത് പൂർണ്ണമായും ഫലിച്ചില്ല.

**കീഴരിയൂർ ബോംബ് നിർമ്മാണം:–** നശീകരണ പ്രവത്തനങ്ങളിൽ ഇതായിരുന്നു ഏററവും പ്രമാദമായത്. ഇത് അഖിലേന്ത്യാ പ്രസിദ്ധവുമായിത്തീർന്നിരുന്നു.

**കേസുകളും ശിക്ഷകളും:–** മുകളിൽ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച പ്രാദേശിക പ്രവർത്തകരുടെ പേരിൽ കേസുകൾ ചാർജ്ജ് ചെയ്യപ്പെട്ടു. അവയ്ക്ക് പ്രത്യേക കോടതികൾ സ്ഥാപിക്കപ്പെടുകയും 5 കൊല്ലം വരെയുള്ള തടവ് നൽകപ്പെടുകയും ചെയ്തു.

**കീഴരിയൂർ ബോംബ് കേസ് –** കേളപ്പന്റെ അച്ഛന്റെ ഗ്രാമമായ കീഴരിയൂരിൽ കേളന്റെ അനുജൻ, മകൻ, ഡോക്ടർ കെ. സി മേനോൻ എന്നിവരുടെ നേതൃത്വത്തിൽ ബോംബ് നിർമ്മാണം നടന്നുവെന്നാണ് കേസ്. മലബാറിന്റെ വിഭിന്ന ഭാഗങ്ങളിൽ നിന്നുമായി ഏകദേശം 30 പേർ അതിൽ പ്രതികളായിരുന്നു.

കേസിന്നു കോഴിക്കോട് പ്രത്യേക കേടതി സ്ഥാപിക്കപ്പെട്ടിരുന്നു. കേസ് വാദിക്കുവാൻ മദ്രാസ്സിലെ പ്രസിദ്ധ അഡ്വക്കററായ ഭാഷ്യം അയ്യങ്കാർ, സ്വാമിനാഥൻ മുതലായവർവന്നിരുന്നു. ഒരുഡിഫൻറ് കമ്മിററിയും സ്ഥാപിച്ചിരുന്നു. കേസിലെ പ്രധാന പ്രതിയായ കുനിയിൽ അച്ചുതൻ സമരത്തിൽ സജീവ പങ്കാളിയായിരുന്നു. മാപ്പ് സാക്ഷിയാക്കപ്പെട്ടുകയാണുണ്ടായത്. ഡോ: മേനോൻ മുതലായ സഹപ്രവത്തകർക്കെതിരെ മൊഴികൊടുക്കേണ്ട അച്ചുതൻ മോഹാലസ്യപ്പെട്ടുപോയെന്നാണ് പറയുന്നത്. കേസിൽ ഒന്നാം പ്രതിയായ ഡോ: മേനോന്. 10 കൊല്ലത്തെ ശിക്ഷ നൽകപ്പെട്ടു, മററുള്ളവർക്ക് 6 കൊല്ലം വീതവും. പ്രതികൾ, കൊയിലാണ്ടി സബ്ജയിലിൽ റിമാഡിൽ കഴിയവെ പോലീസ്മർദ്ദനം കണ്ട് സ്തംഭിച്ചുപോയ ചുമരുകൾക്ക് ഇന്നും വാക്ശക്തി കിട്ടില്ലെന്നാണ് പറയപ്പെടുന്നത്.

**ഒരു രക്തസാക്ഷി:** ഫറോക്ക് പാലം ബോംബ് കേസിൽ ജയിലലടക്കപ്പെട്ടവരിൽ ഫറോക്കിലെ ഒരു ഹോട്ടൽ (കമലാവിലാസം) വ്യാപാരിയായിരുന്ന അപ്പുക്കുട്ടിയുംഉണ്ടായിരുന്നു. ക്രൂരമായ പോലീസ് മർദ്ദനത്തിൻെറ ഫലമായി കുറച്ചു് നാളുകൾക്കുള്ളിൽ മരണമടഞ്ഞു.

**മററ് രക്തസാക്ഷികൾ:** ജയിൽ ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കെ ജയിലിൽത്തന്നെ വീരമൃത്യു വരിച്ച മററ് രണ്ട്പേരാണ് പാലക്കാട്ടെ കോംപിക്കുട്ടിമേനോനും കൊയിലാണ്ടിയിലെ കുമാരനും.

**"സ്വതന്ത്രഭാരതം":** ഭാരതത്തിൻെറ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സംഭവങ്ങളും നേതാക്കന്മാരുടെ സന്ദേശങ്ങളും ജനങ്ങളിലേക്കെത്തിക്കുന്നതിനായി സമരസമിതി ഇടക്കിടെ സൈക്കളോസ്റ്റൈൽ ചെയ്ത നോട്ടീസുകൾ വിതരണം ചെയ്തിരുന്നു. പിന്നീട് 4 പേജുകളുള്ളനോട്ടീസ് 'സ്വതന്ത്രഭാരതം' എന്ന പത്രംതന്നെ പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. പത്രത്തിൻെറ 17ലക്കങ്ങൾ പുറപ്പെട്ടവിച്ചിരുന്നു. അപ്പോഴേക്കും പത്രം അടിക്കുന്ന സ്ഥലം പോലീസ് പിടിച്ചെടുക്കുകയും പ്രവർത്തകനായിരുന്ന ശങ്കരൻ വൈദ്യരെ (ഇദ്ദേഹത്തെപ്പററി മുമ്പ് പ്രസ്താവിച്ചു] അറസ്റ്റുചെയ്യുകയും ചെയ്തു. അത് സംബന്ധിച്ച കേസിൽ വൈദ്യർക്ക് 2കൊല്ലത്തെ തടവ് ശിക്ഷയും കിട്ടി.

പത്രത്തിനെഴുതിയിരുന്നവർ ശ്രീ. എൻ. വി. കൃഷ്ണവാരിയർ [അദ്ദേഹം പിന്നീട് മാതൃഭൂമിയിൽ പ്രധാനപത്രാധിപരായി].

ആർ. എം. മനസ്സുലാത്ത് എസ്. കെ. പൊററക്കാട് എന്നിവരായിരുന്നു. കുടകിലെ ഘോരവനത്തിലെ ഏകാന്തതയിൽ 'സ്വതന്ത്രഭാരത' പ്രവർത്തനം നടത്തിയിരുന്ന ശ്രീ വാരിയർ തൻെറ അനുഭവങ്ങൾ എഴുതിയത് ഉൾക്കിടിലത്തോടെ വായിച്ചിരുന്നത് ചിലരെങ്കിലും ഓർക്കുന്നുണ്ടായിരിക്കും.

പത്രം പുറപ്പെടുവിക്കുന്നത് പോലെതന്നെ ആപല്ക്കരമായിരുന്നു പത്രം വിതരണകാര്യവും. സാഹസികരായ ചെറുപ്പക്കാർ എത്ര ധൈര്യത്തോട്ടം സമത്ഥമായ അത് നിർവ്വഹിച്ചിരുന്നുവെന്ന് അറിയേണ്ടതാണ്. ഒരു സംഭവം കേൾക്കുക.

**സാഹസികനായ കിടാവ്:-** ഒരു ദിവസം മംഗലാപുരം ഷോർണ്ണൂർ വണ്ടി പ്ലാററ്ഫോമിലെത്തിയപ്പോൾ കോട്ടും, സൂട്ടും ധരിച്ച ഒരു ചെറുപ്പക്കാരൻ കയ്യിൽ ഒരു സൂട്ട്കേസുമായി വണ്ടിയിൽ നിന്നിറങ്ങി. നേരെ വണ്ടികളുടെ പോക്ക്‌വരവ് സമയ വിവരങ്ങളെഴുതിയ ബോർഡിന്നരികിലേക്ക് പോയി നോക്കി. അടുത്ത് തന്നെ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഇരുന്നിരുന്നു യുവാവ് സൂട്ട്കേസ് പോലീസിൻെറ മുമ്പിൽ വെച്ച്, വണ്ടി പുറപ്പെടുവാൻ 10–15 മിനിട്ടുണ്ട്, ഞാൻ ലഘു ഭക്ഷണം കഴിച്ച് വരാം എന്ന് പറഞ്ഞ് അവിടെ നിന്നും പോയി. സമയമായപ്പോൾ വിസിലൂതി, വണ്ടി മെല്ലെ,മെല്ലെ നീങ്ങാൻ തുടങ്ങി. അപ്പോഴേക്കും യുവാവ് എത്തുകയും സൂട്ട്കേസുമെടുത്ത് കൊച്ചിയിലേക്ക് നീങ്ങിക്കൊണ്ടിരുന്ന വണ്ടിയിൽ കയറുകയും ചെയ്തു. വണ്ടി നീങ്ങി 'സ്വതന്ത്ര ഭാരത'ത്തിൻെറ കോപ്പികൾ ദക്ഷിണ കേരളത്തിലേക്ക് യാത്ര ചെയ്യുകയായിരുന്നു. ആ സാഹസികനായ യുവാവ് കേളപ്പൻെറ ഏക സന്താനമായ കുഞ്ഞിരാമൻ കിടാവായിരുന്നു.

## പയ്യന്നൂരിൽ ഖാദി പ്രവത്തകരും ഹിന്ദിപ്രചാരകന്മാരും

മലബാറിലെ മിക്കവാറും എല്ലാ ഖാദി വസ്ത്രാലയവും [അഖില ഭാരത ചർക്കാ സംഘത്തിൻെറ ശാഖകൾ] വിപ്ലവകാരികളുടെ സങ്കേതങ്ങൾ പോലെയായിരുന്നു. വാർത്തകളെത്തിക്കുന്നതിലും നോട്ടീസുകൾ വിതരണം ചെയ്യുന്നതിലും അവ മദ്ധ്യവർത്തികളായി വർത്തിച്ചു.

ഇക്കാര്യത്തിൽ വയലളം ഉല്പാദനകേന്ദ്രവും പയ്യന്നൂർ വസ്ത്രാലയവും പ്രത്യേകം പ്രസ്താവ്യമാണ്. കോട്ടയം താലൂക്കിൽ നടന്ന നശീകരണ

പ്രവർത്തനങ്ങളുടെ ആസൂത്രണകേന്ദ്രം വയലളം ഖാദി ഉല്പാദന കേന്ദ്രമായിരുന്നു. എന്നാണ് പറയപ്പെടുന്നത്.

പയ്യന്നൂർ വസ്ത്രാലയം മാനേജരായിരുന്ന ദിവാകരൻ കർത്താവ് 'ഷേഡോ കമ്മിററി' കമ്മിററി നേതാവെന്നനിലയിലാണ് പ്രവർത്തിച്ചിരുന്നത്. [കർത്താവിൻെറ പ്രവർത്തനമാതൃക].

തൃക്കരിപ്പൂരിലെ കുഞ്ഞിക്കണ്ണൻ, പയ്യന്നൂരിലെ കുഞ്ഞിരാമൻ എന്നിവർ ക്രിയാത്മകമായ പങ്ക് വഹിച്ച് ജയിൽ ശിക്ഷയും അനുഭവിച്ചിരുന്നു.

കോഴിക്കോട് മലാപ്പറമ്പ് ഗാന്ധിആശ്രമം കേരള ഖാദി പ്രസ്ഥാനത്തിൻെറ കേന്ദ്ര ആഫീസായിരുന്നു. ചർക്ക മുതലായ സാമഗ്രികളും നിർമ്മിക്കപ്പെട്ടിരുന്നു. പ്രവർത്തകരായിരുന്ന കൃഷ്ണനാചാരി മുതലായവർ ജാഥ, സമ്മേളനം മുതലായവക്ക് നേതൃത്വം തന്നെ നൽകിയിരുന്നു.

അഖില കേരള ഗ്രാമ സേവാ സംഘം സംഘടിപ്പിക്കുന്നതിന് പുതിയ കേന്ദ്രങ്ങളിൽ പോയിരുന്നപ്പോൾ അവിടത്തെ പ്രവർത്തകരുടെ സഹായത്തോടെയായിരുന്നു പ്രവർത്തകരെ കണ്ടുപിടിച്ചിരുന്നത്.

**ഹിന്ദി പ്രചാരകന്മാർ:** പഴയ തലമുറയിൽപെട്ട ഹിന്ദിപ്രചാരകന്മാർ തങ്ങൾ സ്വാതന്ത്ര്യ സമരസൈനികരാണെന്നുതന്നെയാണ് കരുതിയിരുന്നത്. സമയം വരുമ്പോൾ പ്രത്യക്ഷ സമരരംഗത്തിറങ്ങുന്നതിന്നും അവർ മടിച്ചിരുന്നില്ല.

ആഗസ്റ്റ് വിപ്ലവത്തിൽ കതിരൂരിലെ രാമക്കുറുപ്പ്, കോഴിക്കോട്ടെ വി എം ഗോവിന്ദൻ നമ്പീശൻ, വി ബാലകൃഷ്ണമേനോൻ, എ. വാസുമേനോൻ, പാലക്കാട്ടെ ടി ബാലകൃഷ്ണൻ നായർ, വിശ്വനാഥമേനോൻ എന്നിവർ നിയമം ലംഘിച്ച് ജയിലിൽ പോയവരാണ്. മറെറാരു ഹിന്ദി പ്രചാരകനായ തിരൂരിലെ ഇ. പത്മനാഭൻ ഗ്രാമസേവാ സംഘം രൂപീകരിക്കുന്നതിൽ പ്രധാനപങ്ക് വഹിക്കുകയും ചെയ്തിരുന്നു.

(മലബാറിലെതന്നെയല്ല മിക്കവാറും എല്ലാ ഹിന്ദിപ്രചാരകന്മാരുടെയും ഹിന്ദിപ്രചാര സ്ഥാപനങ്ങളുടെയും സ്ഥിതി ഇതായിരുന്നു.

പ്രസ്ഥാനം സംബന്ധിച്ച പ്രവർത്തനത്തിന്നായി 1943ൽ മദ്രാസിൽ ചെന്നിരുന്നപ്പോൾ താല്ക്കാലിക പ്രധാനകാര്യദർശിയായിരുന്ന മഹാലിംഗമായിരുന്നു ജി. രാമചന്ദ്രനെക്കാണുവാനും മററുമുള്ള സഹായങ്ങൾ ചെയ്തിരുന്നത്. (പ്രധാന കാര്യദർശിയായിരുന്ന എം. സത്യനാരായണനും, പ്രവർത്തകനായിരുന്ന ബാലചന്ദ്രനും, പ്പേയും തടങ്കലിൽ തടവുകരായി കഴിയുകയായിരുന്നു.)

1945 സപ്തംബർ 9ന് ചേർന്ന കെ. പി. സി. സി. യോഗത്തിൽ അവതരിപ്പിച്ച റിപ്പോർട്ടനുസരിച്ച് കേരളത്തിൽ 1000പേർ അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു. അതിൽ 97പേർ പയ്യന്നൂരിൽനിന്നുണ്ടായിരുന്നു. 97 പേരടക്കം മലബാറിൽ [ഇന്നത്തെ പാലക്കാട് വരെയുള്ള പ്രദേശം] നിന്നു് 650പേർ പങ്കെടുത്തു.

⁂


പയ്യന്നൂരിലെ സ്വാതന്ത്ര്യ സമര സേനാനികൾക്ക്

അഭയകേന്ദ്രമായിരുന്ന

ശ്രീ. ഷൺമുഖ വിലാസം

ബോംബെ ഹോട്ടലിൻെറ

ആശംസകൾ!

Phone: 69992

POORNIMA BLOCKS

*A Great Name in Process Block Making*

M. A. Road, KANNUR-1.

---

**അതുല്ല്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജുക്കേഷൻ**

ബസ്സ്റ്റാൻറിനു സമീപം, പയ്യന്നൂർ-670 307.

Courses:

Degree : B. A (Economics) B.A (History) B.Sc (Maths)
B Com (Costing / Co-operotion)

Pre-Degree: IIIrd and IVth groups.

- Principal

---

With best compliments from:

**Central Hardwares**

**Main Road, PAYYANUR.**

Phone: Shop: 2445
2115
Resi: 2335

---

**ജ്യോതിഷനിലയം**

**ജോത്സ്യർ എ. പി. കെ. പൊതുവാൾ**

മെയിൻ റോഡ്, പയ്യന്നൂർ

ജാതകം, പ്രശ്നം, വിവാഹഘടന, മുഹൂർത്തം മുതലായവ ശാസ്ത്രീയമായി ചിന്തിച്ച് വിലയിരുത്തുന്നു

ആശംസകളോടെ.....!

## കെൽ ഏജൻസീസ്

കെൽവിനേററററിൻെറ അംഗീകൃത ഏജൻസി

**മെയിൻറോഡ്, പയ്യന്നൂർ.**

---

ആശംസകൾ

## കുററൂർ ക്ഷീര വ്യവസായ സഹകരണ സംഘം

**ക്ളിപ്തം നമ്പർ സി. 1 [സി]**

ഹെഡ്ഡ്ഓഫീസ്: മാതമംഗലം

ബ്രാഞ്ച്: ഒലയമ്പാടി – കാരിയപ്പള്ളി.

പ്രസിഡണ്ട് – കോരൻപെരുവാമ്പ

---

**സേവനത്തിലൂടെ വളർച്ചയിലേക്ക്!!**

## പഴയങ്ങാടി അർബൻ കോ:ഓപ്പ്. ബേങ്ക്

ക്ളിപ്തം No. C. 975 RBI/UBD/KR 430 P

ഫോൺ: 370

**പി. ഒ. പഴയങ്ങാടി, (RS) കണ്ണൂർ ജില്ല.**

1. വിവിധ നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് പൊതുമേഖലാ ബാങ്കുകളെക്കാൾ ഒരു ശതമാനം കൂടുതൽ.
2. സ്ഥിര നിക്ഷേപ തുകയുടെ ഉറപ്പിന്മേൽ നിക്ഷേപകർക്ക് 85 ശതമാനം വരെയുള്ള തുക വായ്പ നൽകുന്നു.
3. ഒരു വർഷത്തേക്കുള്ള നിക്ഷേപങ്ങൾക്ക് 13 ശതമാനം പലിശ നൽകുന്നു.
4. ബാങ്കിലെ നിക്ഷേപങ്ങൾക്ക് പൂർണ്ണ ഇൻഷൂറൻസ് പരിരക്ഷ
5. അംഗങ്ങൾക്ക് മെച്ചപ്പെട്ട വായ്പാസൗകര്യം.

**സേഫ് ഡെപ്പോസിററ് ഏർപ്പെടുത്തിയിരിക്കുന്നു.**

ചെയർമാൻ
എം. പി. ഉണ്ണികൃഷ്ണൻ.

ഹോണററി സെക്രട്ടറി
പ്രൊ: ബി. മുഹമ്മദ് അഹമ്മദ്.

ദേശാഭിമാനത്തിലും ദേശീയ പ്രബുദ്ധതയിലും മുമ്പു മുതൽ മുൻപന്തിയിലായിരുന്ന പയ്യന്നൂരിനു സ്വാതന്ത്ര്യസമരങ്ങളിലൂടെയും ഗാന്ധിയൻ നിർമ്മാണ പ്രവർത്തനങ്ങളിലൂടെയും പ്രശസ്തിയണിയിച്ച നിരവധി നിസ്വാർത്ഥസേവകരിൽ പ്രഥമഗണനീയനായിരുന്ന ശ്രീ.എ.വി.കുഞ്ഞിരാമനടിയോടി. വീട്ടിനും കുടുംബത്തിനും മീതെയായി മാതൃരാജ്യത്തെ സേവിച്ചിരുന്ന തലമുറയുടെ തേജോമയവും ആവേശപൂർണ്ണവുമായ ഒരു കാലഘട്ടത്തിൻെറ വിസ്മയകരമായ പ്രതിഭാസമായിരുന്ന അദ്ദേഹം. അത്തരം അധ്വിരങ്ങളുടെ ആത്മത്യാഗത്തിൻെറ അന്ത്യഫലമാണ് നമ്മുടെ സ്വാതന്ത്ര്യം എന്നോർത്തേ പറവൂ.

പയ്യന്നൂർ കൊക്കാനിശ്ശേരി അടിയോടി വീട്ടിൽ മാക്കിയമ്മയുടേയും കിഴക്കെ കോടിയത്ത് കുഞ്ഞിരാമപൊതുവാളുടെയും രണ്ടാമത്തെ പുത്രനായ കുഞ്ഞിരാമനടിയോടി വിദ്യാർത്ഥി ആയിരിക്കെ തന്നെ ഗാന്ധിജിയുടെ സ്വാതന്ത്ര്യസമരപരിപാടികളിലും പ്രവർത്തനശൈലിയിലും ആകൃഷ്ടനായി സമരരംഗത്തെത്തുകയും ആ സമരാഗ്നി

## പയ്യന്നൂരിലെ ആദ്യത്തെ രക്തസാക്ഷി

യിൽതന്നെ ജീവിതം ആഹുതി ചെയ്യുകയും ചെയ്ത കഥ ഒരു പക്ഷെ വരും തലമുറക്ക് വീരഗാഥയായി മാറിയെന്നു വരാം. മരണംകാത്തു നിൽക്കുമ്പോഴും മുറുകെപിടിച്ച വിശ്വാസപ്രമാണങ്ങളും നിശ്ചയദാർഢ്യവും വലിച്ചെറിയാൻ തയ്യാറില്ലാത്ത അടിയോടിക്കു മരണം വരിക്കുമ്പോൾ വയസ്സു 22 മാത്രം. അറുപത്തിരണ്ട് വഷങ്ങൾക്കു മുമ്പത്തെ ആ സംഭവം യുവത്വത്തിന്റെ കമ്മ സിദ്ധികൾക്കായി കണ്ണും കാതും അപ്പിച്ചുനിൽക്കുന്ന ഈ കാലഘട്ടത്തിൽ സ്മരിക്കുന്നതു് നന്നായിരിക്കും.

ഗാന്ധിജിയുടെ "സത്യാഗ്രഹ"ത്തിൻെറ സന്ദേശം ഇന്ത്യയിലെങ്ങും കേരളത്തിൽ പ്രത്യേകിച്ച് അലകളിളക്കി ക്കൊണ്ടിരിക്കയായിരുന്നു. പൊതുപ്രവർത്തകൎക്കു പൊതുമാററച്ചട്ടം വേണമെന്ന നിർബന്ധക്കാരനായിരുന്നു ഗാന്ധിജി. അങ്ങിനെയുള്ള സത്യാഗ്രഹഭടന്മാരെ പരിശീലിപ്പിക്കാൻ അദ്ദേഹം പ്രത്യേകം ഏർപ്പാടുകൾ ചെയ്തു. ജനസേവനം ഉദരപൂരണമല്ലെന്ന് ഉറച്ചു വിശ്വസിച്ചവരിൽപ്പെട്ട ചെറുപ്പക്കാരനായിരുന്നു അടിയോടി. സ്വന്തം വീട്ടുവളപ്പിൽ സമരഭടന്മാർക്കായി ഒരു 'കളരി' നിർമ്മിച്ചു കായികാഭ്യാസപരിശീലനത്തിൻെറ നേതൃത്വവും അദ്ദേഹം ഏറെറടുത്തു. അന്നത്തെ ഉത്തമദേശാഭിമാനിയും പയ്യന്നൂരിലെ ദേശീയപ്രസ്ഥാനങ്ങളുടെ ശക്തിസ്രോതസ്സുമായിരുന്ന ഡോ: ഗണേശപൈയായിരുന്നു അടിയോടിയുടെ രാഷ്ട്രീയഗുരു. ഖാദിതുടങ്ങിയ നിർമ്മാണപ്രവർത്തനങ്ങളുടെയും സമരസത്യാഗ്രഹങ്ങളുടെയും മുൻപന്തിയിലുണ്ടായിരുന്ന ശ്രീ. സി. എച്ച്. ഗോവിന്ദൻ നമ്പ്യാരും അടിയോടിയുടെ മാർഗ്ഗദർശകനായിരുന്നു.

1928-ൽ മടത്തുമ്പടി ക്ഷേത്രത്തിനുസമീപത്തുള്ള മൈതാനിയിൽ പണ്ഡിററ് ജവഹർലാൽനെഹറുവിൻെറ അദ്ധ്യക്ഷതയിൽ നടന്ന ചരിത്രപ്രസിദ്ധമായ കോൺഗ്രസ്സ് സമ്മേളനത്തിൻെറ വളണ്ടിയരും ഭക്ഷണക്കമ്മററിയംഗവുമായിരുന്ന അടിയോടി സമ്മേളനവിജയത്തിനുവേണ്ടി അശ്രാന്തപരിശ്രമംചെയ്തു. അന്നു പണ്ഡിററ്ജി അദ്ധ്യക്ഷപീഠത്തിൽ ഉപയോഗിച്ച മേശപ്പെട്ടി ലേലം വിളിച്ചപ്പോൾ ആവേശപൂർവ്വം അതു വിളിച്ചെടുത്തു ഒരു നിധിപോലെ അദ്ദേഹത്തിന്റെ വീട്ടിൽ സൂക്ഷിച്ചത് ഇന്നും കൊക്കാനിശ്ശേരി അടിയോടിവീട്ടിൽ കുഞ്ഞിരാമൻഅടിയോടിയുടെ ഓർമ്മകളുണർത്തിക്കൊണ്ടു ഭദ്രമാക്കി വെച്ചിരിക്കുന്നു.

ഗാന്ധിജിയുടെ നേതൃത്വത്തിൽ 1930-ൽ നടന്ന ഉപ്പുസത്യാഗ്രഹത്തിലെ ഒരു സജീവഭടനായി മാറിയ അടിയോടിക്കു സ്വന്തം ജീവൻ തന്നെ അതിനുവേണ്ടി ബലിയർപ്പിക്കേണ്ടിവന്നു. സ്വന്തം മണ്ണിൽനിന്ന് ഉപ്പുണ്ടാക്കി ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് പോലീസുകാർ സത്യാഗ്രഹികൾക്കുനേരെ അഴിച്ചുവിട്ട മർദ്ദനങ്ങളുടെ കഥകേട്ടുആവേശംപൂണ്ട അദ്ദേഹം സമരരംഗത്തേക്കുഎടുത്തുചാടി. എസ്. എസ്. എൽ. സി. വിദ്യാർത്ഥിയായിരിക്കെ പയ്യന്നൂരിലെ ഉളിയത്ത് കടവിൽ ശ്രീ. കേളപ്പജിയുടെ നേതൃത്വത്തിൽ നടന്ന ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തു. അന്നു ഉളിയത്ത്

കടവിലെ ഉപ്പുംകുറുക്കി ഇന്നു പയ്യന്നൂർ ലോക്കൽ ലൈബ്രറിസ്ഥിതി ചെയ്യുന്ന സ്ഥലത്തുവെച്ച് ലേലം ചെയ്തത് ദേവപ്രസാദംപോലെ ആളുകൾ വാങ്ങിയിരുന്നു. ഇതിലെല്ലാം കുഞ്ഞിരാമനടിയോടി ഉജ്ജ്വലനായ ഒരു ഭടനായി പ്രവർത്തിച്ചതിൻെറ പേരിൽ അറസ്റ്റ് ചെയ്യപ്പെട്ടു. പയ്യന്നൂരിൽ റിമാണ്ടുചെയ്തു. വിവരമറിഞ്ഞു അച്ഛനും സഹോദരരും മററും ഓടിയെത്തി ഒരു വിദ്യാർത്ഥിയെന്നനിലയിൽ അടിയോടിയെ വിട്ടുകിട്ടാൻ ശ്രമം നടത്തി. പക്ഷെ അധികാരികളാവശ്യപ്പെട്ട പ്രകാരം മാപ്പെഴുതിക്കൊടുക്കുവാൻ അദ്ദേഹം കൂട്ടാക്കാതിരുന്നതിനാൽ അവർക്കുവിഷണ്ണരായി മടങ്ങേണ്ടിവന്നു. അടിയോടിയുടെ ഈ ദൃഢചിത്തത പോലീസധികൃതരെചൊടിപ്പിച്ചു. അവർ അദ്ദേഹത്തെ കോടതിയിൽ ഹാജരാക്കി. 'രാജ്യദ്രോഹ'കുറ്റം ചുമത്തി കണ്ണൂർ മജിസ്ട്രേട്ട് അടിയോടിക്ക് 6 മാസത്തെ കഠിനതടവുവിധിച്ചു. തുടർന്ന് കണ്ണൂർ സെൻട്രൽ ജയിലിലും പിന്നീട് ബല്ലാരി ജയിലിലും പാർപ്പിച്ചു. ജയിൽ ജീവിതം ഏററവും ദുസ്സഹമായിരുന്നു അന്ന്. കൊലയാളികളോടും കവർച്ചകാരോടും കാണിക്കുന്ന നിഷ്ഠൂരമായ ദണ്ഡനരിതികൾ തന്നെയാണ് ദേശാഭിമാനികളായ സ്വാതന്ത്ര്യസമരഭടന്മാരോടും ജയിലധികാരികൾ കാണിച്ചിരുന്നത്. കണ്ണൂർ ജയിലിൽ വെച്ചുതന്നെ പനിപിടിപെട്ടിരുന്ന അടിയോടിക്ക് ബെല്ലാരിജയിലിലെത്തിയതോടെ അതുമൂർഛിച്ചു. ആവശ്യമായ ചികിത്സലഭിക്കാതെ അനുദിനം അവശനായിക്കൊണ്ടിരുന്നു. ഈ അവസ്ഥയിൽ ബ്രിട്ടീഷുസാമ്രാജ്യത്വത്തിനെതിരായ മുദ്രാവാക്യമായിരുന്നു ആ ചുണ്ടുകളിലുണ്ടായിരുന്നത്. അനുജൻെറ രോഗവാർത്ത അറിഞ്ഞ ജ്യേഷ്ഠൻ കേളുഅടിയോടി മാസ്റ്റർ അവിടെയും ഓടിയെത്തി. പക്ഷെ അനുജൻെറ രോഗശയ്യക്കരികെ വിഷണ്ണനായി നിന്ന ജ്യേഷ്ഠനെ കണ്ടപ്പോൾ കുഞ്ഞിരാമനടിയോടി മുഖം തിരിച്ചുകളഞ്ഞു. ഈ വേഷം ധരിച്ചു എന്നെ കാണേണ്ടന്നായിരുന്നു വിദേശവസ്ത്ര ബഹിഷ്ക്കരണം വ്രതമാക്കിയ ആ അനുജൻ പറഞ്ഞത്. ജ്യേഷ്ഠനോടു ഖദർ ധരിക്കാൻ പറഞ്ഞതു കൂട്ടാക്കാതിരുന്നതിലുള്ള പ്രതിഷേധമായിരുന്നു അത്. ദുഃഖിതനായ ജ്യേഷ്ഠൻ അധികൃതരെ കണ്ടു അനുജൻെറ നേരെ അലിവിന്നപേക്ഷിച്ചു. അവിടെയും മാപ്പുഎഴുതിക്കൊടുത്താൽ വിട്ടയക്കാമെന്നായിരുന്നു മറുപടി. മരണം വരിക്കേണ്ടിവന്നാലും വെള്ളക്കാരനോടുമാപ്പുപറയാൻ കുഞ്ഞിരാമനടിയോടി തയ്യാറായില്ല. അന്നുഅടിയോടിയോടൊപ്പം ബല്ലാരി ജയിലിലുണ്ടായിരുന്ന പയ്യന്നൂരിലെ സമുന്ന

തനായ സ്വാതന്ത്ര്യസമരസേനാനി ശ്രീ. സി. എച്ച്. ഗോവിന്ദൻ നമ്പ്യാരും കേരളത്തിൽ തന്നെ പ്രശസ്തനായ ശ്രീ. വിഷ്ണുഭാരതീയനും കുഞ്ഞിരാമനടിയോടിയെ ശുശ്രൂഷിക്കാൻ പോയിരുന്നു. എല്ലാവരെയും പൊട്ടിക്കരയിച്ചുകൊണ്ട് 1930 സപ്തംബർ 21ന് ബല്ലാരി ജയിലിൽവെച്ചുതന്നെ ആ യുവധീരൻ വീരചാമം പ്രാപിച്ചു. മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാതെ രാജ്യസ്വാതന്ത്ര്യം മാത്രം സ്വപ്നംകണ്ട ആ ധീരദേശാഭിമാനിയുടെ കഥ പുതിയ തലമുറക്കുപ്രചോദനമായിത്തീർന്നെങ്കിൽ! അടിയോടിവീട്ടിൻെറ അകത്തളങ്ങളിൽ പയ്യന്നൂരിലെ ആ ആദ്യരക്തസാക്ഷിയുടെ ദേശാഭിമാനത്തിൻെറയും സ്വാതന്ത്ര്യസേവനത്തിൻെറയും ശബ്ദം ഇന്നും മുഴങ്ങുന്നുണ്ടാവണം.

— വി. സി. എസ്.

*


## പാടിയോട്ടുചാൽ സർവ്വീസ് സഹകരണ ബേങ്ക്

**പാടിയോട്ടുചാൽ,** ബ്രാഞ്ചുകൾ: ചെറുപുഴ, പുളിങ്ങോം

— വിവിധതരം ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾ നൽകിവരുന്നു.

— നിക്ഷേപങ്ങൾക്ക് പതിനഞ്ചര ശതമാനം വരെ പലിശ നൽകുന്നു.

— 20,000/-രൂപ വരെ വിവിധസലകളിലുള്ള ചിട്ടികൾ നടത്തിവരുന്നു.

— സ്വർണ്ണ പണയവായ്പ, വളം വ്യാപാരം മുതലായവ നടത്തിവരുന്നു.

— മലയോരമേഖലയിലെ ഏററവുംവലിയസഹകരണബേങ്ക്

**എം. ചന്ദ്രമോഹനൻനമ്പ്യാർ** — സിക്രട്ടറി

**കെ. കുഞ്ഞികൃഷ്ണൻനായർ** — പ്രസിഡണ്ട്

# പയ്യന്നൂരിലെ കലാകാരൻമാരായ മൂന്നു പോരാളികൾ

**കെ. യം. കുഞ്ഞമ്പു**

സ്വാതന്ത്ര്യസമരത്തോടൊപ്പം കലാപ്രവർത്തനം രണ്ടും തികഞ്ഞ അർപ്പണബോധത്തോടെ. ഈയൊരു നിലപാട് അപൂർവ്വമാണ്. ദേശാഭിമാനത്തിലൂടെ കലാസപര്യ നടത്തുന്ന ചുരുക്കം പേരെ കാണാം. അവരിലൊരാളാണ് പയ്യന്നൂരിലെ അന്തരിച്ച ശ്രീ. കെ. യം.കുഞ്ഞമ്പു. ഒന്നാംതരം ഫലിതക്കാരൻ, നല്ലൊരു ഗായകൻ, മെച്ചപ്പെട്ട അഭിനേതാവ് എന്നിങ്ങനെ അദ്ദേഹത്തിൽ പല മുഖ്യകലകളും ഒത്തിണങ്ങി. ജീവിതവൃത്തിയായി തുന്നൽപ്പണി സ്വീകരിച്ച കെ.യം.കെ തുന്നലിലും കലാനൈപുണ്യം പ്രദർശിപ്പിച്ച വ്യക്തിയായിരുന്നു. ഇതിനെല്ലാം പുറമെ അവിവാഹിതനായ അദ്ദേഹം യുവത്വം മുററിനിന്ന ആ കാലത്ത് തികച്ചും ഒരു വേദാന്തിയെന്ന നിലയിലാണ് കാണപ്പെട്ടത്. രാജ്യസ്നേഹത്തിൽ അദ്ദേഹം തൻെറ സിദ്ധികളുടെയെല്ലാം വിജയം ദർശിച്ചു.

പരിചയപ്പെട്ടപ്പോൾ, കിട്ടേണ്ട സുഹൃത്തിനെ കിട്ടിയതായിരുന്നു എൻെറ അനുഭവം. കുറെക്കൂടി അടുത്തപ്പോൾ പരിചയിക്കാൻ കഴിഞ്ഞ എല്ലാവരുടേയും അനുഭവം ഇതുതന്നെയാണെന്നു് മനസ്സിലായി. കലാരംഗത്തും ദേശീയരംഗത്തും അദ്ദേഹവുമായി ഇടപഴകാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. രണ്ടും അദ്ദേഹത്തിന് സ്വാഭാവികകാര്യങ്ങളായിരുന്നു. ചില അനുഭവങ്ങൾ പറയാം. ആഗസ്റ്റ് വിപ്ലവരംഗം. ശ്രീ.കുഞ്ഞമ്പു, അലവിൽ രാഘവൻ വൈദ്യർ, അന്നൂര്

കെ.സി.ശേഖരപ്പൊതുവാൾ, ടൈലർ കുമാരൻ എന്നീ നാലുപേരേയും കൂട്ടി ഞാൻ തളിപ്പറമ്പിലേക്ക് 12 നാഴിക നടന്നെത്തി. ഒരു പീടികയിൽ ചായ കുടിക്കുകയായിരുന്നു. അവിടെ പോലീസെത്തി യൂനിഫോമിലുള്ള നാലുപേരേയും അറസ്റ്റ് ചെയ്തു. ത്രിവർണ്ണപതാകയുടെ ആകൃതിയിലായിരുന്നു നാലു പേരുടെയും കുപ്പായക്കീശ. വളണ്ടിയർമാരുടെ വേഷത്തിൽ ദേശീയക്കൊടി ഇണക്കിയത് കെ.യം.കെയുടെ ഭാവനയായിരുന്നു. ഞാൻ തഞ്ചത്തിൽ അറസ്റ്റിൽ നിന്നൊഴിഞ്ഞുമാറി മാതമംഗലം-കുറവൂർ ഭാഗങ്ങളിലേക്ക് സ്വാതന്ത്ര്യ പ്രചാരണത്തിന്നായി പോയി. അറസ്റ്റിലായവർ മുമ്മൂന്നുമാസം ശിക്ഷവാങ്ങി ആലിപ്പുരം ക്യാമ്പു ജയിലിലേക്കും.

ശിക്ഷ തീർന്നു് നാട്ടിൽ തിരിച്ചെത്തിയ ശേഷവും അദ്ദേഹം രാഷ്ട്രീയ കലാരംഗങ്ങളിൽ പയ്യന്നൂരിൻെറ ചൈതന്യമായി പ്രശോഭിച്ചു. അന്നൂരിലെ പ്രമുഖ സ്വാതന്ത്ര്യ സമര ഭടനും വാഗ്മിയുമായിരുന്ന കെ. പി. കുഞ്ഞിരാമപൊതുവാൾ വായനശാലാഫണ്ടിനുവേണ്ടി രചിച്ച മാപ്പ്, ഭാരതരഥം തുടങ്ങിയ നാടകങ്ങളിൽ കെ. എം. കെ. മുന്നണി നടനും ഗായകനുമായിരുന്നു. 18 മാസത്തെ ശിക്ഷ കഴിഞ്ഞു് നാട്ടിൽ തിരിച്ചെത്തിയ എനിക്ക് കുഞ്ഞമ്പുവുമായി കൂടുതൽ അടുക്കാൻ കഴിഞ്ഞു. സേവാഗ്രാമിലേക്ക്, ഒരു രാത്രി തുടങ്ങിയ പ്രഹസനങ്ങളും, ഈ ദാഹം രക്തത്തിനാണ്, ആരുടെ തെററ്, തൂക്കുമരം തുടങ്ങിയ നാടകങ്ങളും കെ. എം. കെ. യുടെ പ്രേരണയിലൂടെയാണ് ഞാനെഴുതിയത്. പ്ലോട്ടും പാട്ടിൻെറ മാതൃകയും അദ്ദേഹം ഭംഗിയായവതരിപ്പിക്കയും ഞാനെഴുതുകയും ചെയ്തു കഴിയുന്നതോടെ അഭിനയമാരംഭിക്കുകയായി. എല്ലാ നാടകങ്ങളും പ്രഹസനങ്ങളും ദേശാഭിമാനോജ്ജ്വലങ്ങളായിരുന്നു. കേരളത്തിൽ മാത്രമല്ല, മേട്ടൂർ, മദിരാശി, ബോംബെ എന്നിവിടങ്ങളിലെല്ലാം ആ രാഷ്ട്രീയ കലാപ്രദർശനം നടത്തപ്പെട്ടിരുന്നു. കെ. എം. കുഞ്ഞമ്പു കെ. ജി. മാരാർ, പി. കെ. പൊതുവാൾ, എ. കെ. കൃഷ്ണൻ എന്നിവരടങ്ങിയ ചെറിയ ഞങ്ങളുടെ കേരള കലാസംഘം പ്രശസ്തിയിലേക്ക് അദ്ദേഹത്തിൻെറ കൈ പിടിച്ചാണ് അന്നുയർന്നത്.

സാമൂഹ്യ രംഗത്ത് കെ എം കെ നൽകിയ സംഭാവന ഏററവും വലുതാണ്. കേരളം കോളറ ബാധിച്ച ശവങ്ങൾ കൂമ്പാരം കൂട്ടുന്നതിനിടയിൽ നിർഭയനായി കടന്നുചെന്നു് ശവങ്ങൾ സംസ്കരിക്കാനും രോഗബാധിതരെ ശുശ്രൂഷിക്കാനും അദ്ദേഹം രാപ്പകൽ യത്നിച്ചു. ചക്കിലിയ കുട്ടികളേയും പുലയബാലന്മാരേയും കൃഷ്ണനും

കരുണനും, രാമനുമാക്കി അനുജന്മാരാക്കി കൊണ്ടുനടക്കാൻ അദ്ദേഹത്തിനു സാധിച്ചു. ഞങ്ങൾ ബോംബെ യാത്രയിൽ മലബാർഹില്ലിൽ ചെന്നു് ഗാന്ധിജിയെ ദർശിച്ച് കൃതകൃത്യത നേടിയത് മറൊരു വലിയ സംഭവമാണ്. ആ ദർശനം കെ. എം. കെ. യുടെ ആദർശങ്ങൾക്കാകെ കിരീടം ചാർത്തി. അൻപതൊന്നിൽ വസൂരി ബാധിച്ച് പെട്ടെന്നു് അകാല ചരമമടഞ്ഞത് അദ്ദേഹം മാത്രമായിരുന്നില്ല. എൻെറ നാടകമെഴുത്തും നിശ്ചലമായി.

## പി. കെ. പൊതുവാൾ

ഓട്ടൻതുള്ളൽക്കാരനായ പി. കെ. പൊതുവാളുടെ കലാപ്രാഗൽഭ്യവും രാജ്യാഭിമാനവും മുൻതലമുറയിൽ പുളകം വിതച്ചു. വിദഗ്ദ്ധനായ തുള്ളൽക്കാരനെന്നു പേർകേട്ട അദ്ദേഹം ക്വിററിന്ത്യാ സമരരംഗത്തു വഹിച്ച പങ്ക് വലുതായിരുന്നു. ദേശാഭിമാന കലാരംഗങ്ങളിൽ സമ്പന്നനായ പി കെ കുടുംബകാര്യത്തിൽ ദരിദ്രനായിരുന്നു. പിതാവിൽനിന്നു നേടിയ ഓട്ടംതുള്ളൽ കലയാണദ്ദേഹം ഭൗതികാവലംബമാക്കിയത്. അതിനിടയിൽ ഗാന്ധിയൻ സമരത്തിലേക്കെടുത്തു ചാടി രണ്ടു മാസത്തെ ജയിൽ ശിക്ഷ നേടി. പയ്യന്നൂരിലെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലെല്ലാം അദ്ദേഹം നിറഞ്ഞുനിന്നു. പൂനയിൽനിന്നും ലഭിച്ച ക്ഷണനമനുസരിച്ച് സിനിമയിലും അദ്ദേഹം തൻെറ കലാപ്രകടനം കാഴ്ചവെച്ചു. ജയിൽനിന്നും വിട്ടുവന്ന എന്നെ അദ്ദേഹം സമീപിച്ചു. 'ആഗസ്റ്റ് വിപ്ലവം' ഓട്ടൻതുള്ളൽ എഴുതിക്കൊടുക്കാനഭ്യർത്ഥിക്കുകയുണ്ടായി. മാത്രമല്ല വേണ്ടുന്ന ഗാനങ്ങളും രാഗങ്ങളും വേണ്ടുന്നിടങ്ങളിൽ ചേർക്കാൻ നിർദ്ദേശവും നല്കി. അങ്ങനെയാണ് ആഗസ്റ്റ് വിപ്ലവം ഓട്ടൻതുള്ളൽ ഞാനെഴുതിയത്. കേരളത്തിലങ്ങുന്നിങ്ങോളം ആ തുള്ളൽ പ്രദർശിപ്പിച്ച അദ്ദേഹം നാൾതോറും വിജയത്തിൻെറ ഉയരങ്ങളിലേക്ക് കടന്നു കയറുകയായിരുന്നപ്പോൾ സി.കെ.ഗോവിന്ദൻ നായർ പ്രസിഡണ്ടായ കേരള കോൺഗ്രസ്സ്കമ്മിററി ആ തുള്ളൽ ഏറെറടുക്കുകയും പൊതുസമ്മേളനങ്ങളിലെല്ലാം അവതരിപ്പിക്കാൻ വ്യവസ്ഥ യുണ്ടാക്കുകയും ചെയ്തു. ഞങ്ങൾ കേരള കലാസംഘമായി ബോംബെയിലും മററും ചെന്നപ്പോൾ ഓട്ടംതുള്ളൽ പ്രകടനത്തോടൊപ്പം അദ്ദേഹം നാടക പ്രദർശനത്തിലും പങ്കുവഹിച്ചു. വെറും നാലുപേർ മാത്രമുള്ള ഞങ്ങളുടെ കലാസംഘം ഓട്ടൻതുള്ളലും പ്രഹസനവും ഒരേ സ്റ്റേജിൽ പ്രദർശിപ്പിച്ചു. നെട്ടൂർ പി.ദാമോദരൻെറ നേതൃത്വത്തിലുള്ള ഞങ്ങളുടെ

കലാസംഘം കാണികളുടെ മനം കവരുകതന്നെ ചെയ്തു. വെറും നാലുപേർ മാറിമാറി വേഷമിട്ട് നടത്തിയ ആ പ്രദർശനം രോമാഞ്ചജനകമായിരുന്നു. കലാപ്രകടനത്തിലൂടെയും, ദേശോദ്ധാരണ പ്രവർത്തനങ്ങളിലൂടെയും നാട്ടുകാരുടെ കണ്ണിലുണ്ണിയായിത്തീർന്ന ശ്രീ. പി. കെ. പൊതുവാളുടെ അകാല ചരമം നാട്ടിനു വരുത്തി വെച്ച നഷ്ടം ഏററവും വലുതാണ്.

കെ. ജി. മാരാർ:-

പ്രശസ്തനായ നാടക നടൻ, ഒന്നാംതരം ഡാൻസർ, ഉന്നതനായ ഭാഗവതർ, വാദ്യാവിദഗ്ദ്ധൻ ഇവക്കെല്ലാം പുറമെ സ്വാതന്ത്ര്യ സമര രംഗത്ത് ഉന്നത നിലവാരം പുലർത്തിയ വ്യക്തിയുമായ കെ. ഗോവിന്ദമാരാർക്ക് ക്വിററിന്ത്യാ സമരത്തിൽ പങ്കെടുത്തതിന്ന് 3 മാസത്തെ തടവു ശിക്ഷ ലഭിച്ചു. ഞങ്ങളുടെ നാടകത്തിൽ [ഈ ദാഹം രക്തത്തിനാണ്] അരങ്ങിലഭിനയിച്ച ഗോവിന്ദൻകുട്ടിയെയും പാമ്പാട്ടിയായി വന്ന് അരങ്ങ് തകർത്ത ആ അഭിനയ ചതുരനേയും കണ്ടവർക്ക് ഒരിക്കലും മറക്കുക സാധ്യമല്ല. പയ്യന്നൂരിൽ നിന്ന് ക്വിററിന്ത്യാസമരത്തിൽ ആദ്യബാച്ചിൽ അറസ്റ്റ് കൊടുത്ത കെ. ജി. മാരാർ സ്വപ്രയത്നത്താൽ അണ്ണാമല സർവ്വകലാശാല വിദ്യാഭ്യാസം വഴിയാണ് ഉന്നതനായ ഭാഗവതരായത്. അണ്ണാമല കലാശാല അദ്ദേഹത്തെ സംഗീതഭൂഷണം ബിരുദം നൽകി ആദരിച്ചു. ആ ഗായകൻ ഞങ്ങളുടെ കലാസംഘത്തിന് ഒരു മുതൽക്കൂട്ട തന്നെയായിരുന്നു. മാറിമാറി പല വേഷത്തിലും അന്നദ്ദേഹം അരങ്ങിൽ വന്നു. കോഴിക്കോട് ആകാശവാണിയിൽ സംഗീത വിഭാഗത്തിൽ കൊല്ലങ്ങളോളം പ്രവർത്തിച്ച് അദ്ദേഹം തൻെറ ഗാനപ്രവീണത തെളിയിച്ചു. ഉദ്യോഗാനന്തരം മലപ്പുറത്ത് ഭാര്യാഗൃഹത്തിൽ വിശ്രമജീവിതം നയിക്കവെ 1990 ൽ അദ്ദേഹം നിര്യാതനായി.

— ഏ. വി.

## ക്വിററ് ഇന്ത്യ.........!

അമ്പതുവർഷങ്ങൾക്കുമുമ്പു 40 കോടി ജനതയുടെ മോചനത്തിനായി മഹാത്മജി ബ്രിട്ടീഷു സാമ്രാജ്യത്വത്തിനെതിരായി ആ അന്ത്യശാസനം നൽകി.

ആബാലവൃദ്ധം ജനത സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയ
ആ അവിസ്മരണീയ സംഭവങ്ങൾക്കുമുന്നിൽ
ആദരാഞ്ജലികൾ!
ധീരദേശാഭിമാനികൾക്കു അഭിവാദ്യങ്ങൾ......!!

**പയ്യന്നൂർ കോ-ഓപ്പറേററീവ് എഡ്യുക്കേഷണൽ**
**സൊസൈററി ലിമിറററഡ് നമ്പർ സി. 853**
**പയ്യന്നൂർ.**

എം. കെ. രാഘവൻ (പ്രസിഡണ്ട്)

എ. വി. ഗോവിന്ദൻ അടിയോടി (ഹോണററി സെക്രട്ടറി

With best compliments from:

# LAKSHMI JEWELLERY

**PAYYANUR.**

Phone 2470, Resi: 2252

Estd: 1932

Founder: C. V. Kunhikannan

# ധീരനായ ധാരിയ

## — സി. വി. ദയാനന്ദൻ —

ഗാന്ധി തൊപ്പി, ക്ലീൻ ഷേവ്. തൂവെള്ള പരുക്കൻ ഖാദിയുടെ സ്ലാക്ക് ഷർട്ട്, അതേ തുണിയുടെ പാൻറ്സ്, ലതർ ചെരുപ്പ്, ഒത്ത ഉയരം ഇത്രയും കേൾക്കുമ്പോൾ തന്നെ ആ രൂപത്തിൻെറ ഉടമ ആരെന്ന് ഓർമ്മവരും മോഹൻ ധാരിയ. 1960-70 കാലഘട്ടങ്ങളിൽ ''പാർലിമെൻ്റ് യുവ'തുർക്കി'' എന്ന പേരിൽ അറിയപ്പെട്ട ധാരിയക്ക് ഇന്ന് വയസ്സ് 67 കഴിഞ്ഞു. എങ്കിലും ഒരു യുവാവിൻെറ ചുറുചുറുക്കോടെ അദ്ദേഹം ഓടിനടന്ന് പ്രവർത്തിക്കുന്നു.

1942 ക്വിറ്റിന്ത്യാ സമര കാലഘട്ടത്തിൽ പതിനേഴ് വയസ്സ്കാരനായ മോഹൻ ധാരിയ മഹരാഷ്ട്രയിലെ കൊളബാ ജില്ലയിലെ മഹദ്പട്ടണം പിടിച്ചെടുക്കാൻ പുറപ്പെട്ട വിപ്ളവകാരികളിൽ ഒരുവനായിരുന്നു. സംഭവസ്ഥലത്ത്വെച്ച് തന്നെ കൂട്ട്കാരായ അഞ്ച് പേർ കൊല്ലപ്പെട്ടു. ധാരിയ രക്ഷപ്പെട്ട് ഒളിവിൽ പോയി, പക്ഷെ, താമസ്സിയാതെ തടവിലാക്കപ്പെട്ടു.

രാജ്യത്തിൻെറ സ്വാതന്ത്ര്യം ധാരിയായേയും സ്വതന്ത്രനാക്കി, ജയിൽ വിമോചിതനായ അദ്ദേഹം രണാങ്കണത്തിലേക്ക് എടുത്ത്ചാടി. നാട്ട്രാജ്യങ്ങളുടെ മോചനമായിരുന്ന ലക്ഷ്യം 1500 ഓളം വരുന്ന സായുധരായ കർഷകരെയും തൊഴിലാളികളെയും കൂട്ടി ജീൻജറ സംസ്ഥാനത്തേക്ക് നീങ്ങി. രണ്ട് താലൂക്കുകൾ പിടിച്ചെടുത്തു. 1948ൽ ഈ നാട്ട് രാജ്യം സ്വതന്ത്ര ഭാരതത്തിൽ ലയിക്കുന്നത്വരെ അവിടുത്തെ താൽക്കാലിക ഗവൺമെൻറിൻെറ വിദേശ കാര്യമന്ത്രിയായിരുന്നു മോഹൻധാരിയ. യുവജനപ്രസ്ഥാനത്തിൻെറയും ട്രേയ്ഡ് യൂണിയൻേറയും നേതാവായി.

സ്വതന്ത്രഭാരത്തിലും ആറ് തവണയോളം അദ്ദേഹത്തിന് ജയിലിൽ കഴിയേണ്ടിവന്നിട്ടുണ്ട്. ബഹുജനപ്രക്ഷോഭണങ്ങളും പണിമുടക്കുകളും തൊഴിലാളി സമരങ്ങളുമായിരുന്നു ഇതിന്ന് കാരണം. ഏററവും ഒടുവിൽ കോൺഗ്രസ്സ്കാരനായി തന്നെ അടിയന്തരാവസ്ഥയെ എതിർത്തതിൻെറ പേരിലും.

1962 മുതൽ 67വരെ മഹാരാഷ്ട്ര പി സി സി സിക്രട്ടറിയായിരുന്നു. 67ൽ കോൺഗ്രസ്സ് അംഗീകരിച്ച പത്തിനപരിപാടി ധാരിയയുടെയും സുഹൃത്ത്ക്കളുടെയും വിജയമായിരുന്നു. 1969ൽ ബാംഗ്ളൂർ എ.ഐ.സി.സി യിൽ ബാങ്ക്കളുടെ ദേശസാൽക്കരണത്തിന് അനുകൂലമായി ഔദ്യോഗിക പ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ച് 179 പേരുടെ പിന്തുണ നേടിയെങ്കിലും അത് പാസ്സാക്കി എടുക്കാനുള്ള പിന്തുണ ലഭിച്ചില്ല.

സ്വന്തം അഭിപ്രായം വെട്ടിത്തുറന്ന് പറയുന്നതിലും അതിന് വേണ്ടി സ്ഥാനത്യാഗം ചെയ്യുന്നതും അദ്ദേഹത്തിൻെറ വാഴ്ത്തപ്പെടേണ്ട മഹത്വമാണ്. 1971 മുതൻ 75 വരെ ഇന്ദിരാഗാന്ധിയുടെ മന്ത്രിസഭയിലും, 77 മുതൽ 79 വരെ മൊറാർജി ദേശായുടെ മന്ത്രിസഭയിലും, ചന്ദ്രശേഖർ മന്ത്രിസഭയുടെ കാലത്ത് പ്ളാനിങ്ങ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാനായ അദ്ദേഹം മഹാരാഷ്ട്രയിലെയും പൂനയിലെയും എണ്ണിയാൽ തീരാത്ത കമ്മിററികളിൽ അംഗമായും, സ്ഥാപക പ്രസിഡണ്ട്, പ്രസിഡണ്ട്, സിക്രട്ടറി എന്ന നിലകളിൽ പ്രവർത്തിക്കുന്ന, രാഷ്ട്രീയത്തിന്ന് അതീതമായി ജനങ്ങളെ സംഘടിപ്പിച്ച് ഗ്രാമങ്ങൾ ദത്തെടുത്ത് ഒട്ടനവധി വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.

പൂനയിലെ "വനറായി" (പീപ്പിൾസ് മൂവ്മെൻറ് ഫോർ ഗ്രീൻ ഇന്ത്യ) ട്രസ്റ്റിൻെറ പ്രസിഡണ്ടായിട്ടാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നത്. ഇന്ദിരാ പ്രിയദർശിനി വൃക്ഷമിത്ര അവാർഡ്, വസന്തറാവു നായിക്ക് അവാർഡ്, ആചാര്യ നരേന്ദ്രദേവ് അവാർഡ്, പ്രിയദർശിനി അവാർഡ് എന്നീ നിരവധി ബഹുമതികൾ വാരിക്കൂട്ടിയ ധാരിയ നല്ലൊരു എഴുത്തുകാരൻ കൂടിയാണ്. Fumes and Fire, Safar and Yah Zindgi (മറാത്തി) Afforestation-in-India-എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധമാണ്.

ഇന്ത്യൻ സ്വാതന്ത്ര്യസമരസേനാനികളുടെ ഏററവും വലിയ മുഖമുദ്രയായി മാറായി നിർമ്മാണ പ്രവർത്തനത്തിൽ ഇന്നും ധാരിയ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

ക്വിററിന്ത്യാ പ്രമേയം പാസ്സായ ബോംബെ ഉൾക്കൊള്ളുന്ന മഹാരാഷ്ട്ര സംസ്ഥാനത്തിൻെറ ക്വിററിന്ത്യാ സമര സുവർണ്ണജൂബിലി ആഘോഷകമ്മിററിയുടെ സംസ്ഥാനകൺവീനർ കൂടിയാണ് ഇപ്പോൾ അദ്ദേഹം.

O

ഫോൺ: 3479

## ശ്രീകൃഷ്ണ ജ്വല്ലറി

പോസ്റ്റാഫീസിന് സമീപം, **പയ്യന്നൂർ–670 307.**

22 കേരററ് സ്വർണ്ണാഭരണങ്ങൾക്കും, വെള്ളി പാദസരങ്ങൾക്കും
പഴയ ആഭരണം പുതുക്കിപണിയുന്നതിനും
പയ്യന്നൂരിലെ ഒരു വിശ്വസ്തസ്ഥാപനം

---

സ്വർണ്ണാഭരണങ്ങൾ നിങ്ങൾക്ക് ഇഷ്ടമുള്ള മോഡലുകളിൽ
ഉത്തരവാദിത്വത്തോടുകൂടി പണിയുന്നതിനും
വെള്ളിപാദസരങ്ങൾക്കും പയ്യന്നൂരിൽ ഒരു പുതിയസ്ഥാപനം

## ലാവണ്യ ജ്വല്ലേഴ്സ്

എവറസ്ററ് ബിൽഡിംഗ്
**പയ്യന്നൂർ.**
പ്രൊ: സി. വി. ഹരിദാസൻ

---

p. p. 2774

സ്വർണ്ണം, വെള്ളി, അമേരിക്കൻ ഡയമണ്ട്സ് ആഭരണങ്ങൾക്ക്

## റൂബി ജ്വല്ലറി

മുകുന്ദാ ഹോസ്പിററലിനു് സമീപം,
മെയിൻറോഡ്,
**പയ്യന്നൂർ.**

---

കയ്യൂർ സമരസുവർണ്ണജൂബിലി ആഘോഷങ്ങൾക്ക്
ആശംസകൾ!

## പ്രകാശ് ജ്വല്ലറി ഡൈ വർക്ക്സ്

പയ്യന്നൂർ–670 307.

# ഡോ: കെ ബി. മേനോൻ

## ആഗസ്റ്റ് വിപ്[illegible]ളവത്തിൽ കേരളത്തെ നയിച്ച വീരസേനാനി

—കുഞ്ഞിമംഗലം ബാലൻ

വിദേശാധിപത്യത്തിൽ നിന്നും മാതൃഭൂമിയെ മോചിപ്പിക്കുവാനുള്ള അന്തിമ തീരുമാനത്തിന്ന് ഗാന്ധിജി ആഹ്വാനം ചെയ്തപ്പോൾ ഒരു പുതിയ ആവേശവും കർമ്മചൈതന്യവും ഉൾക്കൊണ്ടുകൊണ്ട് ഇന്ത്യൻ ജനത ഒന്നടങ്കം ഉണർന്നെഴുന്നേൽക്കുകയായിരുന്നു. 1942 ആഗസ്റ്റ് 9ന് നേരം പുലർന്നപ്പോൾ ഗാന്ധിജി ഉൾപ്പെടെയുള്ള ദേശീയനേതാക്കൾ കൽത്തുറുങ്കിലായി. സമരത്തിന്റെ ആളിപ്പടരുന്ന അഗ്നിജ്വാലകളിലേക്ക് എല്ലാം മറന്നുകൊണ്ട് എടുത്തുചാടാനുള്ള അത്യുൽക്കടമായ ആവേശം എങ്ങും അലയടിച്ചുയർന്നു. ആ സേതുഹിമാചലം ആഞ്ഞടിച്ച അജയ്യമായ വിപ്ലവകൊടുങ്കാററിൽ ഇന്ത്യയിലെ ബ്രിട്ടീഷാധിപത്യത്തിന്റെ ആധാരശിലകൾക്ക് ഇളക്കം തട്ടി. പ്രബുദ്ധമായ ക്വിററിന്ത്യാസമരകാലഘട്ടത്തിൽ കേരളത്തെ നയിച്ച ദേശീയനേതാക്കളിൽ പ്രമുഖനായിരുന്നു ഡോക്ടർ കെ. ബി. മേനോൻ. പ്രതിഭാധനരും ആദർശധീരരുമായ ദേശീയ നേതൃനിരയിലെ ക[illegible] പത്യസോഷ്യലിസത്തിന്റെ വക്താവെന്ന നിലയിലും ശ്രദ്ധേയനായിരുന്നു.

അഞ്ചടിയിലധികം പൊക്കം തോന്നിക്കുകയില്ല വെളുത്തു ശാലീനനായ കൃശഗാത്രൻ, വിശാലമായ നെററിത്തടം. തിളക്കമാർന്ന കണ്ണുകൾ. ആ കുറിയ മനുഷ്യനിൽ അവസരം വരുമ്പോൾ ജ്വാലയെടുത്തുനിൽക്കുന്നൊരു അഗ്നിപർവ്വതം ഉറങ്ങിക്കിടപ്പുണ്ടെന്ന് പ്രഥമദൃഷ്ട്യാ തോന്നുകയില്ല. ആ അഗ്നിപർവ്വതം പൊട്ടിത്തെറിക്കുന്നത് നാം കണ്ടു. ആഗസ്റ്റ് വിപ്ലവത്തിന്റെ നിർണ്ണായക കാലഘട്ടത്തിൽ.

ചെറുതുരുത്തിയിലെ പയങ്കുളത്ത് ഒരു കുലീന കുടുംബത്തിലാണ് കോതനാട്ട് ബാലകൃഷ്ണമേനോൻ ജനിച്ചത്. ഡിസ്ട്രിക്ട് മുൻസിഫായിരുന്നു അച്ഛൻ. അനിതര സാധാരണമായ ചൈതന്യസിദ്ധികൾ കൊണ്ടനുഗ്രഹീതനായ ആ ബാലന് വിശാലമായ വീക്ഷണഗതിയോടുകൂടിയ ഒരു ലോക പൗരനായി വളരാനനുകൂലമായ സാഹചര്യങ്ങൾ ലഭിച്ചു മന:സംസ്കാരം, ആർജ്ജവം, സത്യസന്ധത, നിഷ്കപടത, സർവ്വോപരി കലർപ്പററ മനുഷ്യസ്നേഹം- ബാലകൃഷ്ണമേനോനിൽ പ്രകടമായിരുന്ന ഈ സ്വഭാവസവിശേഷതകളെ വെല്ലുന്ന ദേശീയ നേതാക്കൾ വിരളമത്രേ.

കോഴിക്കോട്ടുനിന്നാണ് ഹൈസ്കൂൾ വിദ്യാഭ്യാസം നിർവ്വഹിക്കപ്പെട്ടത്. മദിരാശി ക്രിസ്ത്യൻ കേളേജിൽ വെച്ച് ബിരുദം സമ്പാദിച്ചു. നൈസാം ഗവർമ്മെണ്ടിന്റെ സ്കോളർഷിപ്പോടുകൂടി അമേരിക്കയിൽ കാലിഫോർണിയായൂണിവേർസിററിയിൽ നിന്നും ധനതത്വശാസ്ത്രത്തിൽ (ഇക്കണോമിക്സ്)ഡോക്ടറേററ് നേടി. ഏതാനും വർഷക്കാലം അമേരിക്കയിൽ ധനശാസ്ത്ര പ്രൊഫസറായി സേവനം നിർവ്വഹിക്കുകയുമുണ്ടായി.

1937 ലാണ് ഡോക്ടർ കെ. ബി. മേനോൻ ഇന്ത്യയിൽ തിരിച്ചെത്തുന്നത്. ഇന്ത്യയിലെത്തിയ ഉടൻ പണ്ഡിററ് ജവഹർലാൽനെഹറുവുമായി ഒരു കൂടികാഴ്ചയ്ക്ക് അവസരം ലഭിച്ചു. അഖിലേന്ത്യാ പൗരസ്വാതന്ത്ര്യസംഘ (പീപ്പിൾസ് ലിബർട്ടി കോൺഗ്രസ്സ്) ത്തിന്റെ ചെയർമാൻ പണ്ഡിററ്ജിയായിരുന്നു. സംഘത്തിന്റെ ആദ്യത്തെ ജനറൽ സിക്രട്ടറിയെന്ന നിലയിൽ പ്രശംസനീയമായ സേവനം കാഴ്ചവെയ്ക്കുവാൻ ഡോ: മേനോന്ന് അവസരം ലഭിച്ചു. കനത്തവെല്ലുവിളികളെയും എതിർപ്പുകളെയും അതിജീവിച്ചുകൊണ്ട് തികഞ്ഞ നിസംഗതയോടെയും സ്വകർത്തവ്യനിർവ്വഹണത്തിൽ അദ്ദേഹം വ്യാപൃതനായി.

ഗാന്ധിജിയുടെ വാർദ്ധാശ്രമത്തിൽ ധനകാര്യസിക്രട്ടറി പദവിയും ഡോ: കെ. ബി. മേനോൻ വഹിക്കുകയുണ്ടായി. വാർദ്ധയിൽ ഗാന്ധിജിയുടെ പ്രധാന അന്തേവാസികളിൽ ഒരാളെന്ന നിലയിൽ നാലുവർഷക്കാലം അദ്ദേഹം ഗാന്ധിജിയോടൊപ്പം ചെലവഴിച്ചു. ഇന്ത്യയിൽ പല കോളേജുകളിൽ നിന്നും പ്രൊഫസർ പദവി വച്ചുനീട്ടികൊണ്ടുള്ള അഭ്യർത്ഥനകൾ വന്നുകൊണ്ടിരുന്നുവെങ്കിലും ദേശീയ ബോധത്തിന്റെ സമൂർത്ത രൂപമായിരുന്ന മേനോൻ ഔദ്യോഗിക പദവികളുടെ പിറകെ പോകാൻ കൂട്ടാക്കിയില്ല.

പൊതുവെ മിതഭാഷിയായിരുന്ന ഡോ: മേനോൻ തന്റെ ജീവിതത്തെ ആഴത്തിൽ സ്പർശിച്ച ഒരു സംഭവത്തിലേക്ക് വിരൽ ചൂണ്ടുകയുണ്ടായി. ഒരു സുഹൃത്തുമായുള്ള സംഭാഷണ വേളയിൽ അമേരിക്കയിൽ തന്റെ ദേശീയത്വം അന്താരാഷ്ട്രീയത്വത്തിന്റെ (ഇൻറർ നാഷലിസം) ഒരു സൃഷ്ടിയായിരുന്നവെന്നദ്ദേഹം വ്യക്തമാക്കി. ഖാദിയുടെ മഹത്തായ സന്ദേശം തന്റെ കാതുകളിൽ പതിഞ്ഞിരുന്നില്ല. ജവഹർലാൽനെഹ്റുവുമായുണ്ടായ കൂടിക്കാഴ്ചയാണ്

തന്നെ ഖാദി പ്രേമിയാക്കിയതെന്ന് അദ്ദേഹം വെളിപ്പെടുത്തുന്നു താനെന്തുകൊണ്ട് ഖാദി ധരിക്കുന്നില്ല? നെഹ്റു വെറും ഒരു കൗതുകത്തിന്ന് ചോദിച്ചുവെന്നേയുള്ളൂ. പിറേറന്നാൾ പുലർച്ചെ ഡോ: മേനോൻ ഒരു പുതിയ മനുഷ്യനായി പ്രത്യക്ഷപ്പെട്ടു! വിദേശവസ്തുക്കൾ വലിച്ചെറിഞ്ഞു. അന്നുതൊട്ട് ജീവിതാന്ത്യം വരെ അദ്ദേഹം കലർപ്പററ ഒരു ഖാദി പ്രേമിയായിരുന്നു. ഖാദിയുടെ യഥാർത്ഥ പ്രചാരകനായി മാറുകയായിരുന്നു അദ്ദേഹം. ഗാന്ധിയൻ ആദർശങ്ങളും സിദ്ധാന്തങ്ങളും ആ ജീവിതത്തെ അടിമുടി മാററിമറിച്ചു. ഗാന്ധിജിയുടെ അക്രമരാഹിത്യ സിദ്ധാന്തവും ജീവിതശൈലിയും ആ ജീവിതത്തെ ആഴത്തിൽ സ്വാധീനിക്കുകയുണ്ടായി.

ക്വിററിന്ത്യാ പ്രക്ഷോഭത്തിൽ ഡോ: കെ. ബി. മേനോൻ അർപ്പിച്ച ത്യാഗ സുരഭിലവും ദേശാഭിമാനനിർഭരവുമായ സേവനം സ്വാതന്ത്ര്യ സമര ചരിത്രത്തിലെ തിളക്കമാർന്ന അദ്ധ്യായമത്രെ. ബോംബെയിൽ നടന്ന സർവ്വേന്ത്യാ കോൺഗ്രസ്സ് പ്രവർത്തക സമിതി (എ. ഐ. സി. സി.) സമ്മേളനത്തിൽ ഗാന്ധിജിയോടൊപ്പം ഡോ: മേനോനും പങ്കെടുക്കുകയുണ്ടായി. ദേശീയ നേതാക്കൾ ഒന്നടങ്കം കൽത്തുറുങ്കിലടക്കപ്പെടുകയും രാഷ്ട്രീയ രംഗം കാറും കോളും നിറഞ്ഞ് പ്രക്ഷുബ്ധമാവുകയും ചെയ്ത സന്നിഗ്ദ്ധ ദശാസന്ധിയിൽ നേതൃത്തിന്നായി കാത്തുനിൽക്കാതെ രാജ്യസ്നേഹികളും സ്വാതന്ത്ര്യപ്രേമികളുമായ ആബാലവൃദ്ധം ജനങ്ങൾ കത്തിയെരിയുന്ന സമരാഗ്നിയിലേക്ക് എടുത്തു ചാടുന്ന കാഴ്ചയാണ് നാം കാണുന്നത്. ഡോ: മേനോൻ പിന്നെ അധികം ആലോചിച്ചില്ല. ഏതാനും സഖാക്കളോടൊപ്പം അദ്ദേഹം കേരളത്തിലേക്ക് കുതിച്ചു. ഊണും ഉറക്കവും ഉപേക്ഷിച്ച് അഹോരാത്രം ഗ്രാമഗ്രാമാന്തരങ്ങളിലൂടെ സഞ്ചരിച്ച് സമരത്തിൻെറ സാരഥ്യം വഹിക്കുന്നതിൽ അദ്ദേഹം പ്രകടമാക്കിയ കർമ്മചൈതന്യവും ആത്മവീര്യവും ഒരുൾപ്പുളകത്തോടെയല്ലാതെ അനുസ്മരിക്കാൻ കഴിയുമോ!

1942 ആഗസ്റ്റ് മുതൽ '43 വരെയുള്ള കാലഘട്ടത്തിൽ ഫറോക്ക്, കോഴിക്കോട്, കീഴരിയൂർ എന്നീ പ്രദേശങ്ങളിൽ ഗവൺമെൻറ് മന്ദിരങ്ങളും പാലങ്ങളും തകർക്കാൻ മേനോൻ ഉൾപ്പെടെ ഇരുപത്തിയേഴപേർ ചേർന്ന് ഗൂഢാലോചന നടത്തിയെന്ന കുററം ചുമത്തി തെക്കെമലബാർ സെഷൻസ് ജഡ്ജി മുമ്പാകെ ഒരു കേസ് ചാർജ്ജ് ചെയ്യപ്പെട്ടു. കീഴരിയൂർ ബോംബ് കേസ് എന്ന പേരിൽ പ്രഖ്യാതമായി. പ്രമാദമായ ഈ കേസിൽ ക്രിസ്ത്യാനികളും മുസ്ലീംകളും ഹിന്ദുക്കളും ഒരു പോലെ ഉൾപ്പെട്ടിരുന്നു. അഭ്യസ്തവിദ്യരായ ബിരുദധാരികളും, ഭൂവുടമകളും, വ്യാപാരികളും, അനഭ്യസ്തവിദ്യരും, പാവപ്പെട്ട കർഷകത്തൊഴിലാളികളുമെല്ലാം ഇതിൽ ഉൾപ്പെടും. ഈ ഇരുപത്തിയേഴ പേർ ഇന്ത്യൻ ദേശീയ ജീവിതത്തിൻെറ യഥാർത്ഥ പ്രതിനിധികളായിരുന്നുവെന്നുപറയാം. കേസ് വിചാരണ മാസങ്ങളോളം നീണ്ടുനിന്നു, ഡോ: കെ. ബി. മേനോൻ ഉൾപ്പെടെ പന്ത്രണ്ടു പേർ വിട്ടയക്കപ്പെട്ടുവെങ്കിലും, വിമോചിതരായവരിൽ പോലീസ് ദൃഷ്ടിയിൽ നിന്ന് ഓടി രക്ഷ പ്രാപിച്ച ഒരാളൊഴികെ എല്ലാവരും വീണ്ടും അറസ്ററ് ചെയ്യപ്പെട്ടു.

1945 ജനുവരി ആദ്യവാരം മദിരാശി ഹൈക്കോടതിയിൽ ഡോ: മേനോന്റെയും മററു നാലു പേരുടേയും വിമോചനത്തിനെതിരായി സമർപ്പിയ്ക്കപ്പെട്ട അപ്പീൽ ജസ്റ്റീസ് ബെയേർസ് വിധി പ്രസ്താവിച്ചു. മേനോനെയും മററു മൂന്നു പേരെയും പത്തുവർഷത്തെ കഠിനതടവിനു ശിക്ഷിച്ചു. അഞ്ചാമത്തെയാൾ. ഏഴു കൊല്ലത്തെ കഠിനതടവാണ് വിധിച്ചത്. കോഴിക്കോട് സബ് ജയിലിൽ, വെല്ലൂർ, ആലിപ്പൂർ ജയിലുകളിലായാണ് ഡോ: മേനോനെ തടങ്കലിൽ വച്ചത്. ജയിലനുഭവങ്ങളെപ്പററി ശ്രീ. വി. എ. കേശവൻ നായർ ഡോ: കെ. ജി. മേനോന്റെ ഒരു തൂലികാചിത്രത്തിൽ സവിസ്തരം ഉപപാദിക്കുന്നുണ്ട്. (മാതൃഭൂമി ആഴ്ചപ്പതിപ്പ് 1947 മാർച്ച് 16 കാണുക.)

1946 ൽ ഡോ: മേനോൻ സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നു. പാർട്ടിയുടെ നാഷണൽ എക്സിക്യൂട്ടീവ് അംഗവും പിന്നീട് പി. എസ്. പി. നാഷണൽ എക്സിക്യൂട്ടീവ് അംഗവുമായിരുന്നു. മദിരാശി നിയമസഭയിലേക്കും വടകര പാർലമെന്റ് നിയോജകമണ്ഡലത്തിൽ നിന്നു ലോകസഭയിലേക്കും അദ്ദേഹം തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

ഐതിഹാസികമായ ക്വിററിന്ത്യാസമരത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കപ്പെടുമ്പോൾ കേരളത്തിൽ സമരത്തിന്ന് ധീരോദാത്തമായ നേതൃത്വം നൽകിയ കർമ്മധീരനായ ആ പടയാളിയുടെ വിപ്ലവ സ്മരണകൾക്കു മുമ്പിൽ നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം,

○




# ത്യാഗം... ജീവത്യാഗം...

സ്വാതന്ത്ര്യത്തിന്റെ ബലിവേദിയിൽ സ്വജീവിതമർപ്പിച്ച നിരവധി ദേശാഭിമാനികളുടെ കഥകൾ കൊണ്ടുനിറം പിടിച്ചതാണ് നമ്മുടെ സ്വാതന്ത്ര്യസമരചരിത്രം. നമുക്കിന്നു ഇഷ്ടംപോലെ ജീവിക്കാൻ അവർ വീരമൃത്യു വരിച്ചു. നമ്മുടെ 'സ്വാതന്ത്ര്യത്തിനു'വേണ്ടി അവർ നൽകിയ വില കനത്തതായിരുന്നു. നിരവധിപേർ സർവ്വസ്വവും നഷ്ടപ്പെടുത്തി, നിത്യരോഗികളായി, നിരാധാരരായി...

വിദേശാധിപത്യത്തിന്റെ മർദ്ദന മുറകൾ ഞെട്ടിപ്പിക്കുന്നവയായിരുന്നു. അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ അസംഖ്യം സമര ഭടന്മാർ അനുഭവിച്ച വേദന വാക്കുകളിലൊതുങ്ങില്ല. അവരുടെ ചോരപ്പാടുകളുടെ ചൂര് ഈ മണ്ണിൽനിന്നു ഇന്നും മാഞ്ഞിട്ടില്ല. ഈ തലമുറക്കു ഭാവന ചെയ്യാൻ പോലും പററാത്ത ആത്മത്യാഗത്തിന്റെ മുമ്പിൽ തലകുനിക്കാനേ നമുക്കു കഴിയൂ.

ക്വിററിന്ത്യാസമരത്തിനെതിരെ അന്നത്തെ പോലീസും പട്ടാളവും നടത്തിയ പ്രാകൃതവും നിഷ്ഠൂരവുമായ ശിക്ഷകളെക്കുറിച്ച് പൂർണ്ണമായി നമുക്കറിയാൻ കഴിഞ്ഞിട്ടില്ല.

വിപ്ളവകാരികളെ തലകീഴായി കെട്ടിത്തൂക്കി അടിയിൽ നിന്നും മുളകുപുരട്ടുക, മൂത്രക്കുഴലിൽ മുളകരച്ചുതേക്കുക, ഈർക്കിൽ കൂർപ്പിച്ചു കയററുക. നഖങ്ങൾക്കിടയിൽ മൊട്ടുസൂചി തറക്കുക. കരിങ്കൽത്തറയിലും ഐസ്കട്ടയിലും നഗ്നരാക്കി കിടത്തുക, തുടങ്ങിയ നിരവധി സംഭവങ്ങൾ ജയിലിനുള്ളിൽ നടന്നു. സാധാരണ സമരഭടന്മാരെ മാത്രമല്ല, നേതാക്കളെയും. ജയിൽ ചാടി ഒളിപ്രവർത്തനങ്ങളിൽ പിടിക്കപ്പെട്ട ശ്രീ ജയപ്രകാശ്നാരായണനുനൽകിയ ശിക്ഷ കടുത്തതായിരുന്നു പൂർണ്ണനഗ്നനാക്കി 2 ദിവസം മുഴുവൻ ഐസ്കട്ടയിൽ കിടത്തി ഭേദ്യംചെയ്തു. ഇതാ നേതാജി സുഭാഷ്ചന്ദ്രബോസിൻെറ മരുമകൻ ദ്വിജേന്ദ്രനാഥബോസിനു വെള്ളക്കാരൻ പോലീസുദ്ദ്യോഗസ്ഥനിൽ നിന്നുണ്ടായ ക്രൂരമായ അനുഭവം;—

“എന്നെ അദ്ദേഹം ചോദ്യംചെയ്യാനെന്നും പറഞ്ഞു മുറിക്കുള്ളിലേക്കുകൊണ്ടു പോയി. സംഗതികൾ തുറന്നു പറഞ്ഞില്ലെങ്കിൽ വെടിവെച്ചു കൊല്ലുമെന്ന ഭീഷണിയോടെ, മേശപ്പുറത്ത് നിറച്ചുവെച്ച കൈത്തോക്കു ചൂണ്ടിയാണ് സായ്പ് പറഞ്ഞത്. എനിക്കൊന്നും പറയാനില്ലെന്നു ഞാൻ മറുപടിപറഞ്ഞു. അപ്പോൾ അയാൾ ബൂട്ട്സിട്ട കാൽകൊണ്ട് എന്നെ ചവുട്ടി; ഞാൻ വീണു. പിന്നീടയാൾ എന്നെ സെല്ലിലേക്കുകൊണ്ടുപോയി. അവിടെ എനിക്കു കിടക്കാനുള്ള സ്ഥലം മാത്രം ബാക്കിയാക്കി ചുററും കത്തുന്ന കൽക്കരി പരത്തി വെച്ചിരിക്കുകയായിരുന്നു. ജ്വലിക്കുന്ന ആ ഹോമകുണ്ഡത്തിന്നിടയിൽ രാത്രി മുഴുവൻ ഞാൻ കഴിച്ചു കൂട്ടി. പുലരുമ്പോഴേക്കും ഞാൻ പാതിവെന്ത ശവമായി. ഏതു നിമിഷവും കരൾ വെന്തു ഞാൻ മരിക്കുമെന്നായി. മറെറാരിക്കൽ ജയിൽ സൂപ്രണ്ട് അററം കൂർപ്പിച്ച ഒരു മുളച്ചീന്തുമായി വന്നു. എൻെറ വസ്ത്രം അഴിച്ചു മാററി. ആ മുളച്ചീന്തു എൻെറ മൂത്രനാളത്തിന്നകത്തേക്കു കയററാനുള്ളതായിരുന്നു..”

ഡോക്ടർ ലോഹ്യായുടെ അനുഭവം: തൻെറ ജയിലനുഭവങ്ങളെക്കുറിച്ച് ഹരോൾഡ്ലാസ്ക്കിക്കു ഡോക്ടർ ലോഹ്യ അയച്ച കത്തിൽ ഇങ്ങനെ എഴുതി :—

"നേരിയ തോതിലാണ് അവർ ആദ്യമാദ്യം തുടങ്ങിയത്. തടവുമുറിയിൽ ഇരിക്കപ്പൊറുതി തരുമായിരുന്നില്ല. സുപ്രണ്ട് വിളിക്കുന്നു എന്നുപറഞ്ഞു കൂടക്കൂടെ മുറിയിൽ നിന്നും കൊണ്ടുപോകും. എന്നാൽ അദ്ദേഹം വിളിച്ചിരിക്കില്ല. വിളിച്ചിരുന്നെങ്കിൽ തന്നെ 'വെറുതെ കാണാൻ' എന്നു മറുപടിപറയും, പോയ്ക്കൊള്ളാൻ പറയും. അവരെന്നെ ഉറങ്ങാൻ സമ്മതിച്ചില്ല. എൻെറ കാലുകളിൽ ചങ്ങലയുണ്ടായിരുന്നു. ആ ചങ്ങല ഇടക്കിടെ പിടിച്ചു വലിക്കുകയോ കുലുക്കി ഒച്ചയുണ്ടാക്കുകയോ ചെയ്യും. ഉറങ്ങുന്നെങ്കിൽ ഉണർത്താനായിരുന്നു അത്, ചിലദിവസങ്ങളിൽ കുത്തനെ നിർത്തും. നെടുനീളത്തിൽ തൂണുപോലെ. ആദ്യം ഒരു പകലോ രാത്രിയോമാത്രം. പിന്നെ തുടർച്ചയായ രാത്രികളിലും പകലുകളിലും പതിവായി. പത്തുദിനരാത്രങ്ങളിൽ ഉറക്കമെന്ന പേരിൽ ഒരിക്കലെങ്കിലും കൺപോളയടക്കാൻ കഴിയാതിരിക്കുക... അനുഭവിച്ചവനു മാത്രമേ അതിൻെറ കാര്യം മനസിലാകൂ. ഉറങ്ങായ്മ എന്നിൽ പലമാററവും വരുത്തി. കായികമായും മാനസികമായും തളർന്നു ജീവച്ഛവം പോലെയായി. ഒന്നും തിരിച്ചറിയാൻ വയ്യാതായി. തലച്ചോറിനു മന്ദത അനുഭവപ്പെട്ടു. ഓർമ്മ നേരെയല്ല. മൂക്കിനുള്ളിൻ രക്തം കട്ട പിടിച്ചു. ശ്വസിക്കാൻ പ്രയാസമായി. തൊണ്ടക്കകത്തും രക്തക്കുഴലുകൾ പൊട്ടി. ഉമിനീരിനു പകരം ചോര! തൊണ്ടയിലും കവിളിലും നാക്കിലും രക്തം പാടപോലെ......"

ഇങ്ങിനെ എത്രയെത്ര!

— വി. സി. എസ് —

ഉത്തരവാദിത്വമുള്ള 22ct സ്വർണ്ണാഭരണങ്ങൾക്ക്

ॐ

## പള്ളിത്തറ ജ്വല്ലേഴ്സ്
(A/c.)

തളിപ്പറമ്പ് & പയ്യന്നൂർ.

Ph: 2834 Ph: 3049

---

കയ്യൂർ ശതാബ്ദി സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക്

ആശംസകൾ......!

## ഭവ്യ സ്റ്റുഡിയോ

മെയിൻറോഡ്, പയ്യന്നൂർ-670 307.

ഫോൺ നമ്പർ: 2536

അന്നത്തെ സംഭവങ്ങൾക്ക സാക്ഷി നിന്ന ലേഖകൻെറ ഈ ദൃക്സാക്ഷി വിവരണം ഈയവസരത്തിൽ പ്രസക്തമാണ്.

# രാജനീതിക്കും മേഘഗർജ്ജനത്തിനും...

നാടിൻെറ നാനാഭാഗത്തും ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ കോൺഗ്രസ്സ് നേതൃത്വത്തിൽ നടന്ന വലുതും ചെറുതുമായ നിരവധി പോരാട്ടങ്ങളുടെ ആകെത്തുകയാണ് 1942ലെ ക്വിററിന്ത്യാ സമരവും തുടർന്നുള്ള സ്വാതന്ത്ര്യസമ്പാദനവും. കോൺഗ്രസ്സിൻെറ മുൻകാല സമര രീതികളിൽ നിന്ന് വ്യത്യസ്തമായി ക്വിററിന്ത്യാസമരം അക്ഷരാർത്ഥത്തിൽ ജനകീയ സമരമായിരുന്നു. രാജ്യത്തിൻെറ നാനാഭാഗത്തും ഉണ്ടായിരുന്ന കോൺഗ്രസ്സ് സോഷ്യലിസ്റ്റ്കളുടെ മുൻകൈയോടെ നടന്ന ഈ സമരത്തിന് നേതൃത്വം വഹിച്ചത് അതാത് പ്രദേശങ്ങളിലെ പൗരബോധമുള്ള ചെറുപ്പക്കാരായിരുന്നു.

ക്വിററിന്ത്യാ സമരചരിത്രത്തിൽ അന്നൂർ, പയ്യന്നൂർ പ്രദേശങ്ങളിലെ ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങളുടെ കഥകൾ അനുസ്മരണീയങ്ങളാണ്. ടി. സി. വി. കുഞ്ഞിരാമപ്പൊതുവാൾ, സി. പി. കമ്മാരപ്പൊതുവാൾ, എ. കെ. കൃഷ്ണൻ മാസ്റ്റർ, കെ. പി. കുഞ്ഞിരാമപ്പൊതുവാൾ തുടങ്ങിയവരായിരുന്നു അന്ന് അന്നൂരിലും പരിസ

രങ്ങളിലും സമരത്തിന് നേതൃത്വം നൽകിയിരുന്നത്. ബ്രിട്ടീഷ് പോലീസിനെ തുടർച്ചയായി കബളിപ്പിച്ചുകൊണ്ട് നാടിന്റെ മുക്കിലും മൂലയിലും പൊതുയോഗങ്ങൾ നടത്തുക എന്നതായിരുന്നു അന്നൂരിൽ നടന്ന സമരങ്ങളുടെ പൊതുരീതി. 1942 ഒക്ടോബർ 27 അന്നൂരിന്റെ അന്തരീക്ഷത്തിൽ ബ്രിട്ടീഷ് വിരുദ്ധ മുദ്രാവാക്യങ്ങൾ തുടർച്ചയായി മുഴങ്ങികേട്ട ദിവസമായിരുന്നു. കോൺഗ്രസ്സ് പ്രവർത്തകർ അന്നേദിവസം നാലുമണിക്ക് നിരോധനാജ്ഞ ലംഘിച്ചുകൊണ്ട് അന്നൂരമ്പലത്തിന് സമീപം പൊതുയോഗം പ്രഖ്യാപിച്ചിരുന്നു. പോലീസ് സംഘം കോൺഗ്രസ്സ് പ്രവർത്തകരെ പിൻതുടർന്ന് അന്നൂരമ്പലം വഴി കാരയിലേക്ക് നീങ്ങി. എന്നാൽ കാരയിൽ ജ്യോതിസ്സദനത്തിനു സമീപമെത്തി അന്വേഷിച്ച് കോൺഗ്രസ്സ് പിരിഞ്ഞുപോയതായി അറിഞ്ഞു. ഉടൻ തന്നെ വെള്ളച്ചാൽ വയലിൽ നിന്ന് മുദ്രാവാക്യം വിളി തുടർന്നു. അവിടെ പോലീസ് എത്തിയപ്പോഴേക്കും സ്വാതന്ത്ര്യഭടന്മാർ കനിയൻകുളം വയൽ വഴി പടിഞ്ഞാറെക്കരയിലെത്തി മുദ്രാവാക്യം വിളി തുടങ്ങിക്കഴിഞ്ഞിരുന്നു. പിന്നാലെ ഓടി എത്തിയ പോലീസുകാർ ആരെയും കാണാതെ നിരാശരായി തിരിച്ചുപോകുന്നതിന്, പയ്യന്നൂർ പോസ്റ്റാഫീസ്-അന്നൂരമ്പലം റോഡിൽ ചുവാട്ടപാലക്ക് സമീപം നിൽക്കെ വെള്ളാരങ്കര കാവിൽ നിന്ന് മുദ്രാവാക്യം വിളി മുഴങ്ങി.

തുലാം 11ന് വെള്ളാരങ്കര ഉത്സവ ദിവസമാണ്. തെയ്യം കാണുന്നതിന് സ്ത്രീകളും കുട്ടികളുമടക്കമുള്ള ഒരു ചെറിയ ജനക്കൂട്ടം ക്ഷേത്രത്തിലുണ്ടായിരുന്നു. ക്ഷേത്രത്തിന്റെ തെക്ക്-പടിഞ്ഞാറ് ഭാഗത്തുണ്ടായിരുന്ന ഒരു ചെമ്പകത്തിന്റെ മുകളിൽ കയറി നിന്ന് ഒരാൾ ഉച്ചത്തിൽ മുദ്രാവാക്യം വിളി ആരംഭിച്ചു.

"ഭാരത് മാതാ കീ—ജയ്"
"മഹാത്മാഗാന്ധി കീ—ജയ്"
"ബ്രിട്ടൺ ഇന്ത്യ വിടുക"

ഉത്സവം കാണാനെത്തിയവരിൽ ഭൂരിഭാഗവും ചെമ്പകത്തിന് താഴെ ഒത്തുചേർന്ന് മുദ്രാവാക്യം ഏററു വിളിച്ചു. പോലീസ് എത്തുമ്പോഴേക്കും ഒരു ഭാഗത്ത് മുദ്രാവാക്യം വിളി അവസാനിക്കുകയും മറുഭാഗത്ത് തെയ്യം വെള്ളിപീഠത്തിനും തിരുവായുധത്തിനും അരിയെറിയുക എന്ന ചടങ്ങ് ആരംഭിക്കുകയും ചെയ്തിരുന്നു.

പോലീസ് എത്തിയ ഉടനെ കണ്ണിൽക്കണ്ടവരെയെല്ലാം നിർദ്ദാക്ഷിണ്യം ലാത്തിചാർജ് ചെയ്തു തുടങ്ങി. ജനങ്ങൾ നാലുപാടും ഓടി തെയ്യക്കാരനു് താളം നൽകിക്കൊണ്ടിരുന്ന ചെണ്ടക്കാരനെക്കൂടി അടിച്ചപ്പോൾ തെയ്യം "കലിയുഗവൈഭവമാണ്. രാജനീതിക്കും മേഘഗർജ്ജനത്തിനും തട്ടത്താൽ തടയില്ല പൈതങ്ങളെ......" എന്നു പറഞ്ഞ് മുടിഊരി പീഠത്തിൽ വെച്ച് ഓടി രക്ഷപ്പെട്ടു. ക്ഷേത്രത്തിന്റെ തെക്കുകിഴക്കേ മൂലയിൽ തെയ്യം കാണുകയായിരുന്ന ഒരാൾ പോലീസിന്റെ അടികൊണ്ടപ്പോൾ തന്റെ പണിമുണ്ട് കാണിച്ചു കൊടുത്ത് 'ഞാനെന്ത് കോൺഗ്രസ്സ്കണ്ടു, എന്റെ മുണ്ട് നോക്ക്' എന്ന് വിളിച്ചുപറയുന്നുണ്ടായിരുന്നു.

ഓടി രക്ഷപ്പെടാൻ കഴിയുന്നവർ രക്ഷപ്പെടുകയും, കുട്ടികളും, വൃദ്ധരും ലാത്തിയടി ഏൽക്കുകയും ചെയ്തു. എന്നാൽ സി. പി. കമ്മാരപ്പൊതുവാൾ, എ. കെ. ഗോവിന്ദൻ എന്നിവർ പോലീസിന്റെ മുമ്പിൽവെച്ച് തന്നെ "ബ്രിട്ടൺ ഇന്ത്യവിട്ട് പോകണം" എന്ന് ഉച്ചത്തിൽ വിളിച്ച് ആത്മവീര്യം വെളിപ്പെടുത്തി. പോലീസ് അവരെ രണ്ടുപേരെയും വളഞ്ഞ്വെച്ച് അടിച്ചവശരാക്കി.

നാൽപ്പതോളം പോലീസുകടെ ഏതാണ്ട് കാൽ മണിക്കൂർ നേരത്തെ താണ്ഡവത്തിന് ശേഷം പോലീസ് ഒന്നടങ്ങി. ഒടുവിൽ അമ്പതോളം കുട്ടികളെ രണ്ടു വരിയായി ക്ഷേത്രത്തിന് മുന്നിൽ തെക്കോട്ട് തിരിച്ച് നിർത്തി ഏത്തമിടീച്ചു. പോലിസ്, മുദ്രാവാക്യം മുഴക്കിയ നേതാക്കന്മാരെ കുറിച്ച് അന്വേഷിച്ചപ്പോൾ അവിടെ കൂടിയിരുന്നവർ ടി. സി. വി. കുഞ്ഞിക്കണ്ണപ്പൊതുവാളുടെയും, എ. കെ. കുഞ്ഞിരാമപ്പൊതുവാളുടെയും പേരുകൾ പറഞ്ഞു. ക്ഷേത്രമുടമയും, പയ്യന്നൂരമ്പലം സ്ഥാനീകനുമായ കുപ്പേരി അമ്പുപ്പൊതുവാൾ എസ്. ഐ. യേയും എം. എസ്. പി. ജമേദാരെയും പലതും പറഞ്ഞ് പ്രീണിപ്പിച്ചു. 'ഈ പിള്ളേർ എന്തറിഞ്ഞിട്ടാണ് മഹാനായ ബ്രിട്ടീഷ് ചക്രവർത്തിയെ കുറം പറയുന്നത്, വിവരമില്ലാത്തവർ. മഹാരാജാവിന് ജയ്, അവിടുത്തേക്കും ഇവിടുത്തേക്കും ജയ് ജയ്'. സ്വാതന്ത്ര്യ സമ്പാദനത്തിനുള്ള ജനങ്ങളുടെ ഒടുങ്ങാത്ത ഇച്ഛയെ ലാത്തികൊണ്ട് എതിർക്കാമെന്ന് വിശ്വസിച്ചവർ ജയ് വിളികേട്ട് സന്തുഷ്ടരായി മടങ്ങി.

---

എ. കെ കുഞ്ഞിരാമപ്പൊതുവാൾ, ടി. സി. വി. കുഞ്ഞിക്കണ്ണപ്പൊതുവാൾ തുടങ്ങിയവരായിരുന്നു ഈ സമരത്തിന്റെ നേതാക്കൾ.

ഇന്ന് അന്തരിലുള്ള 58 നും 65നും ഇടയിലുള്ള ആളുകൾ മിക്കവാറും അന്ന് പോലീസ് ലാത്തിയുടെ സ്വാദറിഞ്ഞവരാണ്. 50 കൊല്ലം മുമ്പു സ്വന്തം അനുഭവത്തിലുള്ള ഒരു സംഭവം ഓർമ്മയിൽ നിന്നും കുറിച്ചെടുത്തത് മാത്രമാണ് ഇത്. സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ ത്യജിച്ചവരും യാതനകൾ അനുഭവിച്ചവരുമായ അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ എല്ലാ ദേശാഭിമാനികൾക്കും പ്രണാമം അർപ്പിക്കുന്നു.

കെ. പി. കുഞ്ഞമ്പുപ്പൊതുവാൾ.

——




രാജകീയ മോടിക്ക്

പുതിയ

സൂപ്പർഹെന്ന

പരിശുദ്ധ മൈലാഞ്ചി

A Sunson PRODUCT

# ക്വിററിന്ത്യാ സമര
# സുവർണ്ണ ജൂബിലി ആഘോഷ കമ്മിററി
## പയ്യന്നൂർ.

**രക്ഷാധികാരികൾ**

1 ശ്രീ. കെ പി നൂറുദ്ദീൻ എം എൽ. എ.
2 ,, കെ ജി മല്ലർ
3 ,, വി എം കെ കെ പൊതുവാൾ
റിട്ട: എക്സിക്യൂട്ടീവ് എഞ്ചിനീയർ
4 ,, എ വി ശ്രീകണ്ഠപ്പൊതുവാൾ
5 ,, വി എം ഗോവിന്ദൻ നമ്പീശൻ
6 ,, കെ കെ പി കൃഷ്ണപ്പൊതുവാൾ
7 ,, കെ യു ജി പൊതുവാൾ
8 ,, വി പി ബാലകൃഷ്ണപ്പൊതുവാൾ
9 ,, കെ പി കുഞ്ഞിക്കണ്ണൻ
10 ,, കണ്ണോത്ത് കുഞ്ഞിരാമൻ നായർ
11 ,, എ സി സുകുമാരൻ നമ്പ്യാർ

**ചെയർമാൻ**

ശ്രീ. വി ചന്ദ്രശേഖരൻ വൈദ്യർ

**വൈസ് ചെയർമാൻമാർ**

1 ശ്രീ. അഡ്വ: കെ യു നാരായണപ്പൊതുവാൾ
2 ,, ഇ കെ പൊതുവാൾ
3 ,, ആർ കെ പൊതുവാൾ
4 ,, അത്തായി നാരായണപ്പൊതുവാൾ
5 ,, പി വി കുമാരൻ മാസ്റ്റർ

**ജനറൽ കൺവീനർ & ട്രഷറർ**

ശ്രീ. ടി കെ ചിണ്ടപ്പൊതുവാൾ

**കൺവീനർമാർ**

1 ശ്രീ. സി വി ദയാനന്ദൻ
2 ,, പി തമ്പാൻ

## എക്സിക്യൂട്ടീവ് കമ്മിററി അംഗങ്ങൾ

1 ശ്രീ. കെ കുഞ്ഞമ്പുപൊതുവാൾ
2 ,, എൻ കെ ഭാസ്കരൻ
3 ,, യു കെ കൃഷ്ണപൊതുവാൾ
4 ,, കെ പി കുഞ്ഞമ്പു പൊതുവാൾ
5 ,, കെ കെ ജയപ്രകാശ്
6 ,, പി പി മോഹനൻ നമ്പ്യാർ
7 ,, എം പി മുരളി
8 ,, എ കെ രാമകൃഷ്ണൻ
9 ,, പി ബാലൻ
10 ,, സി കെ ശേഖരൻ
11 ,, വി എം സി പൊതുവാൾ
12 ,, പി പി കൃഷ്ണൻ മാസ്റ്റർ
13 ,, കെ വി സുരേന്ദ്രൻ
14 ,, കല്ലിടിൽ രാഘവപൊതുവാൾ
15 ,, എം രാഘവൻ

## സബ് കമ്മിററികൾ

### പ്രസിദ്ധീകരണം :-

1 ശ്രീ എ. വി. ശ്രീകണ്ഠപ്പൊതുവാൾ (കൺവീനർ)
2 ,, കെ കെ പി കൃഷ്ണപ്പൊതുവാൾ
3 ,, കെ വി രാഘവപ്പൊതുവാൾ
4 ,, വി പി അപ്പുക്കുട്ടൻ മാസ്റ്റർ
5 ,, എ കെ രാമകൃഷ്ണൻ
6 ,, കെ രാഘവൻമാസ്റ്റർ

### സ്തൂപ നിർമ്മാണം

1 ശ്രീ. സി ജനാർദ്ദനൻ (ചെയർമാൻ)
2 ,, എം രാഘവൻ (കൺവീനർ)
3 ,, കെ കെ ജയപ്രകാശ്
4 ,, എൻ കെ ഭാസ്കരൻ
5 ,, കെ വി സുരേന്ദ്രൻ

### പ്രദർശനം

1 ശ്രീ പി പി മോഹനൻനമ്പ്യാർ. (കൺവീനർ)
2 ,, ഇ എ സി പൊതുവാൾ
3 ,, പി ജി അന്തർ
4 ,, പി ജനാർദ്ദനൻ

xx

കചിററിന്ത്യാ സമര

# സുവർണ്ണജൂബിലി ആഘോഷപരിപാടി

# പയ്യന്നൂരിൽ

1992 ആഗസ്റ്റ് 9 മുതൽ 15 വരെ

## പരിപാടി

9-8-92ന് ഞായറാഴ്ച : പ്രഭാതഭേരി

രാവിലെ 9-30 ന് കചിററിന്ത്യാ സമരസ്മാരക സ്തൂപത്തിൻെറ ശിലാസ്ഥാപന കർമ്മം

പോലീസ് സർക്കിൾ ഓഫീസിന് മുൻവശം

(പയ്യന്നൂർ ചേമ്പർ ഓഫ് കോമേഴ്സ് സ്പോൺസർ ചെയ്തത്.)

**ശ്രീ. പി. യം. കുഞ്ഞിരാമൻ നമ്പ്യാർ**

കചിററിന്ത്യാ സമര ചിത്രപ്രദർശനം

ഉദ്ഘാടനം : **ശ്രീ. എം. രവികാന്ത്** (കണ്ണൂർ ജില്ലാകലക്ടർ)

10 മണിക്ക് : **അനുസ്മരണ സമ്മേളനം**

മിഷ്യൻ സ്കൂളിൽ

ഉദ്ഘാടനം : **ശ്രീ. കെ. പി. നൂറുദ്ദീൻ M. L. A.**

അദ്ധ്യക്ഷൻ : **,, എ. വി. ശ്രീകണ്ഠപൊതുവാൾ**

സ്മരണികാ പ്രകാശനം :

**ശ്രീ. സി. പി. ശ്രീധരൻ**

അനുസ്മരണ പ്രസംഗം :

ശ്രീ. വി. യം. ഗോവിന്ദൻ നമ്പീശൻ

ശ്രീ. പി. രാജൻ, തിരുവനന്തപുരം

ശ്രീ. കെ. കുഞ്ഞിരാമക്കുറുപ്പ്

ക്വിററിന്ത്യാ സമര ഗാനം ആലാപനം :

**അഡ്വ : കെ. കെ. പൊതുവാൾ**

**ശ്രീ. എ. വി ശ്രീകണ്ഠപൊതുവാൾ** എഴുതിയ

## ആഗസ്ത് വിപ്ളവം - ഓട്ടൻതുള്ളൽ

കരിവെള്ളൂർ കുമാരനാശാൻെറ പുത്രൻ രത്നകുമാറിൻെറ

ശിക്ഷണത്തിൽ കുമാരി ജിഷാശ്രീകുമാർ

അവതരിപ്പിക്കുന്നു.

12—8—'92ന് ബുധനാഴ്ച വൈകുന്നേരം 5മണിക്ക്

## മഹാദേവഗ്രാമത്തിൽ-അനുസ്മരണയോഗം

അദ്ധ്യക്ഷൻ : ശ്രീ. വി. പി. അപ്പുക്കുട്ടൻ

മുഖ്യപ്രഭാഷണം : ,, കെ. പി. എ. റഹീം

13—8—'92ന് വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക്

## അന്നൂർ ശാന്തിഗ്രാമിൽ-അനുസ്മരണ യോഗം

അദ്ധ്യക്ഷൻ : ശ്രീ. കെ. കെ. പി. കൃഷ്ണപൊതുവാൾ

മുഖ്യപ്രഭാഷണം : പ്രൊഫ: മുഹമ്മദ് അഹമ്മദ്

15–8–'92 ന് ശനിയാഴ്ച രാവിലെ 10മണിക്ക്

പയ്യന്നൂർ ഗവ: ഹൈസ്കൂളിൽ

സ്വാതന്ത്ര്യസമര ഭടന്മാരെ ആദരിക്കൽ

അദ്ധ്യക്ഷൻ : **ശ്രീ. വി. ചന്ദ്രശേഖരൻ വൈദ്യർ**

(ചെയർമാൻ ആഘോഷകമ്മിററി)

മുഖ്യപ്രഭാഷണം : ,, വാണീദാസ് എളയാവൂർ

സമരഭടന്മാരുടെ സ്വാനുഭവങ്ങൾ — മുഖാമുഖം

ക്വിററിന്ത്യാസമര സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക്
ഞങ്ങളുടെ ശുഭാശംസകൾ

---

## പയ്യന്നൂർ കോ-ഓപ്പറേററീവ് സ്റേറാർസ്

**ലിമിററഡ് നമ്പർ. എഫ്. 1156**

**പയ്യന്നൂർ (കണ്ണൂർ ജില്ല)**

ഫോൺ: 2046 & 2118

---

## കോ-ഓപ്പറേററീവ് എക്സ്-റേ സെൻറർ

(അത്യാധുനിക സജ്ജീകരണങ്ങളോട്ട കൂടിയത്)

**ഗാന്ധിമൈതാനിക്കു സമീപം, പയ്യന്നൂർ.**

---

സ്റേറാറിൻെറ വിവിധ വിഭാഗങ്ങളിലേക്ക്
ഞങ്ങൾ ഏവരേയും വിനയപൂർവ്വം
സ്വാഗതം ചെയ്യുന്നു.

ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ.

ESTD 1979 ☎ 2950

# THE PAYYANUR CO-OP: TOWN BANK

**LTD., No. C. 827**

(A Class 1 Licensed Bank Under the purview of Banking Regulation Act, 1949)

**P. B. No. 13, H. O. PAYYANUR.**

1. Working capital exceeds Rs. 260 lakhs.
2. Audit classification 'A'.
3. All deposits covered by insurance (up to Rs. 30,000/-)
4. Acting as an agent bank for I D B I Loans.

A Growing Urban Bank in Kannur Dist.

Let your earnings Grow with us.

Our Branches: CHERUPUZHA Ph. 10
RAMANTHALI (Palacode) ,, 250

VARNAMUDRA, PAYYANUR.